മി. സ്പീക്കർ : ശ്രീ. എൻ. ഡി. അപ്പച്ചൻ അവതരിപ്പിച്ച ഭേദഗതിയെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നർ.....

ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടിരിക്കുന്നു.

2003-ലെ കേരള വൃക്ഷ സംരക്ഷണ (ഭേദഗതി)ബിൽ മുനികുതിയും വനവും, മത്സ്യബന്ധനവും സംബന്ധിച്ച രണ്ടാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കുന്നു.

(2) 2003-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത ബില്ലിന്റെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ) : സർ, 2003-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത ബിൽ ഞാൻ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ : ബിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ) സർ, 2003-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത ബിൽ സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച VIII-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനക്കയക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ) : സർ, ഞാൻ പ്രമേയത്തെ പിൻതാങ്ങുന്നു.

മി. സ്പീക്കർ : ഇന്നലത്തെപ്പോലെ പ്രസംഗിക്കാനൊന്നും പറ്റുകയില്ല. ഒന്നോ രണ്ടോ സെന്റൻസിൽ പറയണം.

ശ്രീ.എം. വി. ജയരാജൻ : സർ, മുന്ന് പ്രധാനപ്പെട്ട കാര്യങ്ങളാണ് ഇതിൽ പറയുന്നത്. 2003-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത ബില്ലിന്റെ അഞ്ചാം വകുപ്പിൽ വാർഷിക ബഡ്ജറ്റ് തയ്യാറാക്കുന്നതിൽ പൊതു താല്പര്യാർത്ഥം ഔദ്യോഗിക രഹസ്യസ്വഭാവം കഴിയുന്നിടത്തോളം കുറയ്ക്കണമെന്നുള്ള വ്യവസ്ഥയാണ് പറഞ്ഞിരിക്കുന്നത്. ആ വ്യവസ്ഥ നമ്മുടെ നികുതി ചുമത്തുന്നതു സംബന്ധിച്ചുള്ള ഭരണഘടനാ വ്യവസ്ഥയുടെ ലംഘനമായിട്ട് മാറാനിടയുണ്ട്. ബഡ്ജറ്റ് സീക്രസിയുടെ സ്വഭാവംതന്നെ നഷ്ടപ്പെടാനിടയാകും. അതുകൊണ്ടു തന്നെ കോൺസ്റ്റിറ്റ്യൂഷണൽ പ്രൊവിഷന് എതിരായിട്ട് മാറാൻ ഇടയുള്ളതാണ്

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

അഞ്ചാം വകുപ്പ്. ആറാം വകുപ്പിൽ പറയുന്നത് ഭരണഘടനയുടെ 149-ാം വകുപ്പ് പ്രകാരം സി&എ.ജി.യുടെ അധികാരങ്ങളും കർത്തവ്യങ്ങളും ഇതിൽ നിർവചിച്ചിട്ടുണ്ട്. സി&എ.ജി. നമ്മുടെ അധികാര പരിധിയിൽ വരുന്നതല്ല. 6(3) വകുപ്പിൽ ഈ ബില്ല് പ്രകാരം സി&എ.ജി.ക്ക് ഒരു കർത്തവ്യം കൊടുക്കുകയാണ്. അങ്ങനെ വരുമ്പോൾതന്നെ നമ്മുടെ ഭരണഘടനയുടെ 149-ാം വകുപ്പിന് എതിരായിട്ട് മാറാൻ ഇടയുണ്ട്. എട്ടാം വകുപ്പിൽ പറയുന്ന കാര്യങ്ങളാണ് ഏറ്റവും ഗൗരവമായിട്ടുള്ളത്. ആകസ്മികമായിട്ട് ഉണ്ടാകാനിടയുള്ള കാര്യങ്ങൾ മുൻകൂട്ടി ബഡ്ജറ്റിൽ പറയണമെന്നുള്ളതാണ്. അത് എങ്ങനെയാണ് പറയാൻ കഴിയുക? ഉദാഹരണത്തിന് വെള്ളപ്പൊക്കം, ഭൂകമ്പം എന്നിവ മൂലമുണ്ടാകുന്ന അധിക ചെലവ് എങ്ങനെ മുൻകൂട്ടി പറയാൻ കഴിയുക ? അതുകൊണ്ട് കമ്മി കുറയ്ക്കുക എന്നുള്ള ലക്ഷ്യം വച്ചുകൊണ്ട് നമ്മുടെ സഞ്ചിതനിധി ഉപയോഗിക്കുന്നതു സംബന്ധിച്ച് ഭരണഘടനയുടെ 202-ാ 203-ാ വകുപ്പുകളിൽ പറയുന്ന പ്രകാരം യഥാർത്ഥത്തിൽ ഉള്ള കാര്യങ്ങളുടെ നിഷേധമായിട്ടായിരിക്കും വരാൻ പോകുന്നത്. ഇത് യഥാർത്ഥത്തിൽ വന്നതിന്റെ ഉറവിടം 2002 നവംബർ മാസം 4-ാം തീയതി എ.ഡി.ബി.ക്ക് എഴുതിയിട്ടുള്ള കത്തിൽ പറഞ്ഞിട്ടുള്ള ഉള്ളടക്കത്തിൽ നിന്നാണെന്നും മനസ്സിലാക്കാം. ഫിസ്കൽ റിഫോംസ് ബിൽ നിയമസഭയിൽ കൊണ്ടുവരാൻ തയ്യാറാണെന്നു പറഞ്ഞ് എ.ഡി.ബി.-ക്ക് അയച്ച കത്താണ് യഥാർത്ഥത്തിൽ ഇതിന് കാരണമായത്. ഭരണഘടനയ്ക്കും നിയമസഭാ ചട്ടങ്ങൾക്കും എതിരായിട്ടുള്ള ഒന്നാണ് ഈ ബിൽ എന്നുള്ളതുകൊണ്ട് . . . . .

മി. സ്പീക്കർ : Bill is in order. ഹോം വർക്ക് ചെയ്യുന്ന മെമ്പർമാർക്ക് പറയാൻ അവകാശം തരണമെന്ന് പറഞ്ഞതുകൊണ്ട് തന്നതാണ്.

ശ്രീ. എം. വി. ജയരാജൻ : നമ്മുടെ നിയമസഭ ഇത്തരം ഒരു ബിൽ അംഗീകരിക്കുന്ന നിലയിലേക്ക് കാര്യങ്ങൾ പൊയ്ക്കൂടായെന്നുള്ളതാണ് എനിക്ക് ഓർമ്മിപ്പിക്കാനുള്ളത്.

ശ്രീ. എ. കെ. ബാലൻ : സർ, 2003-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. ഈ ബിൽ പരിപൂർണ്ണമായും എ.ഡി.ബി.യുടെ നിർദ്ദേശപ്രകാരമുള്ള രൂപത്തിലാണ് കൊണ്ടു വരാൻ പോകുന്നത്.

മി. സ്പീക്കർ : ബഹുമാനപ്പെട്ട എ. കെ. ബാലൻ ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനും സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുന്നതിനും രണ്ടിനും തന്നിട്ടുണ്ട്.

ശ്രീ. എ. കെ. ബാലൻ : ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്നുള്ള ഭേദഗതിയാണ് ഞാൻ കൊടുത്തിട്ടുള്ളത്, ഞാൻ ഉദ്ദേശിക്കുന്നത് അതാണ്. ഈ ബില്ലിന്റെ ഉദ്ദേശ കാരണങ്ങളുടെ വിവരണം പരിശോധിച്ചാൽ കേരളം പരിപൂർണ്ണമായും എ.ഡി.ബി.ക്കും, നെതർലാന്റ് ഗവൺമെന്റിനും കീഴടങ്ങുകയാണെന്ന് വ്യക്തമാണ്. ഈ കൊച്ചു കേരളം ബ്രസീലിന്റേയും അർജന്റീനയുടേയും അനുഭവത്തിലേക്കാണ് പോകുന്നത്.

കേരളം ഇനി നേരിടാൻ പോകുന്ന ഗുരുതരമായ ഭവിഷ്യത്തുകളുടെ ആരംഭം കുറിച്ചുകഴിഞ്ഞു. ബഹുമാനപ്പെട്ട മന്ത്രി എ.ഡി.ബി.ക്ക് ഉറപ്പു കൊടുത്തതിന്റെ അടിസ്ഥാനത്തിലാണ് ഈ നിയമ നിർമ്മാണം ഇവിടെ വരുന്നത്. കഴിഞ്ഞ നവംബർ മാസം 4-ാം തീയതി ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി കേന്ദ്ര ധനകാര്യ വകുപ്പു മന്ത്രി വഴി എ.ഡി.ബി. പ്രസിഡന്റിന് അയച്ച 24 പാരഗ്രാഫുള്ള ഒരു കത്തിൽ 14-ാമത്തെ പാരഗ്രാഫിൽ പറയുന്ന ഒരു കാര്യം, As part of the Medium Term Fiscal Reform Programme measures that enhance fiscal transparency in budget preparation and presentation and better systems of financial management for improving effectiveness are also contemplated. Government of Kerala has already drafted a State Financial responsibility legislation. This will lead to better Financial Management, increase accountability and fiscal responsibility. ഈ നിയമം വരുന്നതിനേക്കാളും മുമ്പേ, ഈ നിയമസഭയുടെ മുമ്പിൽ അവതരിപ്പിക്കുന്നതിനേക്കാളും മുമ്പേ 4-11-2002-ൽ കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രി മുഖേന എ.ഡി.ബി. പ്രസിഡന്റിനയച്ച കത്തിന്റെ ഒരു ഭാഗമാണ് ഞാനിവിടെ സൂചിപ്പിച്ചത്. അവസാനത്തെ പാരഗ്രാഫിൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പു മന്ത്രി പറയുന്നു, I would like to express here the unequivocable commitment of the Government of Kerala to the various reform initiatives that we have charted out. I therefore, request you on behalf of Government of Kerala to forward this letter to Asian Development Bank seeking the assistance of the Bank for successful implementation of the programme. ഈ രൂപത്തിൽ ഒരു നിയമനിർമ്മാണവുമായി ബന്ധപ്പെട്ടുകൊണ്ട് എ.ഡി.ബി.യുടെ പരിപൂർണ്ണമായ സമ്മതത്തോടും സഹായത്തോടുംകൂടിയാണ് ഈ നിയമം ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. ഇതിന്റെ ഭാഗമായി 2002 നവംബർ മാസം 15-ാം തീയതി കേന്ദ്ര ഗവൺമെന്റ് വേൾഡ് ബാങ്ക് പ്രസിഡന്റ് മി.ചിനോയെ അഡ്രസ്സ് ചെയ്തുകൊണ്ട് ഒരു കത്ത് അയച്ചു. അതിൽ ധനകാര്യ വകുപ്പു മന്ത്രി പറഞ്ഞത്, This is regarding the Kerala Modernising Government Programme and Fiscal Programme, Fiscal Reforms Law. I enclose a copy of the letter dated 4th November, 2002 of Mr. K. Sanakaranarayanan, Minister of Finance and Excise, Government of Kerala, expressing the unequivocable commitment of the state to implement the Kerala Modernising Government Programme and Fiscal Reforms Law. എ.ഡി.ബി.-യിൽനിന്നും ഇതിന്റെ അടിസ്ഥാനത്തിൽ നമുക്ക് പണം കിട്ടി. അതിന്റെ ആദ്യത്തെ ഗഡുവാണ് കിട്ടിയത്. ഈ പണവുമായി ബന്ധപ്പെട്ടുകൊണ്ട് സർക്കാർ നവീകരണ പരിപാടി ഇവിടെയാണ് നടപ്പിലാക്കേണ്ടത്. അതിൽ ചെയ്തത് എന്താണ് ? സർക്കാർ നവീകരണ പരിപാടിയും ഒരു വിദേശിയെ ഏല്പിച്ചു കഴിഞ്ഞു. അതാണ് കഴിഞ്ഞ ദിവസങ്ങളിലായി ഞാൻ ഉൾപ്പെടെയുള്ള ചില മെമ്പർമാർ പ്രധാനപ്പെട്ട രേഖകൾ ഇവിടെ സമർപ്പിച്ചുകൊണ്ട് പറഞ്ഞത്. 2003 ഫെബ്രുവരി മാസം 7-ാം തീയതി ബിസിനസ്സ് ഓപ്പർച്ചുണിറ്റീസ് എന്ന പേരിൽ Modernising Government and Fiscal Reforms in Kerala, Loan No.1974, വിദേശ ഏജൻസിയെ ഏല്പിച്ചു കഴിഞ്ഞു. അതിന് 3 മില്ല്യൻ യൂറോ, 15 കോടി രൂപ,

LIBRARY ARCHIVES Kerala Legislative Assembly

[അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

കേരളത്തിന്റെ നവീകരണത്തിനുവേണ്ടി, അതും വിദേശിയെ ഏറ്റുപിച്ചു കഴിഞ്ഞു. കേരളം നിരവധി നിയമനിർമ്മാണങ്ങൾക്കും നിരവധി വികസന പ്രവർത്തനങ്ങൾക്കും രൂപം കൊടുത്തതാണ്. ഇന്നേവരെ നമ്മളാരും വിദേശിയെ ഏല്പിച്ചിട്ടില്ല. സർക്കാർ നവീകരണ പരിപാടിക്ക് അന്തിമ രൂപം ആയിട്ടില്ലായെന്ന് ഗവൺമെന്റ് പറയുന്നു. എം.ജി.പി.-ക്കുവേണ്ടിയുള്ള 93 ഉദ്യമങ്ങളുടെ പശ്ചാത്തല രൂപരേഖയ്ക്ക് തത്വത്തിൽ അംഗീകാരം നൽകി. ഭരണ നവീകരണ പരിപാടി സംസ്ഥാന സർക്കാർ ആവിഷ്ക്കരിച്ച് നടത്തുന്ന പരിപാടിയാണ്. പ്രസ്തുത പരിപാടിയുടെ പശ്ചാത്തല രൂപരേഖ പൊതു ചർച്ചയ്ക്കായി അച്ചടിച്ച് വിതരണം നടത്തി. ഈ രൂപത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഡോ. തോമസ് ഐസക്കിനും ശ്രീ. കോടിയേരി ബാലകൃഷ്ണനും ശ്രീ. കെ. വി. കുഞ്ഞിരാമനും എനിക്കും വേണ്ടി നക്ഷത്ര ചിഹ്നമിട്ട ഒരു ഉത്തരം 8-7-2003-ന് നൽകി. ഭരണ നവീകരണ പരിപാടി കേരള സർക്കാർ ആവിഷ്ക്കരിച്ച് നടപ്പിലാക്കുമെന്ന് പറയുന്ന അവസരത്തിൽ ഈ നവീകരണ പരിപാടിക്ക് 15 കോടി രൂപ ചെലവിന് വിദേശിയെ ഏൽപ്പിച്ചത് എന്ത് അടിസ്ഥാനത്തിലാണ്. ആഗോള ടെന്ററിന്റെ കോപ്പി എന്റെ കയ്യിലുണ്ട്. അത് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ അറിവോടുകൂടിയാണോ, കേരള ഗവൺമെന്റിന്റെ തീരുമാനപ്രകാരമാണോ ഈ ആഗോള ടെന്റർ നൽകുന്നത് എന്നതിനെ സംബന്ധിച്ച് വ്യക്തമാക്കണം. ബഹുമാനപ്പെട്ട മന്ത്രിക്ക് ഞാൻ ഈ രേഖ കൈമാറുകയാണ്.

(രേഖ ബഹുമാനപ്പെട്ട മന്ത്രിക്ക് കൈമാറി)

ഇതു സംബന്ധിച്ച് ബഹുമാനപ്പെട്ട വകുപ്പുമന്ത്രി മറുപടി പറയണം. മന്ത്രി ഇത് ശ്രദ്ധിക്കണം. ഭരണ നവീകരണത്തിനുവേണ്ടി ഇവിടെ ഭൂപരിഷ്കരണ നിയമവും വിദ്യാഭ്യാസ നിയമവും സാക്ഷരതയും ജനകീയാസൂത്രണവുമൊക്കെ നമ്മൾ നടത്തിയതാണ്. കേരളത്തിൽ തന്നെ ഭരണ നവീകരണത്തിനുവേണ്ടി IMG (Institute of Management in Government) എന്ന് പറയുന്ന ഒരു സ്ഥാപനം ഉണ്ട്. ഇതൊക്കെയുള്ളയവസരത്തിൽ എ.ഡി.ബി.-യിൽ നിന്നും വാങ്ങിയ ഈ പണത്തിൽ 15 കോടി രൂപ ചെലവ് ചെയ്തുകൊണ്ട് കേരളത്തിന്റെ ഭരണ നവീകരണത്തിനുവേണ്ടി എന്തിനാണ് വിദേശിയെ ഏൽപ്പിച്ചത് എന്നതിനെ സംബന്ധിച്ച് വ്യക്തമായ മറുപടി ബഹുമാനപ്പെട്ട മന്ത്രി പറയണം. റവന്യൂകമ്മി കുറയ്ക്കുക, റവന്യൂ വരുമാനം കൂട്ടുക, കടത്തിന്റെ സഹായിയായ മാനേജുമെന്റിലൂടെ ധനസംബന്ധമായ സുസ്ഥിരത ഉറപ്പു വരുത്തുക, പൊതു ചെലവിന്റെ പുരോഗതി കാലാകാലങ്ങളിൽ പുനഃപരിശോധിക്കുക. വാർഷിക ബഡ്ജറ്റിനോടൊപ്പം ഓരോ വർഷവും ധനസംബന്ധമായ സ്റ്റേറ്റ്മെന്റ് നിയമസഭ മുമ്പാകെ വയ്ക്കുക, അതിന് നിയമപരമായ ഉറപ്പ് വരുത്തുക, അതാണ് ഈ നിയമത്തിന്റെ ഉദ്ദേശം എന്നാണ് പറയുന്നത്. അതോടൊപ്പം ഈ നിയമത്തിൽ ക്ലോസ് (6)-ൽ പറയുന്നു, പൊതുചെലവ് പരിശോധിക്കുന്നതിനുവേണ്ടി പൊതുചെലവ് പരിശോധനാ കമ്മിറ്റി എന്ന പേരിൽ ഒരു കമ്മിറ്റിയെ ഗവൺമെന്റിന് നിയോഗിക്കാവുന്നതാണ്. അതിന് 5 ലക്ഷം രൂപ വാർഷിക ചെലവ് ഉണ്ടാകുമെന്ന് പറയുന്നു. ആ പൈസ പോയി എന്നർത്ഥം. ഏതായാലും ഞാൻ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

അതിലേക്ക് കടക്കുന്നില്ല. ഒരു പബ്ലിക് എക്സ്പെന്റിച്ചർ കമ്മിറ്റി എന്ന നിലയിൽ watchdog..... എന്ന നിലയിലാണ് ബില്ലിൽ ഈ പബ്ലിക് എക്സ്പെന്റിച്ചർ കമ്മിറ്റിയെ സംബന്ധിച്ച് പറയുന്നത്. ഈ നിയമം കൊണ്ട് റവന്യൂ ചെലവ് കുറയ്ക്കാനും റവന്യൂ വരുമാനം കൂട്ടാനും കടം കുറച്ചുകൊണ്ടു വരാനും കഴിയുമെങ്കിൽ എന്തൊരു ചെയിഞ്ചായിരിക്കും നമ്മുടെ ഈ കേരളത്തിൽ ഉണ്ടാകുക. ഈ കേരളത്തിന്റെ റവന്യൂ കമ്മിയും ധനകമ്മിയും കടവും ഇല്ലാതാക്കുന്നതിനുവേണ്ടി ഇത്രയും നല്ല ഒരു കണ്ടുപിടുത്തം ധനകാര്യമന്ത്രിക്ക് എന്തേ വൈകിപ്പോയി എന്നാണ് എന്റെ അഭിപ്രായം. ഇൻഡ്യാ രാജ്യത്ത് മറ്റു സംസ്ഥാനങ്ങൾ ഒന്നും തന്നെ ഈ രൂപത്തിലുള്ള നിയമനിർമ്മാണത്തിന് നേതൃത്വം കൊടുത്തതായി എനിക്ക് മനസ്സിലാക്കാൻ കഴിയില്ല. 12 ഖണ്ഡങ്ങളുള്ള ഈ നിയമം നടപ്പിലാക്കണമെന്നാണോ ഗവൺമെന്റ് ഉദ്ദേശിക്കുന്നത്? എങ്കിൽ ഞാൻ പറയാം. ഈ നിയമനിർമ്മാണവുമായി ബന്ധപ്പെട്ടുകൊണ്ട് jurisprudence-നെ സംബന്ധിച്ചിടത്തോളം നിയമത്തിന്റെ സയൻസ് അറിയാവുന്ന ഒരാളും ഈ നിയമത്തിന് രൂപം കൊടുക്കില്ല. ഈ നിയമം ഫലപ്രദമായി നടപ്പിലാക്കാൻ ഉറപ്പു വരുത്തുന്നത് അതിന്റെ Penal Clause ആണ്. ഈ നിയമം നടപ്പിലാക്കുന്ന ഗവൺമെന്റിനേയോ അതിന് ചുക്കാൻ പിടിക്കുന്ന മന്ത്രിയേയോ അല്ലെങ്കിൽ ഉന്നത ഉദ്യോഗസ്ഥൻമാരേയോ ശിക്ഷിക്കാൻ ഇതിന് വല്ല വകുപ്പും ഉണ്ടോ ? 12 clause ഉള്ള നിയമം എങ്ങനെയാണ് നടപ്പിലാക്കാൻ പോകുന്നത്. penal provision ഉണ്ടായിട്ടുപോലും നിയമം നടപ്പിലാക്കാൻ കഴിയുന്നില്ല. ഇവിടെ പറയുന്നു, ധനകമ്മി കുറച്ചുകൊണ്ടു വരും. റവന്യൂ കമ്മി കുറച്ചുകൊണ്ടു വരും, പൊതുകടം കുറച്ചുകൊണ്ടു വരും. ബഡ്ജറ്റിന്റെ ഭാഗമായി അത് പ്രഖ്യാപിക്കുന്നു. അത് നടപ്പിലാക്കാത്ത ഉദ്യോഗസ്ഥൻമാരേയോ അത് നടപ്പിലാക്കാത്ത ഗവൺമെന്റിനേയോ ശിക്ഷിക്കാനോ പെറ്റി കേസ് എടുക്കാനോ 10 രൂപ ഫൈൻ അടയ്ക്കാനോ ഇതിൽ നിയമമുണ്ടോ? അതുകൊണ്ട് ഇത് നടപ്പിലാക്കാൻ വേണ്ടിയുള്ളതല്ല. അതേയവസരത്തിൽ ഇതിന് ഒരു അപകടമുണ്ട്. ഉത്തമ വിശ്വാസത്തിൽ എ.ഡി.ബി സായിപ്പൻമാർ അവരുടെ നിർദ്ദേശപ്രകാരം താഴെ തട്ടിലുള്ള ഏതെങ്കിലും ഒരു ഗവൺമെന്റ് ഉദ്യോഗസ്ഥൻ എന്തെങ്കിലും ചെയ്താൽ അവരെ ശിക്ഷിക്കാൻ ഇതിൽ വകുപ്പുണ്ട്. നല്ല വിശ്വാസത്തിന്റെ പേരിൽ ഗവൺമെന്റിന് എന്തും ചെയ്യാം. അങ്ങനെ വന്നു കഴിഞ്ഞാൽ സെക്ഷൻ 10-ൽ, good faith-ന്റെ മുകളിൽ എന്തും തീരുമാനിക്കാം. അത് ചോദ്യം ചെയ്യാൻ പാടില്ല. അതുമായി ബന്ധപ്പെട്ടുകൊണ്ട് aggrieved ആയിട്ടുള്ള ആളുകൾക്ക് കോടതിയിൽ പോകാൻ പാടില്ല എന്ന ഒരു നിയമം എഴുതി വയ്ക്കുന്നത് Natural Justice-ന് എതിരല്ലേ ? സാഭാവിക നീതിക്ക് എതിരല്ലേ ? ഈ നിയമം ഇംപ്ലിമെന്റ് ചെയ്യേണ്ട ഗവൺമെന്റ് അതിൽ നിന്നും മാറിയാൽ ഗവൺമെന്റിനെ ശിക്ഷിക്കാൻ വകുപ്പില്ല. അതേസമയത്ത് നല്ല വിശ്വാസത്തിന്റെ മുകളിലാണ് ഞങ്ങൾ ഈ തീരുമാനം എടുക്കുന്നത് എന്നു പറഞ്ഞുകൊണ്ട് താഴെത്തട്ടിലുള്ള പാവപ്പെട്ട ഏതൊരു ഉദ്യോഗസ്ഥനേയും എന്തും ചെയ്യാം. അത് കോടതിയിൽ ചോദ്യം ചെയ്യാൻ പാടില്ല എന്നു പറഞ്ഞു കഴിഞ്ഞാൽ ഈ നിയമത്തിന്റെ സ്ഥിതി എന്തായിരിക്കും ? അതുതന്നെയാണ് ഞങ്ങൾ പറഞ്ഞത്. ഈ നിയമം ഒരു പ്രത്യേക വിഭാഗത്തെ കണ്ണു വച്ചുകൊണ്ടുള്ളതാണ്. ആഗോളവൽക്കരണ സാമ്പത്തിക നയത്തിന്റെ ഭാഗമായി ഇവിടെ കൊണ്ടുവന്ന

കരിനിയമങ്ങളുടെ മറ്റൊരു രൂപമാണ് കേരള ചുമട്ടു തൊഴിലാളി നിയമം. അതു പോലെ തന്നെ ഇനി ഉണ്ടാക്കാൻ പോകുന്ന Kerala Industrial Employment Prohibition of Obstractive Activities ബില്ലും അതിന്റെ ഭാഗമാണ്. അടുത്ത കുറച്ചു ദിവസങ്ങളിൽ ജീവനക്കാർ അനുഭവിക്കാൻ പോവുകയാണ്. ബഡ്ജറ്റിന്റെ ഭാഗമായി Strategy Statement-ഉം Fiscal Policy Statement-ഉം വയ്ക്കാനാണ് എ.ഡി.ബി നിർദ്ദേശിക്കുന്നത്. തസ്തിക വെട്ടിക്കുറയ്ക്കുക, റിക്രൂട്ട്മെന്റ് നിരോധനം, ആനുകൂല്യങ്ങൾ നിഷേധിക്കൽ, പേ റിവിഷൻ ഇല്ലാതാക്കൽ, സബ്സിഡി ഇല്ലാതാക്കൽ, സോഷ്യൽ സെക്യൂരിറ്റി സ്കീം ഇല്ലാതാക്കൽ, പെൻഷൻ ആനുകൂല്യം ഇല്ലാതാക്കൽ, ഹൗസിംഗ് വോൺ ഇല്ലാതാക്കൽ, മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് ഇല്ലാതാക്കൽ ഇതെല്ലാമാണ് എ.ഡി.ബി നിർദ്ദേശിക്കുന്നത്. അപ്പോൾ സ്വാഭാവികമായും down sizing-മായി ബന്ധപ്പെട്ടുകൊണ്ട് ഏതെങ്കിലും ഉദ്യോഗസ്ഥൻ കോടതിയിൽ പോയി എന്ന് വിചാരിക്കുക. എന്റെ ഉദ്യോഗം പോയിരിക്കുന്നു എന്ന് പറഞ്ഞാൽ, അപ്പോൾ ഗവൺമെന്റിന് പറയാം ഇത് എം.ജി. പി യുടെ ഭാഗമാണ്. ഇത് ഇവിടെ പാസാക്കിയ ധനസംബന്ധമായ ബില്ലിന്റെ ഭാഗമാണ്. നല്ല വിശ്വാസത്തിൽ ഗവൺമെന്റ് ചെയ്ത കാര്യമാണ്. ഇതിന് അപ്പീൽ പോകാൻ പാടില്ല, കോടതിയിൽ പോകാൻ പാടില്ല എന്നൊക്കെ പറഞ്ഞു കഴിഞ്ഞാൽ സ്വാഭാവിക നീതിക്ക് നിരക്കുന്നതാണോ ഈ നിയമം എന്ന് സ്പീക്കർ പരിശോധിക്കണം. down sizing-ന്റെ ഭാഗമായിട്ട് 1,20,000 പോസ്റ്റ് കുറയ്ക്കാൻവേണ്ടി പ്ലാനിംഗ് ബോർഡ് നിർദ്ദേശിച്ചു കഴിഞ്ഞു. ഈ ഗവൺമെന്റ് വരുന്നതിനേക്കാൾ മുൻപ് 5,25,000 ജീവനക്കാർ 2000-2001-ൽ ഉണ്ടായിരുന്നു. 2001-2002-ൽ 4,55,350 ആയി ചുരുങ്ങി. 69,650 ജീവനക്കാർ കുറഞ്ഞു. എന്തിന്റെ ഭാഗമായിട്ട് വന്നതാണ്. ജോലി ഇല്ലാത്തതിന്റെ ഭാഗമായിട്ട് വന്നതല്ല. അവരുടെ ശമ്പളം കുറച്ചു. ഇത്തരം ബില്ലിന്റെ ഭാഗമായി കേരളത്തിന്റെ യഥാർത്ഥ ചിത്രം ഈ സഭയുടെ മുമ്പാകെ വയ്ക്കാൻ ഗവൺമെന്റിന് ബാദ്ധ്യതയുണ്ട്. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് പോയി ഈ ഗവൺമെന്റ് അധികാരത്തിൽ വന്നയവസരത്തിൽ കേരളത്തിന്റെ ധനകാര്യ ചിത്രം ജനങ്ങളുടെ മുമ്പിൽ വയ്ക്കുന്നതിനുവേണ്ടി ഐക്യ ജനാധിപത്യ മുന്നണി ഒരു ധവളപത്രം ഇറക്കി. ആ ധവളപത്രത്തിന്റെ രൂപം എന്താണ് ; രണ്ടു വർഷം കഴിഞ്ഞതിനുശേഷമുള്ള കേരളത്തിലെ ധനകാര്യ സാമ്പത്തിക സ്ഥിതിയുടെ ചിത്രം എന്താണ്. അതൊന്ന് പരിശോധിക്കണ്ടേ ? ധനകാര്യ സംബന്ധമായ ഉത്തരവാദിത്വങ്ങൾ ബില്ലിൽ അനുവർത്തിക്കേണ്ടയവസരത്തിൽ ഇന്ന് അതിന് കേരളത്തിന്റെ ധനസംബന്ധമായ യഥാർത്ഥചിത്രം കൊടുക്കാൻ ഗവൺമെന്റ് ബാദ്ധ്യതപ്പെട്ടിരിക്കുന്നു. ഗവൺമെന്റിന്റെ എല്ലാ അവകാശവാദങ്ങളും ചീട്ടുകൊട്ടാരം പോലെ തകർന്ന ഒരു സംഭവമാണ് ഈ സഭയിൽ നമ്മൾ കണ്ടത്. ആദ്യം ഗവൺമെന്റിനെ ന്യായീകരിച്ചുകൊണ്ട് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ അടക്കമുള്ള മെമ്പർമാർ പറഞ്ഞു, റവന്യൂ കമ്മി കുറഞ്ഞിരിക്കുന്നു. ധനകമ്മി കുറഞ്ഞിരിക്കുന്നു. കടം കുറഞ്ഞിരിക്കുന്നു, കേരളം മുന്നോട്ടു പോവുകയാണ് എന്ന്. അവസാനം ധനകാര്യ വകുപ്പുമന്ത്രി ഇന്നലെ ഇവിടെ പറയാൻ നിർബന്ധിക്കപ്പെട്ടു. രൂക്ഷമായ സാമ്പത്തിക തകർച്ചയിലേയ്ക്ക് കേരളം പോകുന്നു എന്ന്. റവന്യൂ കമ്മി 1,818 കോടി രൂപ എന്ന് പറയുന്നത് ശരിയല്ലയെന്നും 4,117

LIBRARY ARCHIVES Kerala Legislative Assembly

കോടി രൂപ എ.ജി പറയുന്നതാണ് ശരിയെന്നും പറഞ്ഞിരിക്കുന്നു. ഈ നിയമത്തിൽ വാസ്തവത്തിൽ രണ്ട് കണക്ക് വരുന്നുണ്ട്. എ.ജി. യുടെ കണക്കും. ഗവൺമെന്റുണ്ടാക്കുന്ന കണക്കും. ഈ കണക്ക് ഈ രൂപത്തിൽ കൊടുക്കുന്ന ഏതെങ്കിലും ഉദ്യോഗസ്ഥനെ ശിക്ഷിക്കാൻ എന്തെങ്കിലും വകുപ്പുണ്ടോ ? ഒരു നിയമം എൻഫോഴ്സ് ചെയ്തതുമായി ബന്ധപ്പെട്ടുകൊണ്ട് ഒരു ഗവൺമെന്റ് എടുക്കുന്ന തീരുമാനം ഇംപ്ലിമെന്റ് ചെയ്യാൻ എങ്ങനെയാണ് കഴിയുക ? പൊതു കടത്തിന്റെ സ്ഥിതി എന്താണ്, അൺ സ്റ്റാർഡ് ക്വസ്റ്റ്യൻ 3286, 3287 ശ്രീ. വി.ഡി. സതീശൻ മുതൽ ബഹുമാനപ്പെട്ട മേഴ്സി രവി വരെയുള്ള ഭരണകക്ഷിയിലെ 10 എം.എൽ.എ. മാർ കൊടുത്ത ചോദ്യത്തിന് ഉത്തരം 31-3-2003 വരെ വായ്പ 33,805 കോടി രൂപ. ഇടതുപക്ഷ ജനാധിപത്യ മുന്നണി പോകുന്ന അവസരത്തിൽ 25,721 കോടി രൂപ മറുപടിയിൽ പറയുന്നതാണ്. യഥാർത്ഥത്തിൽ 8000 കോടിയിലധികം രൂപയുടെ വർദ്ധനവുണ്ടായി. ജി.ഡി.പി. യുടെ 37.25 ശതമാനമാണ്. കടം എന്നുപറയുന്നത് എന്താണ് ? നമ്മൾ മനസ്സിലാക്കേണ്ടതാണ്, ഒരു വർഷം കടം എത്രയാണ്, കടത്തിന്റെ പലിശ എത്ര ? 1869 കോടി 56 ലക്ഷത്തി 65 ആയിരത്തി 478 രൂപ പലിശ കൊടുക്കണം നമ്മൾ. ഇതെങ്ങനെ വന്നു, എന്തുകൊണ്ട് ഈ രൂപത്തിലേക്ക് കേരളം രണ്ടുവർഷം കൊണ്ട് മാറിപ്പോയി. എൽ.ഡി.എഫ്. ഉണ്ടാക്കിയ ബാധ്യത വികസനപ്രവർത്തനങ്ങൾ കൊണ്ടാണെന്നു പറയാം. സോഷ്യൽ സെക്യൂരിറ്റി പെൻഷൻ സ്കീമുകൾ നടപ്പിലാക്കി, സബ്സിഡി നടപ്പിലാക്കി, ജീവനക്കാരുടെ ആനുകൂല്യങ്ങൾ കൊടുത്തു എന്നുപറയാം. കുറച്ച് കൂടി പോയിട്ടുണ്ട് എന്നുള്ള വാദം വേണമെങ്കിൽ നമുക്ക് പറയാം. പക്ഷേ ഈ ഗവൺമെന്റോ പരമാവധി ബാധ്യത ജനങ്ങളിൽ ഉണ്ടാക്കാനല്ലേ ശ്രമിച്ചിട്ടുള്ളത് ? അധിക നികുതി നാലായിരം കോടി, ഇതെല്ലാം അൺ സ്റ്റാർഡ് ക്വസ്റ്റ്യന്റേയും, സ്റ്റാർഡ് ക്വസ്റ്റ്യന്റേയും ഭാഗമായിട്ടുള്ള ഉത്തരങ്ങളാണ്. ഞാൻ ഉണ്ടാക്കിയ കണക്കല്ല. എ.ഡി.ബി. ലോൺ 601 കോടി. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൊടുത്തത് തിരിച്ചു പിടിച്ചത് 548 കോടി രൂപ. ഇപ്പോഴുള്ളതല്ല ഞാൻ പറയുന്നത്. 16-2-2003-ൽ അൺ സ്റ്റാർഡ് ക്വസ്റ്റ്യൻ ശ്രീ. സി.കെ. നാണുവേട്ടന്റെ ചോദ്യത്തിന് മറുപടിയായി പറഞ്ഞത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൊടുത്തത് തിരിച്ചുപിടിച്ചത് 548 കോടി. ജീവനക്കാർക്ക് നൽകേണ്ട തുകയിൽ വന്ന കുറവ് 200 കോടി. രണ്ടുവർഷം കൊണ്ട് കടം എൽ.ഐ.സി., നബാർഡ് 5,706 കോടി 41 ലക്ഷം. നോൺടാക്സ് റവന്യൂ 1329. 12,384.41 കോടി രൂപ അധികവിഭവം ഉണ്ടായിട്ടു പോലും എന്തേ ഈ സ്ഥിതിയിലേക്ക് എത്തി. എനിക്ക് മനസ്സിലാകാത്ത സാമ്പത്തിക ശാസ്ത്രമാണിത്. വരുമാനം കൂടുന്നു, ചെലവ് കുറയുന്നു, ബാധ്യത കൂടുന്നു, ഇതിന് മറുപടി പറയണം. ആയിരം കോടി രൂപ ക്ഷേമ പദ്ധതിയിൽ കൊടുത്തിട്ടില്ല. കർഷകത്തൊഴിലാളി പെൻഷനെ കുറിച്ച് ഇന്നും ശ്രീമതി ടീച്ചർ പറഞ്ഞല്ലോ, 112 കോടി രൂപ തൊഴിലില്ലായ്മ വേതനം, കൊടുത്തില്ല. 200 കോടി തൊഴിൽദാന പദ്ധതിക്ക് കൊടുത്തില്ല, 215 കോടി രൂപ കൃഷിക്കാർക്ക് കൊടുത്തില്ല. മൂലധനച്ചെലവിൽ 200 കോടിയുടെ കുറവ് വരുത്തി. സബ്സിഡി വെട്ടിച്ചുരുക്കി. ഇപ്പോൾ പഞ്ചായത്തുകൾക്കു കൊടുത്ത 824 കോടി രൂപ തിരിച്ച് ഇങ്ങോട്ട് പിടിച്ചു. ഇപ്പോൾ 324 കോടി രൂപ കൊടുക്കുമെന്നാണ് പറയുന്നത്. എന്നിട്ടും എന്തേ ഈ സ്ഥിതിയിലേക്ക് എത്തി ? ജനകീയാസൂത്രണവുമായി

LIBRARY ARCHIVES Kerala Legislative Assembly

ബന്ധപ്പെട്ടുകൊണ്ട് ഞങ്ങളെ പരിഹസിച്ചു. ഞങ്ങൾ കോഴി കൊടുത്തു, ആട് കൊടുത്തു, കക്കൂസ് കൊടുത്തു, ക്ഷേമ പദ്ധതികൾ കൊടുത്തു എന്നാണ് പറയുന്നത്. ഇതൊന്നും ഇപ്പോൾ ഇല്ലല്ലോ. പിന്നെ എന്തുകൊണ്ട് ഈ സാമ്പത്തിക തകർച്ചയുണ്ടായി ? യഥാർത്ഥ വസ്തുത ജനങ്ങളോട് പറയണം. അവിടെയാണ് സുതാര്യതയുടെ പ്രശ്നം വരുന്നത്. സുതാര്യത ഉറപ്പുവരുത്തണമെന്നാണ് ഈ ബില്ലിൽ പറയുന്നത്. ഈ സുതാര്യത ഈ ബില്ലിന്റെ ഭാഗമാണെങ്കിൽ ഈ. വസ്തുതയുമായി ബന്ധപ്പെട്ടുകൊണ്ട് കേരളം ഈ രണ്ടുവർഷം കൊണ്ട് നേരിട്ട സാമ്പത്തിക തകർച്ച എന്തുകൊണ്ടാണെന്ന് കേരളാ ഗവൺമെന്റ് പറയണം. ഞാൻ കുറച്ചു കാര്യങ്ങൾ കൂടി പറയുകയാണ്. ഗവൺമെന്റിനെ സഹായിക്കാൻ വേണ്ടി. ഇവിടെ കാശ് ഇല്ലാത്തതിന്റെ പ്രശ്നമില്ല, ഇവിടെ ആവശ്യംപോലെ കാശ് ഉണ്ട്. 60,000 കോടിയോളം രൂപ സഹകരണ സ്ഥാപനങ്ങളിലും നാഷണലൈസ്ഡ് ബാങ്കുകളിലും ഉണ്ട്. 25,000 കോടി രൂപ പ്രവാസികളുടെ പണം ഇവിടെയുണ്ട്. 45,000 കോടി രൂപ എൻ.ആർ.ഐ. ഡെപ്പോസിറ്റ് ഇവിടെ ഉണ്ട്. ഓരോ വർഷവും ഈ കേരളത്തിൽ ലഭ്യമാകുന്ന പണം വേണ്ടപ്പെട്ട രൂപത്തിൽ ഉപയോഗിക്കാൻ കഴിയുന്നില്ല എന്നുള്ളതാണ് യാഥാർത്ഥ്യം. ഇത്രയും സാമ്പത്തിക സ്ത്രോതസ്സുള്ള ഒരു സംസ്ഥാനം കേരളമല്ലാതെ ഇൻഡ്യാ രാജ്യത്ത് മറ്റൊരു സംസ്ഥാനവുമില്ല. ഈ സ്ത്രോതസ്സിനെ വേണ്ടപ്പെട്ട രൂപത്തിൽ നമ്മൾ ഉപയോഗിക്കുന്നില്ല. ഒരു ലക്ഷത്തി മുപ്പത്തിനായിരം കോടിയോളം രൂപ നമ്മുടെ കയ്യിൽ ഉണ്ട്, കേരളത്തിൽ ഉണ്ട്. ഈ പണത്തെ എന്തുകൊണ്ട് ഉപയോഗിക്കാൻ പറ്റുന്നില്ല. അതേ സമയത്ത് ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം പിരിക്കാൻ പറ്റാവുന്ന നികുതികൾ പിരിക്കുന്നില്ല. ഉദാഹരണത്തിന് ഞാൻ ഒന്നു രണ്ട് കാര്യങ്ങൾ പറയാം. ലോട്ടറിയുടെ കാര്യം എടുക്കുക, ഇടതുപക്ഷ ജനാധിപത്യ മുന്നണി ഭരിക്കുന്ന സമയത്ത് 26 കോടി രൂപ ലാഭം. ഈ ഗവൺമെന്റിന്റെ ആദ്യത്തെ വർഷം ഒരു കോടി രൂപ ലാഭം. തൊട്ടടുത്ത വർഷം 13 കോടി രൂപ ലാഭം. വേണമെങ്കിൽ ഇത് 100 കോടി രൂപ ലാഭത്തിലേക്ക് എത്തിക്കാൻ പറ്റുന്നതാണ്. ആ ലോട്ടറിയാണ് സ്വകാര്യവൽക്കരിക്കാൻ പോകുന്നത്. പത്തുപൈസ അവിടെനിന്നും കിട്ടില്ല. ഈ ഉള്ള സാദ്ധ്യതകൾ പോലും പോകുകയാണ്. ഇതുപോലെതന്നെ മറ്റൊരു കാര്യം മലബാർ സിമന്റ്സ്, ഞങ്ങൾ പോകുന്ന അവസരത്തിൽ 18 കോടി രൂപ ലാഭമാണ്. ഇപ്പോൾ നഷ്ടമാണ്. എന്തുകൊണ്ട് ? കെ.എസ്.എഫ്.ഇ. നോക്കൂ, 62 കോടി രൂപ ലാഭത്തിൽ പോയ ഒരു സ്ഥാപനം ഇനി ഏതെങ്കിലും പരിതസ്ഥിതിയിൽ ബ്ലൈഡ് കമ്പനികളുടെ നിർദ്ദേശത്തിന് വിധേയമായി ആ കേരളാ സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ് സ്വകാര്യവൽക്കരിക്കാൻ തീരുമാനിച്ചു കഴിഞ്ഞാൽ ഈ പണവും പോകും. ഞാൻ ചോദിക്കട്ടെ, കേരളത്തിൽ കോടിക്കണക്കിന് രൂപ നമുക്കുണ്ടാക്കാൻ കഴിയുന്നതാണ് ബിവറേജസ് കോർപ്പറേഷൻ, ആ ബിവറേജസ് കോർപ്പറേഷനിൽ നമ്മൾ ഉദ്ദേശിക്കുന്ന ആദായം ലഭിക്കുന്നുണ്ടോ? ഈ കേരളത്തിലെ ചാരായം, അനധികൃത വാറ്റ് ഒന്നു നിർത്താൻ കഴിഞ്ഞാൽ ഇന്ന് ബിവറേജസ് കോർപ്പറേഷനിൽ നിന്ന് കൊടുക്കുന്ന വിദേശ മദ്യത്തിന്റെ ഇരട്ടി വേണ്ടിവരും. ആയിരം കോടി രൂപ ആ രൂപത്തിൽ ഒരു വർഷം നമുക്ക് അധികമായി ഉണ്ടാക്കാൻ പറ്റും. മറ്റൊരു കാര്യം കൂടി, നമ്മുടെ ഗ്രാമപ്രദേശത്തെ സ്ട്രാറ്റജിയിൽ വരേണ്ട പ്രധാനപ്പെട്ട ഒരു ഭാഗമാണ്. തൊഴിലില്ലായ്മ

LIBRARY ARCHIVES Kerala Legislative Assembly

പരിഹരിക്കാൻ നമുക്ക് കഴിയണമെങ്കിൽ ഈ വിലക്കയറ്റത്തിനും തൊഴിലില്ലായ്മയ്ക്കും എതിരായി വളരെ ഫലപ്രദമായി ഉപയോഗിക്കാൻ പറ്റുന്നതാണ് കുടുംബശ്രീ പദ്ധതി. ആ കുടുംബശ്രീ പദ്ധതികൾ പതിനായിരം രൂപ സലയുള്ള പത്ത് ചിട്ടികൾ ഒരു പഞ്ചായത്തിൽ തുടങ്ങിയാൽ ആയിരം പഞ്ചായത്തിൽ നമുക്ക് പതിനായിരം ചിട്ടികൾ തുടങ്ങാൻ പറ്റും. 1200 കോടി രൂപ ഒരു വർഷം കൊണ്ട് നമുക്ക് ടേൺ ഓവർ ഉണ്ടാക്കാൻ പറ്റും. ഞാൻ ചോദിക്കുന്നത് റവന്യൂ വരുമാനവുമായി ബന്ധപ്പെട്ടുകൊണ്ടുള്ള ഈ സാദ്ധ്യതകളെ ഉപയോഗിക്കുന്നതിനു പകരം ആ സാദ്ധ്യതകൾ ഒന്നും ഉപയോഗിക്കാതെ ഈ കേരളത്തെ കടത്തിലേക്ക് നയിക്കുന്നു. കടം വാങ്ങിയതിന് പലിശ കൊടുക്കുന്നതിനു വേണ്ടി വീണ്ടും പലിശയ്ക്ക് വാങ്ങുന്നു. ഇപ്പോൾ 32,000 കോടി രൂപ വാങ്ങിയ സ്ഥാനത്ത് ഈ ഗവൺമെന്റിന്റെ അവസാനം 50,000 കോടി രൂപ കടത്തിൽ നമ്മൾ എത്തുന്നു. ഇങ്ങനെയാണ് പോകുന്നതെങ്കിൽ 5,000 കോടി രൂപ ഒരു വർഷം പലിശ കൊടുക്കേണ്ടി വരും.

മി. ഡെപ്യൂട്ടി സ്പീക്കർ : പ്ലീസ് കൺക്ലൂഡ്, പ്ലീസ് കൺക്ലൂഡ്,

ശ്രീ. എ. കെ. ബാലൻ : ഈ ഗവൺമെന്റ് അധികാരത്തിൽ വന്ന സമയത്ത് ഇടതുപക്ഷ ജനാധിപത്യമുന്നണി ഭരണത്തെ സംബന്ധിച്ചും അതിന്റെ സാമ്പത്തിക തകർച്ചയെ സംബന്ധിച്ചും ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ബഡ്ജറ്റ് പ്രസംഗത്തിൽ സൂചിപ്പിച്ച രസകരമായ ഒരു വാചകം മാത്രം സൂചിപ്പിച്ചുകൊണ്ട് ഞാൻ എന്റെ പ്രസംഗം അവസാനിപ്പിക്കുകയാണ്. "ഈ സാമ്പത്തിക സ്തംഭനാവസ്ഥയിലേക്ക് നയിച്ച കാരണങ്ങൾ നമ്മൾ മിക്കവർക്കും ഇതിനകം പരിചിതമായി കഴിഞ്ഞു. മുന്നറിയിപ്പുകൾ കാറ്റിൽ പറത്തി ലക്കും ലഗാനുമില്ലാതെ മദിച്ച് ഉല്ലസിച്ച് ചെലവിട്ട ഒരു സർക്കാരിന്റെ സ്വാഭാവിക പരിണാമമാണ് ദൗർഭാഗ്യവശാൽ കാണാൻ കഴിഞ്ഞത്." ഞങ്ങൾ മദിച്ച് ഉല്ലസിച്ച് ചെലവിട്ട് കേരളത്തെ ഇങ്ങനെയാക്കി എങ്കിൽ അതിനെക്കാൾ എത്ര വലിയ മദിച്ചുല്ലസിക്കലാണ് ഈ രണ്ടു വർഷം കൊണ്ട് ഇവിടെ നടത്തിയിട്ടുള്ളത്. മറുപടി പറയണം. ഒരു കാര്യം കൂടി സൂചിപ്പിച്ചുകൊണ്ട് ഞാൻ പ്രസംഗം അവസാനിപ്പിക്കാം. ബഡ്ജറ്റ് നമ്മൾ അവതരിപ്പിക്കുന്നത് എപ്പോഴാ ? മാർച്ചിൽ ഒരു വോട്ട് ഓൺ അക്കൗണ്ട്, ജൂലൈ മാസത്തിൽ ഒരു ഫുൾ അക്കൗണ്ട്. അതിനുശേഷം പൈസ നമ്മൾ എപ്പോഴാ കൊടുക്കുന്നത് ? തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഒക്ടോബറിൽ പദ്ധതി ആവിഷ്ക്കരിക്കുന്നു. നവംബറിൽ ഡി.പി.സി. കൂടുന്നു. ഡി.പി.സി. കൂടിയതിനുശേഷം ജനുവരി മാസത്തിലാണ് സ്റ്റേറ്റ് ലവൽ എക്സ്പെർട്ട് കമ്മിറ്റി. ഇതിൽ എന്തെങ്കിലും അപാകതകൾ ഉണ്ടെങ്കിൽ എസ്.എൽ.ഇ.സി.-ക്കു പകരം സ്റ്റേറ്റ് കോ-ഓർഡിനേഷൻ കമ്മിറ്റിക്ക് പോകണം. അപ്പോൾ ആ സാമ്പത്തിക വർഷം കഴിയും. ആ സാമ്പത്തിക വർഷം ആറിഷ്കരണവും, നടപ്പിലാക്കലും എപ്പോഴാണ് നമ്മൾ തുടങ്ങുന്നത് ? എന്നിട്ട് അവസാനം പണം കൊടുത്തിട്ട് പറയും ചെലവാക്കണം എന്ന്. എവിടെയാ ചെലവാക്കാൻ പറ്റുക ? ബഡ്ജറ്റ് അവതരണം എന്നുപറയുന്നത് സാമ്പത്തിക വർഷത്തിന്റെ ആദ്യംതന്നെ തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല എങ്കിൽ ഫിസ്ക്കൽ റെസ്പോൺസിബിലിറ്റി ബിൽ എന്നുപറഞ്ഞുകൊണ്ട് ആ

LIBRARY ARCHIVES Kerala Legislative Assembly

ബില്ലിനോടൊപ്പം വരേണ്ട പൊതു ചെലവ് പരിശോധിക്കൽ കമ്മിറ്റി, ഇതോടൊപ്പം വരേണ്ട നാല് വർഷം കൊണ്ട് റവന്യൂ കമ്മി ഇല്ലാതാകുന്ന ഫിസ്ക്കൽ സ്ട്രാറ്റജി പോളിസി സ്റ്റേറ്റ്മെന്റ്, മുൻവർഷത്തെ ധനവിനിയോഗം പരിശോധിക്കുന്ന മിഡ് ടേം ഫിസ്ക്കൽ പോളിസി സ്റ്റേറ്റ്മെന്റ് ഇവയൊക്കെത്തന്നെ ഒരു വിലയുമുണ്ടാവില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ : പ്ലീസ് കൺക്ലൂഡ്, പ്ലീസ് കൺക്ലൂഡ്,

ശ്രീ. എ. കെ. ബാലൻ : എന്റെ ഭേദഗതി അവതരിപ്പിച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

ശ്രീ. കെ. പി. രാജേന്ദ്രൻ : സർ, 2003-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 20-08-2003 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ഞാൻ ബില്ലിന്റെ ഉള്ളടക്കത്തിൽ നിന്നുകൊണ്ട് തന്നെയാണ് സംസാരിക്കുന്നത്. ശ്രീ. ബാലൻ ഇവിടെ പറഞ്ഞ കാര്യങ്ങൾ ഞാൻ ആവർത്തിക്കുന്നില്ല. ചില കാര്യങ്ങൾ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെയും ഗവൺമെന്റിന്റെയും ശ്രദ്ധയിൽ കൊണ്ടുവരുന്നു. ഇത്തരമൊരു ബിൽ പാസ്സാക്കിയാൽ ഉണ്ടാകുന്ന അപകടങ്ങളെക്കുറിച്ച് ഞങ്ങൾ ചൂണ്ടിക്കാണിക്കുന്നത് നല്ല ഉദ്ദേശത്തോടുകൂടിയാണ്. അതിന്റെ ഉദ്ദേശശുദ്ധിയെ ചോദ്യം ചെയ്യാതെ സ്വീകരിക്കണമെന്ന അഭ്യർത്ഥനയോടുകൂടിയാണ് ചില കാര്യങ്ങൾ പറയുന്നത്. ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രിയുടെ ഇതുസംബന്ധിച്ച് ഇറങ്ങിയ ലേഖനം ഞാൻ വായിച്ചു. ശ്രീ. ഹസ്സന്റെ പ്രസിദ്ധീകരണമായ ജനപഥത്തിൽ, നല്ല മനോഹരമായ ചിത്രത്തോടുകൂടി, അദ്ദേഹത്തെപോലെതന്നെ കാണാൻ മനോഹരമാണ്, ശുഭ്രവസ്ത്രധാരിയായ മന്ത്രിയുടെ നല്ല മനോഹരമായ ചിത്രത്തോടുകൂടിയാണ്. അദ്ദേഹം പറഞ്ഞിരിക്കുന്നത്, സാമ്പത്തിക നയസമീപനങ്ങൾക്ക് നിയമ പരിരക്ഷ. അതാണ് ഈബിൽ. സാമ്പത്തിക മേഖലയുടെ നിയന്ത്രണം നഷ്ടമാകാതിരിക്കാൻ സാമ്പത്തിക അച്ചടക്കത്തിലൂന്നിയ നയസമീപനങ്ങൾ കൂടിയേ തീരു. അഭിപ്രായ വ്യത്യാസങ്ങളില്ല. ഈ ലക്ഷ്യത്തോടെ സർക്കാർ രൂപം നൽകിയ ഒരു സുപ്രധാന ബില്ലാണ് The Kerala Fiscal Responsibility Bill, 2003, ഇവിടെ ചർച്ച ചെയ്യുന്നത്. ഇവിടെയൊന്നും അഭിപ്രായവ്യത്യാസമില്ല. ഇന്നലെ മന്ത്രി മറുപടി പറഞ്ഞു, ഇന്ന് കേരളാ ഗവൺമെന്റിന്റെ ധനകാര്യ മാനേജ്മെന്റ് വളരെ മെച്ചപ്പെട്ടിരിക്കുകയാണെന്ന്. എല്ലാം ശരിയായി. എൽ.ഡി.എഫ് ഗവൺമെന്റ് 5 വർഷം തകർത്ത് കളഞ്ഞത് ഞങ്ങൾ നേരെയാക്കി എന്നുപറഞ്ഞു. ഇന്ന് മലയാള മനോരമയുടെ 7-ാമത്തെ പേജിൽ വളരെ പ്രധാനപ്പെട്ട ഒരു വാർത്ത പ്രസിദ്ധീകരിച്ചിട്ടുണ്ട്. കേരളം രൂക്ഷമായ സാമ്പത്തിക പ്രതിസന്ധിയിലേയ്ക്ക്. അങ്ങ് ഇന്നലെ മറുപടി പറഞ്ഞതിന് ശേഷമാണ് ഈ വാർത്ത. ഞാൻ അതിന്റെ കണക്കുകളൊന്നും ഇവിടെ പറയുന്നില്ല. അങ്ങും ശ്രദ്ധിച്ചിട്ടുണ്ടാകും. പ്രതിസന്ധി എത്രത്തോളം മൂർച്ഛിക്കുന്നു എന്നതിന്റെ വിവരമാണ് ഓരോ ദിവസവും വന്നുകൊണ്ടിരിക്കുന്നത്. ഇന്നലെ നിങ്ങൾ ക്യാബിനറ്റിൽ പഞ്ചായത്തുകൾക്ക് ഫണ്ട് കൊടുക്കാൻ തീരുമാനിച്ചുവെന്ന് പറയുന്നു. പ്രിൻസിപ്പൽ സെക്രട്ടറി ശ്രീമതി സുധാപിള്ള G.O (P) No.381/2003, Finance, dated 9-7-2003, Trivandrum ആയി ഒപ്പ് വച്ച് ഇറക്കിയ ഓർഡർ റദ്ദ്

LIBRARY ARCHIVES Kerala Legislative Assembly

ചെയ്യാതെ നിങ്ങൾ എന്ത് കൃാബിനറ്റ് തീരുമാനമെടുത്താലും പഞ്ചായത്തുകൾക്കൊന്നും ഫണ്ട് കിട്ടാൻ പോകുന്നില്ല, ഒന്നും നടക്കാനും പോകുന്നില്ല. അത് പഞ്ചായത്ത് പ്രസിഡന്റുമാരും സംഘടനക്കാരുമൊക്കെ പറയട്ടെ. ഈ വിഷയം ഞങ്ങൾ ഇവിടെ മുൻപ് പറഞ്ഞതുകൊണ്ട് ഞാൻ ആവർത്തിക്കുന്നില്ല. ഞാൻ ഇവിടെ പറയാൻ ഉദ്ദേശിക്കുന്നത്, ഈ ബിൽ പാസ്സായാൽ, ശ്രീ. ബാലൻ സൂചിപ്പിച്ചതുപോലെ എ.ഡി.ബി വായ്പ തന്നപ്പോഴും എ.ഡി.ബി.യുടെ വായ്പയുടെ ഭാഗമായി മനിലയിൽ നമ്മുടെ ബഹുമാനപ്പെട്ട ചീഫ് സെക്രട്ടറിയും മറ്റ് മൂന്ന് സെക്രട്ടറിമാരും കൂടി പോയി ഒപ്പുവച്ച കരാറും അതിനെത്തുടർന്ന് നിങ്ങൾ ഉണ്ടാക്കിയിട്ടുള്ള ഓരോ എഗ്രിമെന്റുകളും കേന്ദ്ര ഗവൺമെന്റുമായി കഴിഞ്ഞ മേയ് മാസത്തിൽ ഉണ്ടാക്കിയ ധനസംബന്ധമായ കാര്യത്തിലുള്ള എഗ്രിമെന്റും ഇതെല്ലാം കൂടി നോക്കുമ്പോൾ ഈ സംസ്ഥാനത്തെ നിങ്ങൾ രാഷ്ട്രീയവൽക്കരിക്കുകയാണ്. ഈ നിയമസഭയുടെ അവകാശങ്ങൾ നഷ്ടപ്പെടുത്തുകയാണ്. ഈ നിയമസഭയോടുള്ള അക്കൗണ്ടബിലിറ്റിയെയാണ് നിങ്ങൾ ചോദ്യം ചെയ്യുന്നത്. ഞാൻ ഉദാഹരണസഹിതം ഇവിടെ പറയാം. ഇവിടെ ശ്രീ. ബാലൻ പറഞ്ഞതുപോലെ, നിയമസഭയിൽ നമ്മൾ ബഡ്ജറ്റ് പാസ്സാക്കുന്നു, വോട്ട് ഓൺ അക്കൗണ്ട് പാസ്സാക്കുന്നു, നാലുമാസം കഴിഞ്ഞ് നമ്മൾ ഡിറ്റെയിലായിട്ട് ഡിമാന്റ് ചർച്ച ചെയ്യുന്നു, ബഹുമാനപ്പെട്ട മന്ത്രിമാർ മറുപടി പറയുന്നു, വോട്ടിനിടുന്നു, പാസ്സാക്കുന്നു. ഇത് ഭരണഘടനാപരമായ ചില ഉത്തരവാദിത്വങ്ങളുടെ അടിസ്ഥാനത്തിൽ ചെയ്യുന്നതാണ്. സി.ആന്റ് എ.ജി കണക്കുകൾ പരിശോധിക്കുന്നു, നിയമസഭയുടെ പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി എ.ജി ഉന്നയിക്കുന്ന ഒബ്ജക്ഷൻസിനെക്കുറിച്ച് ചർച്ച ചെയ്യുന്നു. കമ്മിറ്റി നിയമസഭയിൽ റിപ്പോർട്ട് വയ്ക്കുന്നു. ഈ നടപടിക്രമമാണ് നമ്മൾ തുടർന്നുവരുന്നത്. ഈ ബിൽ പാസ്സായാൽ ധനസംബന്ധമായ മാനേജ്മെന്റിൽ റവന്യൂ കമ്മി ക്രമാനുഗതമായി ഇല്ലാതാക്കിക്കൊണ്ട് ധനസംബന്ധമായ സുസ്ഥിരതയ്ക്ക് അനുസൃതമായി കടത്തിന്റെ മാനേജ്മെന്റും കണക്കുകളും കടങ്ങളുമൊക്കെ ശരിയാക്കി ഇടപാടുകൾ കൂടുതൽ സുതാര്യമാക്കുന്ന ഈ ബിൽ പാസ്സായാൽ ഈ നിയമസഭയുടെ അധികാരമാണ് നഷ്ടപ്പെടുന്നത്. ധനകാര്യ വകുപ്പിന്റെ ചുമതല വഹിക്കുന്ന ബഹുമാനപ്പെട്ട മന്ത്രിയോടുകൂടിയാണ് ഞാനിത് പറയുന്നത്. പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ അധികാരത്തിലാണ് നിങ്ങൾ കൈവയ്ക്കുന്നത്. ഇതിലെ ഓരോ വ്യവസ്ഥകളും ഞാൻ എണ്ണി എണ്ണി പറയുന്നില്ല. ഇതിൽ പറയുന്നു, പൊതുചെലവ് പരിശോധനാ കമ്മിറ്റി VI, ഇതിൽ പറയുന്ന ഓരോ വാചകങ്ങളും നല്ലതാണ്. റവന്യൂ മിച്ചം വർദ്ധിപ്പിക്കുക, തയ്യാറാക്കൽ, പൊതുതാൽപ്പര്യം, സുതാര്യത ഉറപ്പ് വരുത്തുക, എല്ലാ വിവരവും രഹസ്യമാക്കി വയ്ക്കരുത്, ജനങ്ങൾ അറിയണം, ഇതൊക്കെ സമ്മതിക്കാം. പക്ഷെ ആറാം വകുപ്പ് പ്രകാരം പൊതുചെലവ് പുനഃപരിശോധന കമ്മിറ്റി, ആ കമ്മിറ്റിയിൽ ധനകാര്യം, സാമ്പത്തിക നിർവ്വഹണം, ആസൂത്രണം, അക്കൗണ്ടുകളും ആഡിറ്റും, നിയമം എന്നീ മേഖലകളിൽ വൈദഗ്ദ്ധ്യമുള്ള അഞ്ചിൽ കവിയാത്ത അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതാണ് എന്ന് പറഞ്ഞ് ഒരു കമ്മിറ്റി നിങ്ങൾ സജസ്റ്റ് ചെയ്തിട്ടുണ്ട്. പേരിന് പ്രതിപക്ഷനേതാവിനെ കൂടി ചേർത്തിട്ടുണ്ട്. നല്ലത് നിങ്ങളുടെ പത്താം വകുപ്പ് പ്രകാരം, ഉത്തമവിശ്വാസപൂർവ്വം

LIBRARY ARCHIVES Kerala Legislative Assembly

എടുത്ത പ്രവർത്തിക്ക് സംരക്ഷണം, ഈ ആക്റ്റിന്റെ കീഴിൽ ഏതെങ്കിലും സർക്കാർ ഉദ്യോഗസ്ഥനെ സംബന്ധിച്ച് എടുക്കുന്ന ഉത്തരവ്, സർക്കാരിന്റെ ഏതെങ്കിലും ഉദ്യോഗസ്ഥനോ കമ്മിറ്റിയിലെ ഏതെങ്കിലും അംഗത്തിനോ എതിരായി യാതൊരു വ്യവഹാരമോ പ്രോസിക്യൂഷനോ മറ്റ് നിയമ നടപടികളോ നിലനിൽക്കുന്നതല്ല. വളരെ വ്യക്തമായി ഈ അധികാരം ഈ നിയമസഭയുടെയും പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെയും നമ്മുടെ ബഡ്ജറ്റ് ഉൾപ്പെടെയുള്ളവയുമായി ബന്ധപ്പെട്ട് സഭയിലെ ചർച്ചകളുടെയും എല്ലാ അധികാരത്തിന്റെയും മേലേയ്ക്കാണ് പുതിയ രൂപത്തിലുള്ള ഈ നിയമനിർമ്മാണത്തിലൂടെ നിങ്ങൾ കൈവച്ചിട്ടുള്ളത്. നിങ്ങൾ ഒപ്പുവച്ചിട്ടുള്ള എ.ഡി.ബി കരാർ വ്യവസ്ഥയനുസരിച്ച് ഇപ്പോൾ തന്നെ എം.ജി.പി.യിലെ വ്യവസ്ഥകൾ ഓരോന്നോരോന്നായി എടുത്ത് നോക്കുക. ഇതിൽ തന്നെ ശ്രീ. എബ്രഹാം എഴുതിയ ലേഖനത്തിൽ ഭരണ നവീകരണ പരിപാടി മികവും സുതാര്യതയും ഉറപ്പിക്കുന്നുവെന്ന് അങ്ങയുടെ ലേഖനത്തിന് അനുബന്ധമായി ചേർത്തിട്ടുണ്ട്. എന്തിനാണ് ? ഈ രണ്ട് ബില്ലുകൾ ഇപ്പോൾ അവതരിപ്പിച്ചതും ഇനി അവതരിപ്പിക്കാൻ പോകുന്നതുമായ ഗ്യാരന്റിയുടെ പരിധി നിശ്ചയിക്കുന്ന ബില്ലായാലും ഈ രണ്ടും കൊണ്ട് എന്താണ് ഉദ്ദേശിക്കുന്നതെന്ന് പറയുന്നില്ല. വളരെ ജനാധിപത്യവിരുദ്ധമല്ലേ ഈ നടപടികൾ. എം.ജി.പി. എന്ന പദ്ധതി നടപ്പിലാക്കിയാൽ ഈ കേരളത്തിൽ തുടർന്നുവരുന്നതും ഈ സഭ അംഗീകരിച്ച് പാസ്സാക്കി കൊടുക്കുന്നതുമായി ബന്ധപ്പെട്ട് ഏതെങ്കിലും വകുപ്പിൽ എന്തെങ്കിലും ചെയ്യാൻ കഴിയുമോ ? എ.ഡി.ബി വ്യവസ്ഥയുടെ ഭാഗമായി വന്ന നിങ്ങളുടെ പോളിസി മാപ്പിംഗ് അനുസരിച്ച് ബഡ്ജറ്റിൽ ഫിനാൻഷ്യൽ മാനേജ്മെന്റ് മെച്ചപ്പെടുന്നതിന്റെ ഭാഗമായി നിങ്ങൾ ഒരുപാട് റെഗുലേറ്ററി മെഷേഴ്സ് നിർദ്ദേശിച്ചിട്ടുണ്ട്. Fiscal and Legislative Reforms പറയുന്നുണ്ട്. അതാണല്ലോ ഈ രണ്ട് ബില്ലും. നിങ്ങൾ സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മിഷൻ കൊണ്ടുവന്നു, എന്റർപ്രൈസസ് റിഫോംസ് കമ്മിറ്റി കൊണ്ടുവന്നു. നിങ്ങൾ പല തരത്തിലുള്ള ബിൽ ഈ സഭയിൽ പാസ്സാക്കുന്നതിന് മുൻപ് നടപ്പിലാക്കിക്കഴിഞ്ഞു. ഉത്തരവുകൾ വന്നുകഴിഞ്ഞു. അതിന്റെ പുറമെ ഇൻഫ്രാസ്ട്രക്ച്ചർ ഡവലപ്മെന്റിന്റെ ഭാഗമായി കുറേ കാര്യങ്ങൾ ചെയ്തു. ജിമ്മിന്റ ഭാഗമായിട്ടുള്ള തീരുമാനങ്ങളും ഒരുപാട് എടുത്തിട്ടുണ്ട്. ഇതുസംബന്ധിച്ച് ഒരുപാട് ജി.ഒ. ഇറക്കി. ഇവിടെ ചർച്ച ചെയ്യുന്നതിന് മുൻപ് പലതും നടപ്പിലാക്കിയില്ലേ? സി.ആന്റ്.എ.ജി റിപ്പോർട്ടിൽ പറയുന്ന ഒന്ന്, രണ്ട് കാര്യങ്ങൾ ഞാൻ മന്ത്രിയുടെ ശ്രദ്ധയിൽകൊണ്ടുവരികയാണ്. സി.ആന്റ്.എ.ജി റിപ്പോർട്ടിൽ 2001-02 ധനകാര്യ വർഷത്തേയ്ക്കുള്ള കമ്മിറ്റിയുടെ റിപ്പോർട്ടിൽ ടി കാലയളവിലെ ചെലവുകളും വരവുകളും സംബന്ധിച്ച് പ്രസ്താവിക്കപ്പെട്ടിട്ടുള്ള ചില പ്രധാനപ്പെട്ട വസ്തുതകൾ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. സർക്കാരിന്റെ റവന്യൂ വരുമാനം 2001-ലെ വളർച്ചാ നിരക്കിനെ അപേക്ഷിച്ച് 9.93 ആയിരുന്നത് കഴിഞ്ഞ 2001-02 ആയപ്പോൾ 3.7 ആയി കുറഞ്ഞു. സ്വർണ്ണ നികുതി 2001-ലെ കണക്ക് 67.23-ൽ നിന്ന് 65.41 ആയി. നികുതി വരുമാനത്തിൽ കുറഞ്ഞ ഉയർച്ചാനിരക്കാണ് സൂചിപ്പിച്ചിട്ടുള്ളത്. നികുതിയേതര റവന്യൂ ഉയർച്ച 0.19 ആയിരുന്നത് ഏറ്റവും കുറഞ്ഞ തോത് കാണിക്കുകയാണ്. അതുപോലെ കടത്തിന്റെ കണക്ക്, ഇവിടെ പറയുന്നു ഒറ്റ വർഷം കൊണ്ട് വന്നിച്ച തോതിലുള്ള വർദ്ധന ഏതാണ്ട് 3300

LIBRARY ARCHIVES Kerala Legislative Assembly

കോടി രൂപയുടെ കടത്തിന്റെ വർദ്ധന. അങ്ങനെ നിരവധി കാര്യങ്ങൾ സി.ആന്റ് എ.ജി പറഞ്ഞു. സി.ആന്റ് എ.ജി അവസാനം പറഞ്ഞു, സംസ്ഥാനത്തിന്റെ സാമ്പത്തികമായ അസന്തുലിതാവസ്ഥകളും പെരുകുമായിരുന്നു. ഇത് കൂടുകയല്ലേയുള്ളു. കാരണം ഇത് പാസ്സായാൽ സാമ്പത്തിക ധനകാര്യ സംബന്ധമായ കാര്യങ്ങൾ സഭ അറിയുമോ ? അതാണ് അക്കൗണ്ടബിലിറ്റിയെ കുറിച്ച് ചോദിച്ചത്. ബഹുമാനപ്പെട്ട കോടിയേരി ബാലകൃഷ്ണൻ ചെയർമാനായ നിയമസഭാ പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി അതിന്റെ 34-ാമതും 37-ാമതും റിപ്പോർട്ട് കഴിഞ്ഞ ആഴ്ച ഈ സഭയിൽ വച്ചു. ആ റിപ്പോർട്ടിലേയ്ക്ക് ഞാൻ അങ്ങയുടെ ശ്രദ്ധക്ഷണിക്കുകയാണ്. ഭരണഘടനാപരമായ ഉത്തരവാദിത്വം അധിക ചെലവുകൾ വന്നാൽ, ബഡ്ജറ്റ് പാസ്സാക്കിയിട്ട് അധിക ചെലവ് ചില പ്രത്യേക സന്ദർഭങ്ങളിൽ ആവശ്യം വരും. അങ്ങനെ അധിക ചെലവ് വന്നാൽ ഇവിടെ സപ്ലിമെന്ററി ഡിമാന്റ് നമ്മൾ ഇന്നലെ പാസ്സാക്കി. ആ സപ്ലിമെന്ററി ഡിമാന്റുകൾ യഥാസമയം കൊണ്ടുവരണം. സഭ അറിയണം. എ.ജി പരിശോധിക്കുന്നു, പി.എ.സി പരിശോധിക്കുന്നു, സഭയിൽ വയ്ക്കുന്നു, ധനകാര്യമന്ത്രി കൊണ്ടുവരുന്ന സപ്ലിമെന്ററി ഡിമാന്റ് സഭ പാസ്സാക്കുന്നു. ഞാൻ പി.എ.സി-യിലെ ഒരു മെമ്പർ കൂടിയാണ്. ആ കമ്മിറ്റി പരിശോധിച്ചപ്പോൾ കണ്ടെത്താൻ കഴിഞ്ഞത് ഇത് ഭരണഘടനാപരമായ ഉത്തരവാദിത്വം നിർവ്വഹിക്കുന്നതിൽ വന്ന വീഴ്ചയാണ് എന്നാണ് വെറും നിയമവ്യവസ്ഥ മാത്രമല്ല. കോൺസ്റ്റിറ്റ്യൂഷൻ പറയുന്നു. ഭരണഘടനയുടെ ആർട്ടിക്കിൾ 205 പ്രകാരം പി.എ.സി.യുടെ ശുപാർശ അനുസരിച്ച് ഇത് നിയമസഭയുടെ മുമ്പാകെ കൊണ്ടുവന്ന് റെഗുലറൈസ് ചെയ്യണം. റിപ്പോർട്ടിൽ പറയുന്നു, ഇവിടെ ഏകദേശം 2500 കോടിയോളം രൂപയുടെ അധിക ചെലവാണ് ഉണ്ടായത്. 1983-84 മുതൽ കഴിഞ്ഞ 20 വർഷമായി നിങ്ങൾ ഇത് സഭയിൽ കൊണ്ടുവന്ന് റെഗുലറൈസ് ചെയ്തിട്ടില്ല. എ.ജി.-യുടെ റിപ്പോർട്ടും ഗവൺമെന്റിന്റെ കണക്കുകളും തമ്മിൽ റീകൺസിലിയേഷൻ നടത്തിയിട്ടില്ല. ഇവിടെ ശ്രീ. കോടിയേരി ബാലകൃഷ്ണൻ ചെയർമാനായിട്ടുള്ള പി.എ.സി. സഭയിൽവച്ച റിപ്പോർട്ടുപ്രകാരംതന്നെ 1990 വർഷം തൊട്ട് 8 വർഷത്തതേയുള്ളു. 1984 തൊട്ട് വിദ്യാഭ്യാസ വകുപ്പ് എത്ര ഗുരുതരമായ വീഴ്ചയാണ് വരുത്തിയിരിക്കുന്നത്. 1984 മുതൽ ഈ നിയമസഭയിൽ കൊണ്ടുവന്ന് റീകൺസിലിയേഷൻ നടത്തുന്നതിന്റെ ഉത്തരവാദിത്വമുള്ള ഡിപ്പാർട്ടുമെന്റ് നിയമസഭയുടെ കമ്മിറ്റി മുമ്പാകെപോലും ഹാജരാകുവാൻ കൂട്ടാക്കിയിട്ടില്ല. കമ്മിറ്റിയിൽ വന്ന് കമ്മിറ്റിയുടെ മുമ്പാകെ പറയണ്ടേ ? സെക്രട്ടറിയെ വിളിച്ചാൽ വരണ്ടേ ? 1984-ലെ സെക്രട്ടറി ആരാണ് ? 1988-ലെ സെക്രട്ടറി ആരാണ് ? 1990-ലെ സെക്രട്ടറി ആരാണ് ? ആർക്ക് അറിയാം ! ഇനി വിദ്യാഭ്യാസ വകുപ്പിന്റെ കയ്യിൽ ഇതിന്റെ കണക്കുകളുണ്ടോ ? ഞാൻ ഇത് ഗൗരവമായി പറയാൻ കാരണം ഈ 2002 മാർച്ച് 31-ന് അവസാനിച്ച എ.ജി.-യുടെ സിവിൽ റിപ്പോർട്ടിൽ പറയുന്നു ; ചട്ടങ്ങൾ ലംഘിച്ചുകൊണ്ട് എയ്ഡഡ് സ്കൂളുകളിൽ മലയാളം ഭാഷാ അദ്ധ്യാപകന്മാരുടെ ക്രമരഹിതമായ നിയമനം 7.78 കോടി രൂപയുടെ ഒഴിവാക്കാമായിരുന്ന ചെലവുകൾ, അതാണ് ഒന്ന്. നിങ്ങൾ ഇവിടെ സഭയിൽ റെഗുലറൈസ് ചെയ്തോ ? റീകൺസിലിയേഷൻ നടത്തിയോ ? പൊതുവിദ്യാഭ്യാസ വകുപ്പ് ചെലവഴിച്ചത് ചട്ടങ്ങൾക്ക് വിരുദ്ധമായിട്ടല്ലേ ? കെ.എസ്.ആർ.-ന് വിരുദ്ധമായിട്ടല്ലേ ? സർക്കാർ തീരുമാനത്തിന് വിരുദ്ധമായിട്ടല്ലേ ? സഭ

LIBRARY ARCHIVES Kerala Legislative Assembly

അറിഞ്ഞോ ? രണ്ടാമത് പറയുന്നത് ക്രമമഹിതമായ സാമ്പത്തിക നടപടി ക്രമങ്ങൾ, ആദിവാസി ക്ഷേമഫണ്ടുകളിൽനിന്നും പിൻവലിക്കപ്പെട്ട 40.7 കോടി രൂപയുടെ വിനിയോഗത്തിൽ, സർക്കാർ കണക്കിന് വെളിയിൽ പണം സൂക്ഷിക്കൽ, മാർഗ്ഗരേഖകളുടെ ലംഘനം, ഫണ്ടുകളുടെ വകമാറ്റി ചെലവഴിക്കൽ എന്ന സാമ്പത്തിക ക്രമക്കേടുകൾ കാണപ്പെട്ടു പേജ് 77-ൽ ഡീറ്റെയിൽസുണ്ട്. ഞാൻ എ.ജി.-യുടെ റിപ്പോർട്ടാണ് പറയുന്നത്. 1983-84 മുതൽ ഈ സഭയിൽ കൊണ്ടു വന്നു പാസ്സാക്കേണ്ടതിന്റെ ഉത്തരവാദിത്വം ആർക്കാണ് ? ധനകാര്യ വകുപ്പിനാണ്. അത് മോണിറ്റർ ചെയ്യേണ്ട ചുമതല ആർക്കാണ് ? ധനകാര്യ വകുപ്പിനാണ്. വിവിധ ഡിപ്പാർട്ടുമെന്റുകൾ റികൺസിലിയേഷൻ നടത്തുന്നതില്ലെങ്കിൽ അത് നടത്തിക്കേണ്ട ചുമതല ആർക്കാണ്. ധനകാര്യ വകുപ്പിനാണ്. ഈ ചുമതല വഹിക്കേണ്ടത് ധനകാര്യ വകുപ്പല്ലേ ? ഈ 2500 കോടി രൂപയിൽ 1800 കോടി രൂപയും ഫിനാൻസും ടാക്സും ഡിപ്പാർട്ടുമെന്റുകളുടെ ചെലവല്ലേ ? ആവശ്യത്തിനുള്ള ചെലവായിരിക്കാം. ചെലവിനെക്കുറിച്ച് ഞാൻ ചോദ്യം ചെയ്യുന്നില്ല. പക്ഷേ, എ.ജി. ചൂണ്ടിക്കാണിച്ച ചില ഉദാഹരണങ്ങൾ ഞാൻ ഇവിടെ ചൂണ്ടിക്കാണിച്ചു. 47 ഹെഡുകൾക്കാണു നമ്മൾ ബഡ്ജറ്റ് പാസ്സാക്കുന്നത്. അതിൽ 21 ഹെഡ്, 21 ഡിപ്പാർട്ടുമെന്റുകളുടെ ചെലവ് ഈ സഭ അറിഞ്ഞിട്ടില്ല. ഈ സഭയിൽ സപ്ലിമെന്ററി വച്ചില്ല. അത് കഴിഞ്ഞ് ഒറ്റയടിക്ക് 10 കൊല്ലത്തെ അല്ലെങ്കിൽ 15 കൊല്ലത്തെ അല്ലെങ്കിൽ 20 കൊല്ലത്തെ ചെലവ് ഇവിടെ കൊണ്ടു വന്ന് പാസ്സാക്കിയെടുക്കുന്നത് എന്ത് ധനകാര്യ മാനേജുമെന്റാണ്. ഞാൻ വളരെ ഡീറ്റെയിലായിട്ട് പോകുന്നില്ല. ഇപ്പോൾ ഇതുവരെ ഇതിന് തയ്യാറാകാത്ത ജനറൽ എഡ്യൂക്കേഷൻ ഡിപ്പാർട്ടുമെന്റ് 210 കോടി രൂപ ഇവിടെ റീകൺസിലിയേഷൻ നടത്തേണ്ടതല്ലേ ? റെഗുലറൈസ് ചെയ്യിപ്പിക്കേണ്ടതല്ലേ ? അവരുടെ കയ്യിൽ അതിന്റെ ഫയലുണ്ടോ ? ആ സെക്രട്ടറിമാർ ഇപ്പോഴുണ്ടോ ? ഒരു ഡിപ്പാർട്ടുമെന്റിന്റെയും ഡീറ്റെയിൽസിലേക്ക് ഞാൻ പോകുന്നില്ല. ഓരോ വകുപ്പും എടുത്താൽ അതിന് ചുമതലപ്പെട്ട ധനകാര്യ വകുപ്പ് അവരുടെ ഉത്തരവാദിത്വം നിർവ്വഹിക്കുന്നതിൽ വീഴ്ച വരുത്തി. ഇനി ധനസംബന്ധമായ മാനേജ്മെന്റ് സുതാര്യമാക്കാൻ അതിന്റെ ഉത്തരവാദിത്വം നിർവ്വഹിക്കാൻവേണ്ടി ഈ നിയമസഭയുടെ അധികാരത്തിൽ കൈവച്ചുകൊണ്ട് ഒരു പുതിയ കമ്മിറ്റി രൂപീകരിച്ച് അവർ എടുക്കുന്ന തീരുമാനങ്ങൾ കോടതിയിൽപോലും ചോദ്യം ചെയ്യാൻ പാടില്ല, സഭ ചോദ്യം ചെയ്യാൻ പാടില്ല, ഗവൺമെന്റ് ഇടപെടാൻ പാടില്ല എന്നു നിഷ്കർഷിക്കുന്ന ഒരു ബില്ല് ഇവിടെ പാസ്സാക്കിക്കൊടുത്താൽ എന്തായിരിക്കും ഇവിടുത്തെ സ്ഥിതി ? നിങ്ങളീ സംബന്ധിച്ചിടത്തോളം എം.ജി.പി.-യും എ.ഡി.ബി.-യും പറയുന്ന വ്യവസ്ഥകൾ അംഗീകരിച്ചു. ബഹുമാനപ്പെട്ട മന്ത്രിയുടെ ലേഖനത്തിൽ വളരെ നന്നായിട്ട് എം.ജി.പി.-യുടെ ഗുണഗണങ്ങളെക്കുറിച്ച് വിശദീകരിക്കുന്നുണ്ട്. നവീകരണ പരിഷ്ക്കരണം നല്ലതുതന്നെ. ഭരണം സുതാര്യമായിരിക്കണം. ഭരണം നന്നായിരിക്കണം, എല്ലാ ഡിപ്പാർട്ടുമെന്റുകളും നന്നാവണം. അതിൽ ആർക്കാണ് അഭിപ്രായ വ്യത്യാസമുള്ളത് ? പക്ഷേ, ഈ സഭയോട് അക്കൗണ്ടബിലിറ്റി ഉണ്ടായിട്ടുകൂടി വിവിധ ഡിപ്പാർട്ടുമെന്റുകൾ 20 കൊല്ലത്തെ കണക്കുകൾ സപ്ലിമെന്ററി ഡിമാന്റ് കൊണ്ടുവന്ന് പാസ്സാക്കി സഭയെ ബോധ്യപ്പെടുത്താൻ തയ്യാറായിട്ടില്ല. അക്കൗണ്ടബിലിറ്റി പോലും ഈ നിയമസഭ നഷ്ടപ്പെടുത്തി. ഈ ബിൽ പാസ്സാക്കി കൊടുത്താൽ

LIBRARY ARCHIVES Kerala Legislative Assembly

പിന്നെ മന്ത്രിയുടെ സ്ഥാനത്തിന് അർത്ഥമില്ല. ധനകാര്യ വകുപ്പുമന്ത്രിക്ക് ആ കസേരയിൽ പിന്നെ വലിയ സ്ഥാനമില്ല. ഈ നിയമസഭ പാസ്സാക്കുന്ന കാര്യങ്ങൾക്ക് പിന്നീട് എന്താണ് വില ? ഞാൻ ഓരോരോ ഉദാഹരണങ്ങൾ വേണമെങ്കിൽ പറയാം. ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ രൂപീകരിച്ചു. ബഹുമാനപ്പെട്ട മന്ത്രി കടവൂർ ശിവദാസൻ ഈ സഭയിൽ പറഞ്ഞു 2003-ലെ ഇന്ത്യൻ ഇലക്ട്രിസിറ്റി ആക്ട് പാസ്സാക്കി. നമുക്ക് ഒന്നും ചെയ്യാൻ കഴിയില്ല. പൊതുമേഖലയിൽ നിലനിർത്താൻ കഴിയില്ല. വേണമെങ്കിൽ ഗവൺമെന്റിന് ഒരു കമ്പനിയാക്കി നിലനിർത്താം. വേറെ ഒന്നും ചെയ്യാൻ കഴിയില്ല. ബഹുമാനപ്പെട്ട കുഞ്ഞാലിക്കുട്ടി ഇവിടെ ഒരു ഉത്തരവ് കൊണ്ടുവന്നു. അക്കാഡമിക് ഇന്റർസ്റ്റിനു വേണ്ടി പറയുകയാണ്. എന്റർപ്രൈസസ് റിഫോംസ് കമ്മിറ്റി ബഡ്ജറ്റ് പ്രസംഗത്തിലും നിങ്ങൾ ഗവർണ്ണറെക്കൊണ്ട് നടത്തിയ നയപ്രഖ്യാപന പ്രസംഗത്തിലുമുണ്ടായിരുന്നു. ഞങ്ങൾ അന്ന് സംശയം ചോദിച്ചു. ഇത് ഓഹരി കൈമാറ്റത്തിന്റെ കാര്യത്തിൽ ഡൽഹിയിൽ വന്നതുപോലത്തെ വകുപ്പല്ലെ എന്ന്. അല്ലെന്നു പറഞ്ഞു. നല്ല കാര്യം തന്നെയാണ്. നിങ്ങൾ ചൗധരി കമ്മീഷനെ വച്ചു. ആ കമ്മീഷൻ വേഗത്തിൽ നടപടികൾ പൂർത്തിയാക്കി. ആദ്യം 11-12 വ്യവസായങ്ങൾ പൂട്ടാൻ പറഞ്ഞു. പിന്നെ 22-23 ആയി, ബഹളമായി തർക്കമായി. അപ്പോൾ നിങ്ങൾ താമരാക്ഷൻ കമ്മിറ്റിയെവച്ചു. താമരാക്ഷൻ കമ്മിറ്റിയിൽ ബഹുമാന്യനായ സാമ്പത്തികകാര്യ വിദഗ്ദ്ധൻ ശ്രീ. ആര്യാടൻ മെമ്പറാണ്. ശ്രീ. അബ്ദുൾഖാദർ മെമ്പറാണ്. കേരളം മുഴുവൻ തെളിവെടുത്തു, നിങ്ങളുടെ കമ്മിറ്റി മുമ്പാകെ, താമരാക്ഷൻ കമ്മിറ്റിയുടെ മുമ്പിൽ ഞങ്ങൾ ഉൾപ്പെടെപോയി. കാരണം നിങ്ങൾ കാര്യങ്ങൾ നന്നാക്കുന്നുവെങ്കിൽ നന്നാക്കട്ടെ എന്നു കരുതി. എന്നാൽ, യു.ഡി.എഫ്.-ന്റെ ഉപസമിതിക്ക് താമരാക്ഷൻ കമ്മിറ്റി റിപ്പോർട്ട് കൊടുത്തത്. പബ്ലിക് സെക്ടർ റീസ്ട്രക്ചർ എന്നപേരിൽ ഈ വിധത്തിൽ ഓഹരി കൈമാറ്റവും വില്പനയും ചെയ്യാൻ പാടില്ല. പിന്നീട് യു.ഡി.എഫ്.-ന്റെ കമ്മിറ്റി കോവളത്ത് കൂടി റിപ്പോർട്ട് അംഗീകരിച്ചു. അംഗീകരിച്ചതിനുശേഷം എന്റർപ്രൈസസ് റിഫോംസ് കമ്മിറ്റിയുടെ പേരിൽ കേരള ഗവൺമെന്റ് ഒന്നിന് പുറകെ ഒന്നായി ഉത്തരവുകൾ പുറപ്പെടുവിച്ചു. ആ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ വളരെയധികം കമ്പനികൾ പൂട്ടി. നിരവധി തൊഴിലാളികൾ പുറത്തുപോയി. വി.ആർ.എസ്.-ന്റെ പിതൃത്വം ശ്രീ. പി. വി. നരസിംഹറാവുവിന് കൊടുക്കാം. അല്ലെങ്കിൽ ശ്രീ. മൻമോഹൻ സിംഗിന് കൊടുക്കാം. അതിന്റെ ക്രെഡിറ്റ് ശ്രീ. കുഞ്ഞാലിക്കുട്ടി സാഹിബിന് ഒരു ക്രെഡിറ്റുണ്ട്. എംപ്ലോയിസ് സെപ്പറേഷൻ സ്കീം (ഇ.എസ്.എസ്.), കമ്പൽസറി റിട്ടയർമെന്റ് സ്കീം (സി.ആർ.എസ്.) നിങ്ങൾ കൊണ്ടുവന്നില്ലേ. എത്ര തൊഴിലാളികൾ വെളിയിലായി ? ഇനി എത്ര വ്യവസായങ്ങൾ പൂട്ടും ? ഈ വിഷയം ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഈ സഭയിൽ ചൂണ്ടിക്കാണിച്ചില്ലേ ? അങ്ങ് പറഞ്ഞ ഉത്തരം പിന്നീട് തിരുത്തി പറഞ്ഞു. നല്ല കാര്യം. അതിന് നന്ദിയുണ്ട്. കാര്യങ്ങൾ, വസ്തുത സഭയിൽ പറഞ്ഞതിന്. നിങ്ങൾ 111 പൊതുമേഖലാ സ്ഥാപനങ്ങളിലും വി.ആർ.എസ്. നടപ്പിലാക്കിയില്ലേ ? ആ വി.ആർ.എസ്. കൂടി നടപ്പിലാക്കിക്കഴിഞ്ഞാൽ കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് പിന്നെ നിലനിൽപ്പുണ്ടോ ? നിങ്ങൾ ഈ പറഞ്ഞ പോളിസിമാറ്റേഴ്സിലും നിങ്ങളുടെ എം.ജി.പി. എഗ്രിമെന്റിലും എ.ഡി.ബി. ലോൺ വ്യവസ്ഥയിലും നിങ്ങളുടെ ചീഫ്

LIBRARY ARCHIVES Kerala Legislative Assembly

സെക്രട്ടറി ഉൾപ്പെടെയുള്ള സെക്രട്ടറിമാർ ഒപ്പുവച്ചു. മനിലയിൽ ഒപ്പുവച്ച കരാറിലും ഇതുപറയുന്നുണ്ട്. പൊതുമേഖലാ വ്യവസായങ്ങൾ ഇനി വേണ്ട, റീസ്ട്രക്ചർ എന്നു പറഞ്ഞാൽ റീസ്ട്രക്ചർ അല്ല ആ സ്ഥാപനങ്ങളുടെ വാതിലുകൾ എന്നന്നേക്കുമായി ക്ലോസ് ചെയ്യുകയാണ്. കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങൾ അടച്ചുപൂട്ടുകയാണ്. അതുപോലെതന്നെ ആരോഗ്യവകുപ്പിനെ കുറിച്ച് പറഞ്ഞല്ലോ. ബഹുമാനപ്പെട്ട മിനിസ്റ്റർ ശങ്കരനാരായണൻ അങ്ങയോടു വിരോധം കൊണ്ട് പറയുന്നതല്ല. ആരോഗ്യ നികുതി വരും, മെഡിക്കൽ കോളേജുകൾ ഇല്ലാതാകും. എന്റെ ബഹുമാനപ്പെട്ട സാവിത്രി ടീച്ചർ ഇവിടെ ഇരിക്കുകയല്ലേ ? ടീച്ചർ കൊരട്ടി കുഷ്ഠരോഗാശുപത്രിയെക്കുറിച്ച് എത്ര വാചാലമായി സംസാരിച്ചു. ഇവിടെ മാത്രമല്ല, ഞങ്ങളുടെ ഡി.ഡി.സി.-യുടെ ഏതു കമ്മിറ്റിയിലും ഹൃദയവേദനയോടുകൂടി ആ പാവപ്പെട്ട രോഗികളുടെ കാര്യങ്ങൾ പറയാറുണ്ട്. ടീച്ചർ അറിയുക, നിങ്ങളുടെ പുതിയ പദ്ധതി പ്രകാരം നിങ്ങൾ ഒപ്പുവച്ച കരാറിന്റെ അടിസ്ഥാനത്തിൽ, നിങ്ങൾ പുതിയ ജിമ്മിന്റെയും ഒക്കെ അടിസ്ഥാനത്തിൽ കുഷ്ഠരോഗാശുപത്രികളുടെ 36 കോടി രൂപ വിലയുള്ള 10 ഏക്കർ സ്ഥലം നഷ്ടമായി കഴിഞ്ഞു. ടീച്ചർ ശനിയാഴ്ച കൊരട്ടിയിൽ പോയി അന്വേഷിക്കുക. കോമൺ ബയോ മെഡിക്കൽ വേസ്റ്റ് മാനേജ്മെന്റ് സ്കീം നിങ്ങൾ ഒപ്പുവച്ചതാണ്. നിങ്ങളുടെ കരാറാണ്. ആ കരാറിന്റെ അടിസ്ഥാനത്തിൽ കേരളത്തിലെ 4 പ്രദേശങ്ങളിൽ വേസ്റ്റ് മാനേജ്മെന്റിനുവേണ്ടി സ്ഥലം എടുക്കുന്നു. അപ്പോൾ തൃശ്ശൂർ, മലപ്പുറം, പാലക്കാട്, ജില്ലകളിലെ മുഴുവൻ ആശുപത്രിവേസ്റ്റും ടീച്ചർക്ക് കിട്ടുകയാണ്. ടീച്ചറുടെ കൊരട്ടിയിൽ കൊണ്ടുവരികയാണ്. കുഷ്ഠ രോഗാശുപത്രിയുടെ 10 ഏക്കർ സ്ഥലം അവർ ഏറ്റെടുക്കാൻ പോകുന്നു. രണ്ട് ഗവൺമെന്റ് സെക്രട്ടറിമാർ, ആരോഗ്യ വകുപ്പിലെ ഉദ്യോഗസ്ഥന്മാർ, പൊല്യൂഷൻ കൺട്രോൾ ബോർഡിലെ ഉദ്യോഗസ്ഥന്മാർ, ടീച്ചർക്കറിയില്ല, പഞ്ചായത്ത് പ്രസിഡന്റ് അറിഞ്ഞില്ല, ടീച്ചറെ ! നമ്മൾ അറിയില്ല. ഇവരെല്ലാം പോയി കരാറുകൾ ഒപ്പുവയ്ക്കുന്ന സ്റ്റേജിൽ എത്തി.

പ്രൊഫ. സാവിത്രി ലക്ഷ്മണൻ : സർ,.....

ശ്രീ. കെ. പി. രാജേന്ദ്രൻ : കൊരട്ടിയുടെ കാര്യം മാത്രം ടീച്ചർ ചോദിക്കുക.

പ്രൊഫ. സാവിത്രി ലക്ഷ്മണൻ : ബഹുമാനപ്പെട്ട അംഗം സഭയുടെ ശ്രദ്ധയിൽ ഇത് കൊണ്ടുവരുമ്പോഴാണ് (ഞെട്ടലോടുകൂടി സത്യം തുറന്നു പറയുകയാണ്.) ഞാൻ ഈ വിവരം അറിയുന്നത്. കൊരട്ടി ലപ്രസി ഹോസ്പിറ്റലിലെ അന്തേവാസികളായ സഹോദരി സഹോദരന്മാരെയൊക്കെ സമൂഹത്തിലെ വേസ്റ്റിനു തുല്യം കാണാൻ സ്ഥലം എം.എൽ.എ എന്ന നിലയിൽ എനിക്ക് സാധ്യമല്ല.

11.00 A.M.]

ശ്രീ. കെ. പി. രാജേന്ദ്രൻ : Thank you Teacher. ടീച്ചറുടെ ആത്മാർത്ഥതയെ അംഗീകരിക്കുന്നു. ഉദ്ദേശശുദ്ധിയെ ഞാൻ ബഹുമാനിക്കുന്നു. കഴിഞ്ഞ ഏഴു വർഷമായി കുഷ്ഠ രോഗികളുടെ കാര്യം. സാവിത്രി ടീച്ചർ ഏതൊക്കെ സമിതികളിൽ എന്തൊക്കെ ഉന്നയിച്ചുവെന്ന് എനിക്കറിയാം. അവരോടുള്ള ടീച്ചറുടെ ദയാവായ്പും സഹാനുഭൂതിയും സഹായിക്കണമെന്നുള്ള വാശിയും കണ്ടറിഞ്ഞിട്ടുള്ള ആളാണ് ഞാൻ. ഞാൻ പറയുന്നത് കേരളത്തിലെ സ്ഥലങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

പോകുകയല്ലേ ? infrastructure development-ന്റെ പേരിൽ എന്താണ് നിങ്ങൾ ഒപ്പുവച്ച കരാർ ? ഞാനൊന്നു പറയട്ടെ, ജിം എന്ന പേരിൽ, ഈ ആഗോളവത്കരണം പുതിയ കരാറിന്റെ ഭാഗമായിട്ട് വന്നതല്ലേ ? നിങ്ങൾ കൊട്ടിഘോഷിക്കുന്ന എം.ജി.പി.-യുടെ പേരിൽ എത്ര സ്ഥലം പോയി. കേൾക്കണം. കുത്തുപറമ്പ്-കണ്ണൂർ 204 ഏക്കറാണ് 1547.32 ലക്ഷം രൂപ. കിണാലൂർ-കോഴിക്കോട് 308 ഏക്കറാണ് 1744.36 ലക്ഷം രൂപ, പാണക്കാട്- മലപ്പുറം 258 ഏക്കറാണ്. 1525.2 ലക്ഷം രൂപ, പള്ളിപ്പുറം-ആലപ്പുഴ 270 ഏക്കറാണ്. 1637.62 ലക്ഷം രൂപ ഇത് ഇപ്പോൾ കയ്യിൽ കിട്ടിയ കടലാസാണ്. ഇന്ന് പ്രതിപക്ഷ നേതാവ് സഭയിലില്ല. കേരളത്തിന്റെ പൊതു സമ്പത്തായ കെ.എൽ.ഡി ബോർഡിന്റെയും കാർഷിക സർവ്വകലാശാലയുടെയും ഫോറസ്റ്റ് വകുപ്പിന്റെയും കൃഷി വകുപ്പിന്റെയും സ്ഥലം. അന്യാധീനമായി. ജിം-ൽ ഒപ്പുവച്ച കരാറിന്റെ അടിസ്ഥാനത്തിൽ വാഗമണ്ണിലെ ജൈവ സമ്പത്തായ ലോകോത്തരമായ പ്രകൃതി സമ്പത്ത്, പുൽമേട് നിലനില്ക്കുന്ന ആ സ്ഥലം ആണുങ്ങൾ കയ്യടക്കിക്കഴിഞ്ഞു, ജിം-ന്റെ മറവിൽ, അത് നോക്കാൻ പ്രതിപക്ഷ നേതാവും ബഹുമാനപ്പെട്ട സുഹൃത്ത് പി.സി. ജോർജ്ജും ശ്രീ. ജയചന്ദ്രനും അവിടെ പോയിരിക്കുകയാണ്. ഞൻ ഒന്നു പറയട്ടെ, ശ്രീമതി മേഴ്സി രവി കുമരകത്തെക്കുറിച്ച് എപ്പോഴും ഈ സഭയിൽ പറയാറുണ്ട്. കുമരകത്ത് വേമ്പനാട് കായലിനോട് ചേർന്നു കിടക്കുന്ന കാർഷിക സർവ്വകലാശാലയുടെ കണ്ണായ സ്ഥലം, ആ സ്ഥലം TATA യ്ക്ക് നിങ്ങൾ കൈമാറാൻ പോകുകയല്ലേ ? ലോകത്തിന്റെ ഏറ്റവും മഹനീയമായ രീതിയിൽ കാർഷിക സർവ്വകലാശാല കാണുന്നതാണ് ആ സ്ഥലം. കൊടംപുളി 250 വെറൈറ്റിയാണവിടെ. ആ സ്ഥലം നിങ്ങൾ TATA യ്ക്ക് കൊടുക്കുകയല്ലേ. ഞാൻ നേരത്തേ ഈ സഭയിൽ പറഞ്ഞു. നെല്ലിയാമ്പതിയിലെ ഒന്നാന്തരം സ്ഥലം നിങ്ങളുടെ ഉദ്യോഗസ്ഥന്മാർ പോയി കരാർ ഒപ്പുവച്ചു കഴിഞ്ഞില്ലേ .....

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ) : ബഹുമാനപ്പെട്ട മെമ്പർ വളരെ വാചാലനായിട്ട് എ.ഡി.ബി.യെ കുറിച്ചും ഇപ്പോഴത്തെ എഗ്രിമെന്റിനെ കുറിച്ചും ചൗധരി കമ്മിഷൻ റിപ്പോർട്ടിനെ കുറിച്ചുമൊക്കെ സംസാരിച്ചു. ഇതൊക്കെ കൈമാറ്റം ചെയ്തിട്ടുണ്ടോ ; അത് കൈമാറ്റം ചെയ്യാൻ ആലോചിക്കുന്നതേയുള്ളോ ; അതോ ഇതിനെക്കുറിച്ച് ഗവൺമെന്റ് എന്ത് തീരുമാനമാണ് എടുത്തിരിക്കുന്നത് ; പുതിയ വ്യവസായങ്ങൾ ആരംഭിക്കുന്നതിനെ കുറിച്ച് നിങ്ങളുടെ അഭിപ്രായം എന്താണ് ; ഈ നഷ്ടത്തിൽ പോകുന്ന വ്യവസായങ്ങൾ revitalise ചെയ്യുന്നോ ; അതിൽ പുതുതായി മാറ്റങ്ങൾ ഉണ്ടാക്കണോ ; അതിൽ പുതുതായി ഇൻവെസ്റ്റ്മെന്റ് വേണോ പുതുതായി തൊഴിലാളികൾക്ക് ജോലി കിട്ടണമോ, അതോ എന്നെന്നത്തേക്കുമായി അടച്ച് പൂട്ടണമോ, അങ്ങേയുടെ അഭിപ്രായം എന്താണെന്ന് കേട്ടാൽ കൊള്ളാം.

ശ്രീ. തമ്പാനൂർ രവി : സർ, ബഹുമാനപ്പെട്ട മെമ്പർ വളരെ വിശദമായി കേരളത്തിന്റെ സാമ്പത്തിക സ്ഥിതി വിശകലനം ചെയ്യുകയാണ്. ഗവൺമെന്റ് ട്രാൻസ്പാരന്റ് ആകണം. വളരെ ശരിയാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് അടിസ്ഥാന സൗകര്യ വികസനത്തിനുവേണ്ടി infrastructure development -ന് 507 കോടി രൂപ പിരിച്ചു. അതിൽ ഒരു രൂപ പോലും infrastructure-ന് ചെലവഴിച്ചിട്ടുമില്ല. അതിന്റെ പലിശ ഇപ്പോൾ ഈ ഗവൺമെന്റ് കൊടുക്കണമെന്ന് അങ്ങേയ്ക്ക് അറിയാമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. പി. രാജേന്ദ്രൻ : എനിക്ക് ശ്രീ. രവി പറഞ്ഞ അഭിപ്രായത്തോട് അഭിപ്രായ വ്യത്യാസമില്ല. ആ സംഭരിച്ച സംഖ്യ അടിസ്ഥാന സൗകര്യ ആവശ്യങ്ങൾക്ക് എടുക്കേണ്ടതായിരുന്നു. ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞ കാര്യത്തിന് ഞാൻ ഒറ്റ വാചകത്തിൽ മറുപടി പറയുകയാണ്. ഈ സംസ്ഥാനത്തിന്റെ താല്പര്യങ്ങളോട് പരിപൂർണ്ണമായി യോജിക്കുന്നവരാണ് ഞങ്ങൾ. കേരളത്തിന്റെ താല്പര്യങ്ങൾ, കേരളത്തിന്റെ വ്യവസായം, കേരളത്തിന്റെ വികസനം, ഞങ്ങൾ നിങ്ങളോട് പൂർണ്ണമായി യോജിക്കുകയാണ്. പക്ഷേ കേരളത്തിന്റെ താല്പര്യങ്ങൾക്കെതിരായി, കേരളത്തിന്റെ നേടിയെടുത്ത നേട്ടങ്ങൾക്കെതിരായി, നൂറ്റാണ്ടുകളായി നമ്മൾ നേടിയ സാമൂഹ്യമായ മറ്റു പല പരിഷ്ക്കാരങ്ങളിലൂടെ, നിയമങ്ങളിലൂടെയൊക്കെ നേടിയെടുത്ത അവകാശങ്ങൾ നഷ്ടപ്പെട്ടു പോകുന്ന സ്ഥിതി വന്നാൽ ഞങ്ങൾ അംഗീകരിക്കുകയില്ല. ഞാൻ നിയമത്തിനുള്ളിൽ നിന്നുകൊണ്ട് പറയുകയാണ്. ഇതു പ്രകാരം ഭരണ നവീകരണ പരിപാടി സുതാര്യമാക്കുന്നു എന്നു പറയുന്നു. സുതാര്യമാണ്, സുതാര്യമാണ് എന്ന് 101 പ്രാവശ്യം ആവർത്തിച്ചാൽ സുതാര്യമാകുമോ? സമന്വയമാണ്, സമന്വയമാണെന്നു പറഞ്ഞാൽ സമന്വയം ആകുമോ ? ഞാൻ അതുകൊണ്ട് ഉദ്ദേശിക്കുന്നത് ഈ ഭരണ നവീകരണ പരിപാടി എം.ജി.പി. കേരളത്തിൽ നടപ്പിലാക്കിയാൽ, നിങ്ങൾ എ.ഡി.ബി.യിൽനിന്ന് രണ്ടാം ഗഡു വായ്പ 600 കോടി രൂപ മേടിക്കാൻ പോകുമ്പോൾ അവർ വച്ച കണ്ടീഷൻ, ശ്രീ. ശങ്കരനാരായണൻ മിനിസ്റ്റർ തന്ന മറുപടി ഇവിടെയുണ്ട്.

മി. ഡെപ്യൂട്ടി സ്പീക്കർ : Please .....please conclude.

ശ്രീ. കെ.പി. രാജേന്ദ്രൻ ; ഞാൻ പ്രസംഗം തുടങ്ങിയിട്ട് 15 മിനിട്ടേ ആയിട്ടുള്ളൂ. 5 മിനിട്ടുകൂടി സർ.

മി. ഡെപ്യൂട്ടി സ്പീക്കർ : ഈ ബില്ലിന്റെ ചർച്ചയിൽ ഇനിയും രണ്ടു മൂന്നു പേർകൂടി സംസാരിക്കാനുണ്ട്.

ശ്രീ. കെ. പി. രാജേന്ദ്രൻ : നമുക്ക് ഒന്നര വരെ സമയമുണ്ട്. ഒരു ബില്ലുകൂടിയല്ലേ ഉള്ളൂ. ഞാൻ സമയം കളയുന്നില്ല. നിർദ്ധനരും നിരാലംബരുമായ ജനങ്ങളോടുള്ള സർക്കാരിന്റെ പ്രതിബദ്ധതയാണ് ഈ പുതിയ നയമെന്ന് ശ്രീ അബ്രഹാം. അതുപോലെതന്നെ മിനിസ്റ്ററും പറയുന്നു. ഞാൻ സമ്മതിക്കുന്നു. ആശുപത്രിയിൽ പാവപ്പെട്ട ജനങ്ങൾ ചെന്നാൽ ചികിത്സാ ചെലവ് ഏറിയതാകുന്നു. പഠിക്കാൻ പോകുന്ന കുട്ടികൾക്ക് ഫീസ് കൊടുക്കേണ്ടി വരുന്നു. വ്യവസായങ്ങൾ അടച്ചുപൂട്ടി തൊഴിൽ നിഷേധവും ഇന്നുള്ള ജോലി കുറേശ്ശേ കുറേശ്ശേ നഷ്ടപ്പെട്ടു പോകുകയും ചെയ്യുന്ന സ്ഥിതി വന്നാൽ എവിടെയാണ് ജനങ്ങളോട് പ്രതിബദ്ധത വരുന്നത് ? ജനങ്ങളെ സഹായിക്കാനെന്ന മറവിൽ, ഈ സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്താനെന്നതിന്റെ മറവിൽ ഈ കേരള സംസ്ഥാനം എ.ഡി.ബി.യുടെയും അതുപോലെ ഡച്ച് സർക്കാരിന്റെയും വ്യവസ്ഥകൾ അംഗീകരിച്ചു കൊടുത്താൽ എന്താകും സ്ഥിതി ? ഞാൻ ഈ സഭയിൽ ഒരു സബ്മിഷൻ അവതരിപ്പിച്ചപ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞു, ഡച്ച് ഗവൺമെന്റ് കൺസൾട്ടൻസിയെ അവർ ടെൻഡർ

ചെയ്താലും അവർ കൺസൾട്ടൻസിയെ വച്ചാലും ഒരു കുഴപ്പവുമില്ല, സംസ്ഥാനത്തിന്റെ താല്പര്യങ്ങൾക്ക് ഒരു കുഴപ്പവുമില്ല എന്ന് ഞാൻ അംഗീകരിക്കുന്നു. കേരളത്തിന് ആരെങ്കിലും വായ്പ തന്നാൽ, കേരളം വായ്പയെടുത്താൽ, ആ ഗവൺമെന്റും ആ ഏജൻസിയും കൺസൾട്ടൻസിയും ഇവിടുത്തെ ആഭ്യന്തര കാര്യങ്ങളിൽ ഇടപെടും എന്നുള്ള സ്ഥിതി വന്നാൽ പിന്നെ എവിടെ മന്ത്രിക്ക് ഇടപെടാൻ പറ്റും. ആ കൺസൾട്ടൻസി വയ്ക്കുന്നതിനെക്കുറിച്ചു ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഒരു കാര്യം ഈ സഭയിൽ വെളിപ്പെടുത്തി. എന്താണ് വെളിപ്പെടുത്തിയത്? ഇരുപത്തിയഞ്ചു കോടി രൂപ കൺസൾട്ടൻസിയുടെ പ്രവർത്തനത്തിനായി തിരിച്ചടയ്ക്കേണ്ടതില്ലാത്ത സംഭാവന തന്നാൽ ഗ്രാന്റായി ഈ സംസ്ഥാന ഗവൺമെന്റിന് ആരെങ്കിലും പണം കൊണ്ടുതന്നാൽ, ആരെങ്കിലും വെറുതെ കാശെടുത്തു തന്നാൽ അതിന്റെ പിന്നിൽ എന്തെങ്കിലും ഉദ്ദേശം കാണുകയില്ലേ എന്നു സംശയിക്കണം. കേരളം നന്നാകണം. കേരളത്തിന്റെ വികസനമെന്ന സദുദ്ദേശത്തിന്റെ പുറത്താണോ അതെന്നു വ്യക്തമാക്കണം.

ശ്രീ. പി. ടി. തോമസ് : സി.പി.ഐ.യുടെ പാർലമെന്ററി പാർട്ടി നേതാവ് കൂടിയായ അങ്ങ് ഈ കൺസൾട്ടൻസിയുമൊക്കെയായി വിദേശത്തുനിന്ന് പണം വരുന്നതിനെ എതിർക്കുകയാണല്ലോ. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത്, ഡച്ച് ഗവൺമെന്റിന്റെ, അതുപോലെ സ്വിസ് ഗവൺമെന്റിന്റേതായി നമ്മുടെ കൊച്ചിൻ യൂണിവേഴ്സിറ്റിക്ക് ഏകദേശം 33 കോടി രൂപയും കാപ്പെക് എന്നുപറയുന്ന ജനകീയാസൂത്രണത്തിന്റെ ഭാഗമായി ഏകദേശം 10.54 കോടി രൂപയും സി.ഡി.എസ്സും ശാസ്ത്ര സാഹിത്യ പരിഷത്തും അടക്കം വാങ്ങിയിരുന്നുവെന്ന ആരോപണം ഉന്നയിക്കപ്പെട്ടിരിക്കുന്നതിൽ ഏകദേശം പതിനാറു കോടി രൂപയും വന്നതായിട്ട് പറയുന്നുണ്ട്. അതിനെ അങ്ങ് ന്യായീകരിക്കുന്നുണ്ടോ ?

ശ്രീ. കെ. പി. രാജേന്ദ്രൻ : കേരളത്തിന്റെ സാമ്പത്തിക ഭദ്രതയ്ക്കുവേണ്ടി, സാമ്പത്തിക കാര്യങ്ങളിൽ മറ്റുള്ളവർക്ക് ഇടപെടാൻ, മറ്റുള്ളവരുടെ കാര്യങ്ങൾ അനുസരിച്ച് നടക്കുവാനുള്ള ഒരു നടപടിയും നമ്മൾ അംഗീകരിക്കുന്നില്ല.

ശ്രീ. എം. വി. ജയരാജൻ : ബഹുമാനപ്പെട്ട പി.ടി തോമസ് പറയുമ്പോൾ ശാസ്ത്ര സാഹിത്യ പരിഷത്ത് വിദേശത്തുനിന്നും പണം പറ്റിയെന്നാണ് സ്ഥാപിക്കാൻ നോക്കിയത്. ശാസ്ത്ര സാഹിത്യ പരിഷത്തിന്റെ ഭരണഘടനയിൽ വിദേശത്തുനിന്നും പണം പറ്റാൻ പാടില്ലായെന്ന് വ്യക്തമായ വ്യവസ്ഥയുണ്ട്. അതുകൊണ്ടുതന്നെ ഒരു വിദേശ ഏജൻസിയിൽനിന്നും ആ സംഘടന പണം പറ്റുന്നില്ല എന്നുള്ള കാര്യം അങ്ങേയ്ക്ക് അറിയാമോ ?

ശ്രീ. കെ. പി. രാജേന്ദ്രൻ : ശാസ്ത്ര സാഹിത്യ പരിഷത്ത് അത് വ്യക്തമാക്കിയിട്ടുണ്ട്. ഈ സഭയിലും വ്യക്തമാക്കിയിട്ടുണ്ട്. ഇരുപത്തിയഞ്ചു കോടി രൂപ ഡച്ച് ഗവൺമെന്റ് സംഭാവനയായി കേരളത്തിൽ അടിച്ചേല്പിക്കുന്നത് കേരളത്തിലെ അധികാരങ്ങൾ കവർന്നെടുക്കുവാനുള്ളതിന്റെ ഒരു മുൻ തുടക്കമായിരിക്കും എന്നകാര്യം ബഹുമാനപ്പെട്ട മന്ത്രി അറിയണം.

Mr. Deputy Speaker : Please .....please.....please conclude.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. പി. രാജേന്ദ്രൻ : ഞാൻ റിസർവ് ബാങ്കിന്റെ ഒരു പോയിന്റുകൂടി പറഞ്ഞ് അവസാനിപ്പിക്കാം. To improve the financial position of the states, their Budget for 2002-2003, 2003-2004 have prepared to take measures towards revenue augmentation. ആ വാചകം ശ്രദ്ധിക്കുക. Expenditure compression, promotion of private investment in crucial sector and institutional reforms. ഈ പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ ഈ നിയമങ്ങൾ സഭയിൽ തിരക്കുപിടിച്ച് പാസ്സാക്കിക്കൊണ്ട് പോയാൽ, കേരളത്തിന്റെ ആഭ്യന്തര കാര്യങ്ങളിൽ, സാമ്പത്തികാധികാരങ്ങളിൽ കൈ കടത്താൻ ഡച്ച് ഗവൺമെന്റിനേയും എ.ഡി.ബി.യേയും വിദേശ ശക്തികളേയും അനുവദിച്ചാൽ അത് കേരളത്തിന്റെ നാശത്തിലേക്ക് വഴിവയ്ക്കും. ഈ ബിൽ ഈ അർത്ഥത്തിൽ പാസ്സാക്കരുത്. ചർച്ചകളും അതുപോലെ പൊതുജന അഭിപ്രായങ്ങളും കേൾക്കണം. എന്റെ ഭേദഗതി അവതരിപ്പിക്കുന്നു, നിർത്തുന്നു, Thankyou sir.

ശ്രീ. വി. ഡി. സതീശൻ : സർ, നമ്മുടെ രാജ്യത്തെയും വിവിധ സംസ്ഥാനങ്ങളിലേയും സാമ്പത്തിക സ്ഥിതിയുടെ യഥാർത്ഥ വിവരങ്ങൾ അറിയുന്നത് ഫിസ്ക്കൽ ഇൻഡിക്കേറ്റേഴ്സ് എന്ന സാമ്പത്തിക സൂചകങ്ങളെ അടിസ്ഥാനമാക്കിയാണ്. രാജ്യത്തിലെ വിവിധ സംസ്ഥാനങ്ങളിലെ ധനസ്ഥിതി പരിശോധിച്ചാൽ നമ്മുടെ സംസ്ഥാനത്തിലെ സാമ്പത്തിക സ്ഥിതി ഏറ്റവും അപകടകരമായ സ്ഥിതിയിലേക്ക് പോകുന്ന ദൗർഭാഗ്യകരമായ സ്ഥിതിവിശേഷം നമുക്ക് കാണാൻ കഴിയും. റവന്യൂ വരുമാനത്തിലെ വർദ്ധിച്ചുവരുന്ന കുറവും അതുപോലെതന്നെ റവന്യൂ ചെലവ് അനിയന്ത്രിതമായി വർദ്ധിക്കുന്നതും റവന്യൂ കമ്മി വർദ്ധിക്കുന്നതിന് വഴി തെളിക്കുകയാണ്. റവന്യൂ കമ്മി വർദ്ധിക്കുന്നതിനനുസരിച്ച് മൊത്തം ധനകമ്മിയും വർദ്ധിക്കുകയാണ്. ഈ കമ്മികൾ നികത്താനുള്ള ഏക മാർഗ്ഗം എന്നുപറയുന്നത് കടമെടുപ്പാണ്. അത് പല രീതിയിലുണ്ട്. പൊതു കടമുണ്ട്, വിദേശകടമുണ്ട്, ആഭ്യന്തര കടമെടുപ്പുണ്ട്. പല രീതിയിലുള്ള മാർഗ്ഗങ്ങളുണ്ട്. ഈ കടം വാങ്ങുന്ന തുക പകുതിയിലേറെ വികസനേതര ആവശ്യങ്ങൾക്കുവേണ്ടി ചെലവഴിക്കുന്ന അവസ്ഥ ഓരോ സംസ്ഥാനത്തും നിലനിൽക്കുന്നു. മൊത്തം കടമെടുക്കുന്ന തുകയുടെ പകുതിയിലേറെ തുക ഇത്തരം കാര്യങ്ങൾക്ക് ചെലവഴിക്കുന്നതുകൊണ്ട് എക്സ്പെൻഡിച്ചറിന്റെ ക്വാളിറ്റി കാത്തുസൂക്ഷിക്കുവാൻ നമ്മുടെ ധനമാനേജ്മെന്റിന് കഴിയുന്നില്ല എന്നതാണ് യാഥാർത്ഥ്യം. ഈ നടപ്പു ചെലവുകൾക്കുവേണ്ടി കടമെടുക്കുന്നതുകൊണ്ട് സംസ്ഥാനങ്ങളുടെ സാമ്പത്തികസ്ഥിതി മുഴുവൻ തകരാറിലാവുകയാണ്. ഇവിടെ ബഹുമാനപ്പെട്ട എ. കെ. ബാലൻ സംസാരിച്ചപ്പോൾ പറഞ്ഞത് ഈ ബിൽ ഗവൺമെന്റ് കൊണ്ടുവരുന്നത് എ.ഡി.ബി.-യുടെ നിർദ്ദേശങ്ങൾക്ക് വിധേയമായിട്ടാണെന്നാണ്. ഈ ബിൽ കൊണ്ടുവരാനുള്ള പശ്ചാത്തലത്തെ കുറിച്ചുള്ള കാര്യങ്ങൾ അറിയാത്തതുകൊണ്ടാണ് ബഹുമാനപ്പെട്ട മെമ്പർ അങ്ങനെ സൂചിപ്പിച്ചതെന്ന് ഞാൻ മനസ്സിലാക്കുന്നു. നമ്മുടെ രാജ്യത്ത് ധനസ്ഥിരത കൈവരുത്താനും ധനഉത്തരവാദിത്വം ഉണ്ടാകാനും ഗവൺമെന്റ് അനിയന്ത്രിതമായ ഗ്യാരന്റി കൊടുക്കുന്നതിന് സീലിംഗിനുവേണ്ടിയുള്ള നിയമനിർമ്മാണങ്ങൾ നമ്മുടെ രാജ്യത്ത് എല്ലാ സംസ്ഥാനങ്ങളിലും നടന്നുകൊണ്ടിരിക്കുകയാണ്. അടുത്തയിടെ കർണാടക സർക്കാർ ഫിസ്ക്കൽ റസ്പോൺസിബിലിറ്റി ബിൽ

പാസ്സാക്കി. പഞ്ചാബ് ഗവൺമെന്റും അതുപോലെ ഒരു ബിൽ പാസ്സാക്കിയിട്ടുണ്ട്. അരഡസനിലേറെ സംസ്ഥാനങ്ങൾ ഈ കാര്യങ്ങളിൽ ഗവൺമെന്റ് ഗ്യാരന്റിയിൽ സീലിംഗ് കൊടുക്കുകയും ഫിസ്ക്കൽ റസ്പോൺസിബിലിറ്റിയുമായിട്ട് ബന്ധപ്പെട്ട്, അക്കൗണ്ടബിലിറ്റിയുമായി ബന്ധപ്പെട്ട് ബില്ലുകൾ പാസ്സാക്കുന്നതിനുള്ള നടപടിക്രമങ്ങൾ നടത്തിവരികയുമാണ്. നമ്മുടെ കേന്ദ്ര ഗവൺമെന്റ് "The Fiscal Responsibility and Budget Management Bill, 2000" എന്ന പേരിൽ ഒരു ബിൽ അവതരിപ്പിക്കുകയും കഴിഞ്ഞ മേയ് 7-ാം തീയതി ലോക്സഭ ഈ ബിൽ പാസ്സാക്കുകയും ചെയ്തു. നിയമനിർമ്മാണം പൂർത്തിയാക്കിയ ബില്ലിന്റെ പ്രധാനപ്പെട്ട ഫീച്ചേഴ്സ് എന്നു പറയുന്നത് റവന്യു കമ്മി 5 വർഷക്കാലംകൊണ്ട് ഇല്ലായ്മ ചെയ്ത് 5 വർഷത്തിനുശേഷം റവന്യു മിച്ചം വരുത്തിക്കൊണ്ടുള്ള ഒരു അന്തരീക്ഷമുണ്ടാക്കുക എന്നതാണ്. ആഭ്യന്തര ഉൽപ്പാദനത്തിന്റെ, Gross Domestic Product-ന്റെ 2 ശതമാനം ആക്കി നമ്മുടെ ധനകമ്മി കുറയ്ക്കുക എന്നതാണ് ടാർജറ്റ്. അതിന്റെ ചുവടു പിടിച്ചുതന്നെയാണ് ഈ നിയമനിർമ്മാണം ഇവിടെ നടത്തുന്നത്. അതിനകത്ത് നേരത്തെ പറഞ്ഞതുപോലെ ശ്രീ. ജയരാജൻ അതിൽ ഒബ്ജക്ഷൻ പറഞ്ഞപ്പോൾ പറഞ്ഞത് അതിൽ flexibility ഇല്ല എന്നാണ്. യഥാർത്ഥത്തിൽ കേന്ദ്ര ബഡ്ജറ്റിൽ ഉള്ള ഒരു flexibility എന്നു പറയുന്നത് ദേശീയ ദുരന്തമുണ്ടാകുമ്പോൾ അല്ലെങ്കിൽ ദേശീയ സുരക്ഷിതത്വവുമായി ബന്ധപ്പെട്ട സംഭവങ്ങളിൽ മാത്രമാണ് flexibility കൊടുത്തിട്ടുള്ളത്. അല്ലാത്ത സമയത്തെല്ലാം ഈ ടാർജറ്റ് അച്ചീവ് ചെയ്യണമെന്നുള്ളതാണ് സെൻട്രൽ ബില്ലിൽ പറഞ്ഞിട്ടുള്ളത്. നമുക്ക് ആ ബില്ലിന്റെ ചുവടുപിടിച്ച് ഈ ബില്ലിൽ ആവശ്യമായ ഭേദഗതി വരുത്തി കൊണ്ട് സംസ്ഥാനത്ത് പ്രകൃതി ദുരന്തവുമായി ബന്ധപ്പെട്ട സംഭവങ്ങളുണ്ടാകുമ്പോൾ അൽപ്പം flexibility വരുത്താനുള്ള ഭേദഗതികൾകൂടി ഈ നിയമത്തിൽ ഉണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. 11-ാം ധനകാര്യ കമ്മീഷന്റെ terms of reference-ലെ clause 4-ൽ പറയുന്നതുതന്നെ കേന്ദ്രത്തിലേയും സംസ്ഥാനത്തിലേയും ധനസ്ഥിതി പരിശോധിക്കാനും നിർദ്ദേശങ്ങൾ നൽകാനും ആണ്. ആ സംസ്ഥാനങ്ങളുടെ റവന്യു കമ്മി കുറയ്ക്കാൻ സാമ്പത്തിക പരിഷ്ക്കരണ പദ്ധതികൾ നിർദ്ദേശിക്കണം. ആ പരിഷ്ക്കരണ പദ്ധതികൾ ഇംപ്ലിമെന്റ് ചെയ്യുന്നതിനുള്ള ഫണ്ടുകൾ നിർദ്ദേശിക്കാനും ധനകാര്യ കമ്മീഷനു മുമ്പിൽ നിർദ്ദേശങ്ങളുണ്ടായിരുന്നു. ധാരാളം ശുപാർശകളും പദ്ധതികളും ധനകാര്യ കമ്മീഷൻ നിർദ്ദേശിക്കുന്നു. സംസ്ഥാനങ്ങളിലെ സാമ്പത്തിക പരിഷ്ക്കാരങ്ങളുടെ ഗതിവേഗം വർദ്ധിപ്പിക്കാൻ വേണ്ടി 11-ാം ധനകാര്യ കമ്മീഷൻ incentive fund ഏർപ്പെടുത്തുന്നതിനുവേണ്ടി നിർദ്ദേശം കൊടുത്തിട്ടുണ്ട്. ഈ കാര്യത്തിൽ തന്നെ കേന്ദ്ര സർക്കാർ State's Fiscal Reform Facility എന്ന പേരിൽ ഒരു സ്കീം ആരംഭിച്ചിട്ടുണ്ട്. സാമ്പത്തിക പരിഷ്ക്കാരങ്ങൾക്ക് സഹായമേകാൻ വേണ്ടി ₹0,607 കോടി രൂപ ഈ പദ്ധതിയിൽ കേന്ദ്ര ഗവൺമെന്റ് ഉൾപ്പെടുത്തിയിട്ടുണ്ട്. ധനസംബന്ധിയായ കാര്യങ്ങളുടെ കൺസോളിഡേഷൻ, അതുപോലെ പൊതുമേഖലയുടെയും നമ്മുടെ പവ്വർ സെക്ടറിന്റേയും പരിഷ്ക്കാരം, ധനഇടപാടുകളിൽ ആവശ്യമായ ട്രാൻസ്പേരൻസിയുണ്ടാക്കൽ എന്നീ ലക്ഷ്യങ്ങളോടുകൂടി വിവിധ സംസ്ഥാനങ്ങൾ, നമ്മളിപ്പോൾ കൊണ്ടുവന്നിരിക്കുന്ന ബില്ലുപോലെ Medium Term Fiscal Reforms Programme (MTFRP) സ്കീം ചെയ്തുകൊണ്ടിരിക്കുകയാണ്. 2002-03-ലെ കേന്ദ്ര

LIBRARY ARCHIVES Kerala Legislative Assembly

ബഡ്ജറ്റിൽ റീഫോംസുമായി ബന്ധപ്പെട്ട കാര്യങ്ങൾക്ക് സഹായമേകാൻ വിവിധ പദ്ധതികളിലായി 12,300 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഈ പറയുന്ന സെൻട്രൽ സ്കീമിലെ അസിസ്റ്റൻസെല്ലാം നമ്മുടെ സംസ്ഥാനത്തിനുവേണ്ട, ഇന്ത്യയിലെമ്പാടും ആഗോളവൽക്കരണവുമായി ബന്ധപ്പെട്ട നടപടികൾ, പരിഷ്ക്കാരങ്ങൾ എല്ലാ സംസ്ഥാനങ്ങളും കേന്ദ്രഗവൺമെന്റും സ്വീകരിച്ചേ മതിയാകൂ. അതിന്റെ ഭാഗമാണ് എം.ജി.പി., നിയമപരിഷ്ക്കാരവും അതിന്റെ ഭാഗമാണ്. ആവശ്യമായ പരിഷ്ക്കാരങ്ങൾ നേടി കടുത്ത മത്സരം നേരിടുന്ന പൊതുവിപണിയിൽ മത്സരിക്കാനുള്ള ഭരണ പരിഷ്ക്കാരങ്ങൾ എല്ലാ ഭാഗത്തും ഉണ്ടായേ പറ്റൂ. നൂറ്റാണ്ടുകൾക്കു മുമ്പ് കൊണ്ടു വന്ന അതേ സിസ്റ്റം ഇപ്പോഴും നിലനിർത്തണമെന്നാണോ നിങ്ങൾ ആവശ്യപ്പെടുന്നത് ? ഈ പറയുന്ന സ്കീംസിന്റെ അസിസ്റ്റൻസ് നമുക്ക് നേടിയെടുക്കണ്ടേ ? കോടിക്കണക്കിന് രൂപയാണ് സെൻട്രൽ ഗവൺമെന്റ് ഈ പദ്ധതിക്കുവേണ്ടി ചെലവാക്കുന്നത്. ഒന്നുരണ്ടു പദ്ധതികൾ മാത്രം സൂചിപ്പിക്കാം. Accelerated Power Development Reform Programme, Accelerated Irrigation Benefit Programme, Urban Reforms Incentive Fund, Rural Infrastructure Development Fund തുടങ്ങിയ പദ്ധതികളുണ്ട്. അതുകൂടാതെ ഇപ്പോൾ 2,500 കോടിരൂപ ഇവിടെ ഇത് ഇംപ്ലിമെന്റ് ചെയ്യുന്നതിന് വേണ്ടി കേന്ദ്രം വകയിരുത്തിയിരിക്കുകയാണ്. ഈ സാഹചര്യത്തിലാണ് നമ്മുടെ ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി ഈ ബിൽ മൂവ് ചെയ്തിരിക്കുന്നത്. നമ്മുടെ സംസ്ഥാനത്തിന്റെ സാമ്പത്തിക നില നമുക്കറിയാം. കഴിഞ്ഞ കുറെ വർഷങ്ങളായി റവന്യൂ കമ്മി വർദ്ധിക്കുകയാണ്. അതനുസരിച്ച് ധനകമ്മിയും വർദ്ധിക്കുകയാണ്. നേരത്തെ സൂചിപ്പിച്ചതുപോലെ മാറിമാറി വരുന്ന ഗവൺമെന്റുകൾ ധാരാളം പൊതുകടമെടുക്കുകയാണ്. ഈ കടമെടുത്തുകൊണ്ട് കടത്തിന്റെ സർവ്വീസ് ചാർജ്ജ് നമ്മുടെ വരുമാനത്തിന്റെ പകുതിയിലേറെ തുക കടത്തിന്റെ സർവ്വീസ് ചാർജ്ജ് ഇനത്തിൽ കൊടുക്കുകയാണ്. അതാണ് പ്രശ്നം. അതിനെക്കുറിച്ചൊക്കെയുള്ള തർക്കങ്ങളുണ്ട്. ഞാൻ അതിലേക്ക് വരുന്നില്ല. റവന്യൂ കമ്മിയുടെ കാര്യത്തിൽ 1987-ൽ ഞങ്ങൾ അധികാരത്തിൽ നിന്ന് വിട്ടുപോകുമ്പോൾ 152 കോടി രൂപ മാത്രമായിരുന്നു റവന്യൂ കമ്മി. അത് 1991-ൽ എൽ.ഡി.എഫ്. ഭരണത്തിൽ നിന്നും പോകുമ്പോൾ അന്ന് 152 കോടി രൂപയായിരുന്നത് 422 കോടി രൂപയായി വർദ്ധിച്ചു. ഞങ്ങൾ 1991-ൽ അധികാരത്തിൽ വരുമ്പോൾ 422 കോടി രൂപയുണ്ടായിരുന്നു. 1996-ൽ ഞങ്ങൾ അധികാരത്തിൽ നിന്നും പോകുമ്പോൾ അത് വളരെ കുറച്ചു. കേരളത്തിന്റെ ധനമാനേജ്മെന്റിന്റെ സുവർണ്ണകാലം എന്നു പറയുന്നത് 1991-96 ആണ്. എല്ലാ ഫിസ്ക്കൽ ഇൻഡിക്കേറ്റേഴ്സും നോക്കിയാൽ ടാക്സ് കളക്ഷനായാലും ധനമാനേജ്മെന്റിന്റെ കാര്യത്തിലായാലും എല്ലാ കാര്യത്തിലും, പഴയ ധനകാര്യ വകുപ്പുമന്ത്രി ശ്രീ. ടി. ശിവദാസമേനോൻ 1997-ൽ അവതരിപ്പിച്ച ബഡ്ജറ്റിൽ ഓപ്പണിംഗ് ബാലൻസ് വച്ചുകൊണ്ടാണ് അദ്ദേഹത്തിന്റെ ബഡ്ജറ്റ് എസ്റ്റിമേറ്റ് ആരംഭിക്കുന്നത്. അതായത് 1996-ലെ ഗവൺമെന്റിന്റെ അവസാന കാലഘട്ടത്തിൽ മിച്ചം വന്നിരിക്കുന്നു എന്ന് പറഞ്ഞുകൊണ്ട് സർപ്ലസ് ആയിട്ടാണ് ഓപ്പണിംഗ് ബാലൻസ് തുടങ്ങിയിരിക്കുന്നത്. അത്ര നല്ല സാമ്പത്തിക മാനേജ്മെന്റാണ് അതു വരെ ഉണ്ടായിരുന്നത്. പിന്നീട് വന്നിരിക്കുന്ന വർഷങ്ങളിൽ 1997-98-ൽ അത് ഒറ്റ വർഷം കൊണ്ട് 1,123 കോടി രൂപയായി റവന്യൂ കമ്മി. 1998-99-ൽ അത് വീണ്ടും

LIBRARY ARCHIVES Kerala Legislative Assembly

ഇരട്ടിയായി. 2,030 കോടി രൂപയായി. ശ്രീ. രാധാകൃഷ്ണനൊക്കെ മന്ത്രിയായിരുന്നപ്പഴുള്ള കാര്യമാണ് പറയുന്നത്. 1999-2000-ൽ 2,030 കോടി രൂപ ഉണ്ടായിരുന്നത് 3,624 കോടി രൂപയായി ഒരു വർഷം മാത്രം അതായത് 2000-01-ൽ മാത്രം സ്വൽപ്പം കുറഞ്ഞിട്ടുണ്ട്. അതായത് സർപ്ലസ് ഉണ്ടായിരുന്ന ഒരു ഖജനാവ് നിങ്ങളുടെ കയ്യിൽ കിട്ടിയപ്പോൾ 5 വർഷക്കാലംകൊണ്ട് ഓരോ വർഷവും ആയിരംകോടി രൂപ വച്ച് റവന്യൂ കമ്മിയുണ്ടാക്കി അവസാനം 3,147 കോടി രൂപ കമ്മിയാക്കി. ഞങ്ങൾ അധികാരത്തിൽ വന്ന ഉടനെ 3147 കോടി രൂപ റവന്യൂ കമ്മി ഉണ്ടായിരുന്നത് 2606 കോടി രൂപയാക്കി കുറച്ചു. റവന്യൂ കമ്മി വർദ്ധിച്ചുവരുന്ന ടെൻഡൻസി തടഞ്ഞു നിർത്തിയും അത്യാവശ്യ സാമ്പത്തിക മാനേജുമെന്റ് നടത്തിയും 2606 കോടി രൂപയാക്കി കുറച്ചു. ഈ പണം കുറച്ചതിന്റെ പാരിതോഷികമായി, അതായത് നല്ല സാമ്പത്തിക അച്ചടക്കം പാലിച്ച്, നല്ല സാമ്പത്തിക മാനേജുമെന്റ് കാണിച്ചതിന്റെ അംഗീകാരമായി കേന്ദ്ര ഗവൺമെന്റ് 5 ശതമാനം ഗ്രാന്റ് കൊടുക്കാമെന്ന് സമ്മതിച്ചിട്ടുണ്ട്. മൂന്നൂറിൽപ്പരം കോടി രൂപയുടെ ഗ്രാന്റ് റവന്യൂ കമ്മി കുറച്ചു വെങ്കിലും ഈ വർഷം കൂടുതൽ റവന്യൂ കമ്മി ഉണ്ടാകുമെന്നുള്ള സൂചനകൾ ഉണ്ടായിരിക്കുന്നു. ഏതായാലും സി.എ.ജി. റിപ്പോർട്ട് പുറത്തുവന്നിട്ടില്ല. ഇടനാഴിയിൽനിന്നു കിട്ടുന്ന വിവരംകൊണ്ടാണ് ഇന്നലെ പ്രതിപക്ഷ മെമ്പർമാരും ഇന്ന് ഞാനും ഒക്കെ ഇവിടെ സംസാരിക്കുന്നത്. റവന്യൂ കമ്മി കാര്യമായി ഈ വർഷം വർദ്ധിച്ചിട്ടുണ്ട്. കഴിഞ്ഞ വർഷത്തെപ്പോലെ കുറയ്ക്കുവാൻ കഴിഞ്ഞിട്ടില്ലായെന്നുള്ള ആക്ഷേപം ഉണ്ടായിക്കൊണ്ടിരിക്കുന്നു. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഉണ്ടായിരുന്ന മിസ് മാനേജ്മെന്റ് സാമ്പത്തിക രംഗത്തെ ബാധിച്ചിരുന്ന, ഗ്രസിച്ചിരുന്ന ദുർഭൂതം ഈ ഗവൺമെന്റിനെയും പൂർണ്ണമായി വിട്ടില്ല എന്നൊരു ആക്ഷേപം എനിക്കുമുണ്ട്. അതുപോലുള്ള മാനേജുമെന്റാണോ ഈ സർക്കാരും തുടരുന്നത് ? അങ്ങനെയാണെങ്കിൽ 1996 അവസാനം ആയപ്പോൾ സംഭവിച്ച അത്തരം ഒരു രംഗത്തേക്ക് എത്തിച്ചേരാനാവില്ലല്ലോ ? ധനകാര്യ വകുപ്പിന്റെ അനുമതിയില്ലാതെ കൺസോളിഡേറ്റഡ് ഫണ്ടിൽനിന്ന് പണം എടുക്കുന്നത് തെറ്റാണ്. അത് റൂൾസ് ഓഫ് ബിസിനസ്സിന് എതിരാണ്. യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്തായാലും എൽ.ഡി.എഫ് ഗവൺമെന്റിന്റെ കാലത്തായാലും കൺസോളിഡേറ്റഡ് ഫണ്ടിൽനിന്ന് ധനകാര്യ വകുപ്പിന്റെ അനുമതിയില്ലാതെ പണം എടുക്കുന്നത് ശരിയല്ല. ക്യാബിനറ്റ് അറിഞ്ഞോ അറിയാതെയോ ബഡ്ജറ്റ് എസ്റ്റിമേറ്റ് ഇല്ലാത്ത കാര്യങ്ങൾക്ക് പണം കൊടുക്കുന്നത് ശരിയല്ല. ആ ട്രെന്റ് നല്ലതല്ല. ആ ട്രെന്റ് നായനാർ ഗവൺമെന്റിന്റെ കാലത്ത് കേരളത്തെ സാമ്പത്തികമായി തകർത്തുതരിപ്പണമാക്കി. അത് ഇപ്പോഴും നിലനിർത്താൻ പാടില്ലായെന്നാണ് എനിക്ക് സൂചിപ്പിക്കുവാനുള്ളത്. അന്ന് പി.ഡബ്ല്യു.ഡി.-യിൽത്തന്നെ 600 കോടിയോളം രൂപ യാതൊരുവിധ അനുമതിയുമില്ലാതെ കൊടുത്തു. അങ്ങനെയല്ല സാമ്പത്തിക സ്ഥിതി ഈ നിലയിലായത്. ബഡ്ജറ്റിൽ ഒന്നുപറയുന്നു. വേറെ പണം പിന്നെയുമിരിക്കുന്നു. ആ ട്രെന്റ് ഇപ്പോൾ തുടരാൻ പാടില്ല എന്നാണ് എനിക്ക് സൂചിപ്പിക്കുവാനുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ബിനോയ് വിശ്വം : അങ്ങയുടെ വാദം വളരെ ശരിയാണ്. അങ്ങ് ആത്മാർത്ഥമായി പറയുകയാണെങ്കിൽ ഈ ബില്ലിലെ പത്താം വകുപ്പ് നീക്കം ചെയ്യാൻ അങ്ങ് ആവശ്യപ്പെടുമോ ? പത്താം വകുപ്പിൽ പറയുന്നു, ഉത്തമ വിശ്വാസത്തോടുകൂടി ചെയ്യുന്ന ഏത് കാര്യവും സർക്കാരോ, കമ്മിറ്റിയോ, ഉദ്യോഗസ്ഥരോ എന്തു ചെയ്താലും യാതൊരു വ്യവഹാരമോ പ്രോസിക്യൂഷനോ പാടില്ലായെന്ന്. ഇതൊന്ന് നീക്കം ചെയ്യാൻ പറയുമോ ?

ശ്രീ. വി. ഡി. സതീശൻ : ആ പോയിന്റ് മാറ്റേണ്ട ആവശ്യമില്ല. സെൻട്രൽ ബില്ലിനെക്കുറിച്ച് ലോകസഭയിൽ ചർച്ചനടന്നപ്പോൾ ആ പ്രൊസീഡിംഗ്സ് ഞാൻ നോക്കിയതാണ്. അതിനെക്കുറിച്ച് തർക്കമുണ്ടായിരുന്നു. പാർലമെന്റിൽ പൊതുവായ കൺക്ലൂഷനിലെത്തിയത് ധനകാര്യ സംബന്ധിയായ കാര്യങ്ങളെക്കുറിച്ച് ചർച്ച ചെയ്ത് തീർപ്പുകൽപ്പിക്കുന്നതിനുള്ള ഒരു കോംപീറ്റന്റ് അതോറിറ്റിയായി കോടതിയെ കാണാൻ പാടില്ല എന്നാണ്. അല്ലെങ്കിൽ ഗവൺമെന്റ് റവന്യൂ ഡെഫിസിറ്റിനെക്കുറിച്ചും ഫിസ്ക്കൽ ഡെഫിസിറ്റിനെക്കുറിച്ചും കാര്യങ്ങൾ ചർച്ച ചെയ്ത് അത് സംബന്ധിച്ച് തീരുമാനം എടുക്കുവാനും ഫൈനിംഗിൽ എത്തിച്ചേരാനുമുള്ള കോംപീറ്റന്റ് അതോറിറ്റി കോടതിയല്ല. പക്ഷേ, എന്റെ വാദഗതി ഈ നിയമത്തിലെ ചെലവ് പുനഃപരിശോധന കമ്മിറ്റി ആറാം ക്ലാസിൽ ഇപ്പോൾ ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ തെറ്റായി നടപടികൾ സ്വീകരിച്ചാൽ, ടാർജറ്റ് തെറ്റിയാൽ അല്ലെങ്കിൽ തെറ്റായി ധനവിനിയോഗം നടത്തിയാൽ ഉദ്യോഗസ്ഥരെ അല്ലെങ്കിൽ ഉത്തരവാദപ്പെട്ട ആളുകളെയും ശിക്ഷിക്കുവാൻ യാതൊരു പവേഴ്സും ഇതിലില്ല. ഉണ്ടാകണമെന്നാണ് എന്റെയും നിർദ്ദേശം. ധനവിനിയോഗ കാര്യങ്ങളിൽ കുഴപ്പമുണ്ടാക്കുന്ന ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർ ആരായാലും ശിക്ഷണ നടപടികൾക്ക് വിധേയമാക്കേണ്ട പ്രൊവിഷൻ, പീനൽ പ്രൊവിഷൻ ഉൾപ്പെടെ ഈ നിയമത്തിൽ ഉണ്ടാകണമെന്നാണ് എന്റെ ആഗ്രഹം.

ശ്രീ. പി. ടി. തോമസ് : ബഹുമാനപ്പെട്ട അംഗം പറഞ്ഞുവരുന്നത് കർക്കശമായ ധനകാര്യ മാനേജുമെന്റ് ഏർപ്പെടുത്തണമെന്നുള്ളതാണ്. അതിനോട് ബഹുമാനപ്പെട്ട ബിനോയ് വിശ്വം യോജിക്കുകയുണ്ടായി. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് അഞ്ഞൂറിൽപ്പരം കോടി രൂപ ടെണ്ടർ ചെയ്യാതെ പി.ഡബ്ല്യൂ.ഡി. കൊടുക്കുകയും അതുൾപ്പെടെ പ്ലസ് ടു ഇടപാടുകളുമായി ബന്ധപ്പെട്ടുള്ളതും ആണ്. കേരളത്തിലെ സമ്പദ്ഘടനയെ തകർത്തതെന്ന കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീ. വി. ഡി. സതീശൻ : തീർച്ചയായും.

ശ്രീ. മത്തായി ചാക്കോ : അങ്ങ് ഇവിടെ 1991-96 കാലഘട്ടത്തിലാണ് ഏറ്റവും കൂടുതൽ റവന്യൂ കമ്മി കുറഞ്ഞ കാലഘട്ടമെന്ന് പറഞ്ഞു. ഞാൻ അത് വാദത്തിന് അംഗീകരിക്കുകയാണ്. എന്നാൽ അങ്ങനെ റവന്യൂ കമ്മി കുറയ്ക്കുന്ന രൂപത്തിൽ സാമ്പത്തിക അച്ചടക്കം പാലിച്ചിട്ടുള്ള ആ ഗവൺമെന്റിലെ 1995-ലെ മുഖ്യമന്ത്രിയെ മാറ്റാൻ വേണ്ടി ഇത്ര താല്പര്യമെടുത്ത കാര്യമെന്താണ് ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. ഡി. സതീശൻ : ഞാൻ ഈ ബില്ലിനെ കുറിച്ചാണ് സംസാരിക്കുന്നത്. അന്നത്തെ ഗവൺമെന്റ് മാറിയത് രാഷ്ട്രീയപരമായ കാരണങ്ങളാലാണ്. ഞാൻ അതിലേക്ക് പോകുന്നില്ല. ശ്രീ. പി. ടി. തോമസ് സൂചിപ്പിച്ചതുപോലെ സംസ്ഥാനത്തിന്റെ ധനസ്ഥിതിയെ ബാധിക്കുന്ന, യാതൊരു നിയന്ത്രണവുമില്ലാതെ പണം കൊടുത്തതുകൊണ്ടാണ് ഈ പ്രശ്നങ്ങൾ മുഴുവൻ ഉണ്ടായത്. ഈ നിയമത്തിന്റെ മൂന്നാം ക്ലാസിൽ പറയുന്നത്, ആവശ്യമായ ഫിസ്ക്കൽ സ്റ്റേറ്റുമെന്റ് എല്ലാ വർഷവും വാർഷിക ബഡ്ജറ്റിനോടൊപ്പം ഉണ്ടാകണമെന്നാണ്. അതുപോലെ ഫിനാൻഷ്യൽ മാനേജുമെന്റിന്റെ പ്രശ്നങ്ങളെപ്പറ്റി ക്ലാസ് നാലിൽ പറയുന്നു. ട്രാൻസ്പേരൻസിയാണ് ക്ലാസ് അഞ്ചിൽ പറയുന്നത്. ഇപ്പോഴുള്ള പുതിയ ട്രെന്റ് എന്നുപറയുന്നത് രഹസ്യ സ്വഭാവം ഇല്ലാതാക്കിക്കൊണ്ടുവരുന്നു എന്നുള്ളതാണ്. പണ്ട് നമ്മുടെ ചെറുപ്പകാലത്ത് കേട്ടിട്ടുള്ളത് ഏറ്റവും വലിയ രഹസ്യ സ്വഭാവം ബഡ്ജറ്റിനുണ്ടായിരുന്നു എന്നാണ്. ധനകാര്യ മന്ത്രി ബഡ്ജറ്റ് അവതരിപ്പിക്കുവാൻ വേണ്ടി ബ്രീഫ്കേസുമായിട്ട് വരുന്ന ചിത്രം വലിയ പ്രാധാന്യം കൊടുത്തിരുന്നതാണ്. പണ്ട് കേന്ദ്ര ഗവൺമെന്റ് ബഡ്ജറ്റ് അവതരിപ്പിക്കുന്നതിന്റെ തലേ ആഴ്ച വലിയ കോർപ്പറേറ്റ് കമ്പനികൾ ഡിറ്റക്ടീവ് ഏജൻസികളുമായി ബന്ധപ്പെട്ട് ഫൈനാൻസ് മിനിസ്റ്ററുടെ ഭാര്യയും മറ്റു കുടുംബാംഗങ്ങളും ഷോപ്പിംഗ് നടത്താൻ പോകുമ്പോൾ ഫോളോ ചെയ്യുമായിരുന്നു. ഷാഡോ ചെയ്യുമായിരുന്നു. എന്നിട്ട് അവർ ഏത് സാധനങ്ങളാണ് വാങ്ങിക്കൂട്ടുന്നതെന്ന് നോക്കുമായിരുന്നു. കാരണം ആ സാധനങ്ങൾക്ക് നാചാറലായിട്ട് വില വർദ്ധിക്കുവാനുള്ള സാഹചര്യങ്ങളുണ്ട്. എന്നുള്ള കണക്കിൽ പുഴ്ത്തിവയ്പ് ഉണ്ടാകാനുള്ള സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്. ഇപ്പോൾ ട്രെന്റ് മാറി. പുതിയ ധനമാനേജുമെന്റിലൂടെ ട്രാൻസ്പേരൻസി കൂടുതൽ ഉണ്ടാകണമെന്നാണ്. അതിന് പുതിയ സാമ്പത്തിക നയത്തിന്റെ റിഫ്ളക്ഷൻ എന്നു പറയുന്നത് ഈ ട്രാൻസ്പേരൻസി ക്ലാസിലുണ്ട്.

ശ്രീ. കെ. ബാബു : ബഡ്ജറ്റ് അവതരിപ്പിക്കുമ്പോൾ ധനകാര്യ മന്ത്രിമാർ പെട്ടിയുമായിട്ട് വരുന്നതിനു പകരം പെട്ടിയുംകൊണ്ട് പോകുകയാണെന്നുള്ള കാര്യം അങ്ങേക്ക് അറിയാമോ ?

ശ്രീ. എ. കെ. ബാലൻ : ബഹുമാനപ്പെട്ട സതീശനോട് ഒരു കാര്യം ചോദിക്കുവാനുള്ളത് ഈ ബില്ലിന്റെ ഉള്ളടക്കത്തിൽ വളരെ പ്രധാനപ്പെട്ട ഒരു ഭാഗത്ത് 2003 മുതൽ 2007 വരെയുള്ള കാലഘട്ടത്തിൽ റവന്യൂ കമ്മി സീറോ ആയിക്കൊണ്ടുവന്ന് ധനകമ്മി ജി.ഡി.പി.-യുടെ 1.5 ശതമാനം ആക്കി ചുരുക്കുന്നതിനും എന്നു പറയുന്നുണ്ട്. റവന്യൂ കമ്മി ചുരുക്കിക്കൊണ്ടുവന്നു ഉൽപ്പാദന മേഖലയിലിതുകൊണ്ടുപോകുക എന്നതാണ്. ഇതു നടക്കുന്നില്ലായെന്ന് വിചാരിക്കുക. ഇത് എൻഫോഴ്സ് ചെയ്യാൻ എന്തായാലും ഒരു ക്ലാസ് ഇതിൽ ഇല്ല.

ശ്രീ. വി. ഡി. സതീശൻ : ആ പോയിന്റ് ഞാൻ സൂചിപ്പിച്ചു. പ്രധാനമായും ജി.ഡി.പി.-യുടെ റേഷ്യോ രണ്ട് ശതമാനത്തിന് താഴെയാകാം. മൂന്നു ശതമാനം വരെയാണ് നമ്മുടെ സ്റ്റാന്റേർഡ് റേറ്റെന്ന് പറഞ്ഞത്. ഇത് നടപ്പിലാക്കുന്നതിന് ആവശ്യമായ നിർദ്ദേശം, തെറ്റിക്കഴിഞ്ഞാൽ നടപടികൾ സ്വീകരിക്കുവാൻവേണ്ടി പീനൽ പ്രൊവിഷൻവരെ ഉണ്ടാകണമെന്നാണ് ഞാൻ ഈ പ്രസംഗത്തിൽ

ഉദ്ദേശിച്ചത്. കമ്മി നിയന്ത്രിക്കണം. അതിലാണ് ഏറ്റവും പ്രധാനപ്പെട്ട ദോഷമുള്ളത്. കമ്മി നിയന്ത്രിക്കുവാനുള്ള ശ്രമങ്ങൾ നമ്മുടെ സാമ്പത്തിക വളർച്ചയെയും വികസനത്തെയും ബാധിക്കാത്ത രീതിയിലാകണം. കാരണം കമ്മി നിയന്ത്രിക്കുക എന്നത് ബുക്ക് അഡ്ജസ്റ്റുമെന്റും അല്ലെങ്കിൽ പ്ലാൻ ഫണ്ട് മുഴുവൻ കട്ടു ചെയ്തു കൊണ്ട് അല്ലെങ്കിൽ ബഡ്ജറ്റ് എസ്റ്റിമേറ്റ് മുഴുവൻ കട്ടു ചെയ്തുകൊണ്ട് എല്ലാ വർഷവും ഇത് ആവർത്തിക്കുന്നത് ശരിയല്ല. ഇപ്പോൾ ഇലക്ട്രിസിറ്റി ആക്ടുണ്ട്. ആ ആക്ടിൽ പറഞ്ഞിരിക്കുന്നത് എല്ലാ വൈദ്യുതി ബോർഡുകളും മൂന്നു ശതമാനം ലാഭമുണ്ടാക്കിയിരിക്കണമെന്നതാണ്. ഒരു ബോർഡും ഇന്നലെവരെ മൂന്നു ശതമാനം ലാഭമുണ്ടാക്കിയിട്ടില്ല. ചെയ്യുന്നത് മൂന്നു ശതമാനം ലാഭമുണ്ടാക്കുവാൻ വേണ്ടി ബഡ്ജറ്റ് എസ്റ്റിമേഷൻ എക്സ്പെക്ടഡ് എമൗണ്ട് എന്നുപറഞ്ഞ് നഷ്ടം വരുന്ന എമൗണ്ടും അല്ലാതെ വരുന്ന എമൗണ്ടും കൂടികൂട്ടും. അങ്ങനെ കൂട്ടിച്ചേർത്ത് ബുക്കിൽ മൂന്നു ശതമാനം ലാഭമുണ്ടാക്കി കാണിക്കും. അങ്ങനെ ഉണ്ടാക്കരുത്. അങ്ങനെ ഉണ്ടാക്കി വികസനത്തെ തടസ്സപ്പെടുത്തരുത്. റിഭവ സമാഹരണം, എക്സ്പെന്റിച്ചർ പോളിസി, അതിന്റെ മാനേജുമെന്റ് തുടങ്ങിയ മൗലിക വിഷയങ്ങളെക്കുറിച്ച് ഈ ബില്ലിൽ കുറേക്കൂടി സൂചനകൾ വേണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. ന്യൂമെറിക്കൽ ടാർജറ്റല്ല. അതു മാത്രമല്ല നമ്മുടെ ലക്ഷ്യം. നമ്മുടെ സാമ്പത്തിക മാനേജുമെന്റ് ശക്തമാക്കി കാര്യക്ഷമത വർദ്ധിപ്പിച്ച് നികുതിയേതര റവന്യൂവും നികുതി വരുമാനവും വർദ്ധിപ്പിച്ച് വികസനേതര ചെലവുകൾ ചുരുക്കി കൊണ്ടുവരണം. ഈ ബില്ലിന്റെ യഥാർത്ഥ ലക്ഷ്യത്തെ കുറിച്ച്, ധനസ്ഥിതി സ്റ്റെബിലൈസ് ചെയ്യേണ്ട കാര്യങ്ങളെക്കുറിച്ച് നമ്മുടെ മന്ത്രിമാർ, എം.എൽ.എ.മാർ, പൊതുജനങ്ങൾ ഉൾപ്പെടെയുള്ളവരെ ബോധ്യപ്പെടുത്തണം.

ശ്രീ. തമ്പാനൂർ രവി : സർ, ഗവൺമെന്റായിരുന്നാലും പബ്ലിക് സെക്ടറായിരുന്നാലും ഫിനാൻഷ്യൽ മാനേജ്മെന്റിൽ എക്സ്പെർട്ടൈസ് എന്ന ഒരു സംവിധാനം ഇന്നില്ല. ഫിനാൻഷ്യൽ മാനേജ്മെന്റിൽ എക്സ്പെർട്ടൈസ് താഴോട്ടുള്ള മേഖലയിൽ വരെ ഉണ്ടാക്കുന്ന കാര്യത്തെക്കുറിച്ച് നിങ്ങളുടെ അഭിപ്രായം എന്താണ് ?

ശ്രീ. വി. ഡി. സതീശൻ : തീർച്ചയായിട്ടും അങ്ങു പറഞ്ഞ അഭിപ്രായത്തോട് ഞാൻ യോജിക്കുന്നു. എനിക്കു പറയാനുള്ളത്, നമ്മുടെ പൂവർ ബഡ്ജറ്റിംഗ് അവസാനിപ്പിക്കണം. കൃാഷ് മാനേജ്മെന്റിൽ നിയന്ത്രണമുണ്ടാകണം. ബഡ്ജറ്റ് കൺസ്ട്രെയ്ൻസ് റൂൾസ് ഉണ്ട്. ആ റൂൾസിനകത്ത് നിന്നുകൊണ്ട് ബഡ്ജറ്റ് നന്നായി തയ്യാറാക്കാൻ കഴിയണം. ഇത്തരം കാര്യങ്ങൾ ശ്രദ്ധിച്ചാൽ പദ്ധതിയിതര ചെലവുകൾ യുക്തിപരമായി കുറയ്ക്കുകയും നികുതിപിരിവ് വർദ്ധിപ്പിക്കുകയും റവന്യൂ വരുമാനം വർദ്ധിപ്പിക്കുകയും റവന്യൂ ചെലവ് കുറയ്ക്കുകയും ചെയ്താൽ നാലഞ്ചു വർഷം കൊണ്ട് നമ്മൾ ഉദ്ദേശിക്കുന്ന, മിഡ് ടേമാണ് ഉദ്ദേശിക്കുന്നതെങ്കിൽ, മിതകാലമാണ് ഉദ്ദേശിക്കുന്നതെങ്കിൽ റവന്യൂ മിച്ചമുണ്ടാക്കാൻ കഴിയും. ഞാൻ ഈ ബില്ലിനെ പിൻതാങ്ങുന്നു.

ശ്രീ. സി. ടി. അഹമ്മദ് അലി : സർ, 2003-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത ബില്ലിനെ ഞാൻ അനുകൂലിക്കുകയാണ്. സംസ്ഥാനത്തിന്റെ വരവിനനുസരിച്ച് പദ്ധതികൾ തയ്യാറാക്കി, ആ പദ്ധതികൾക്ക് രൂപം നൽകി നടപ്പിലാക്കി കമ്മി കുറച്ചുകൊണ്ടുവരാൻ ഗവൺമെന്റ് മുമ്പോട്ടു വരണം. കമ്മി

LIBRARY ARCHIVES Kerala Legislative Assembly

കുറയ്ക്കുകയും മിച്ചം വർദ്ധിപ്പിക്കുകയും ചെയ്ത് സാമ്പത്തിക നില ഭദ്രമാക്കുക എന്നതാണ് ഈ ബില്ലിന്റെ ഉദ്ദേശം. സാമ്പത്തിക അച്ചടക്കം കൈവരിക്കുക എന്നുള്ളതാണ് ഈ ബിൽ കൊണ്ടുദ്ദേശിക്കുന്നത്. വായ്പകളുടെ പലിശയായി വലിയ തുക ഇന്ന് ഓരോ വർഷവും നാം നൽകി വരികയാണ്. അതേയവസരത്തിൽ വായ്പകളുടെ പലിശ വളരെയേറെ കുറഞ്ഞു വരുന്നുണ്ട്. ഈ സാഹചര്യത്തിൽ പഴയ വായ്പകൾ തിരിച്ചടച്ച് അത് പുതുക്കി ചുരുങ്ങിയ പലിശനിരക്കിലുള്ള വായ്പകൾ, വാങ്ങി പുതുക്കണമെന്നാണ് ഈ സന്ദർഭത്തിൽ അഭ്യർത്ഥിക്കാനുള്ളത്. അല്ലാതെ വരുമ്പോൾ സ്വാഭാവികമായും എത്രയോ കോടി രൂപ പലിശയിനത്തിൽ ഓരോ വർഷവും നമുക്ക് നഷ്ടം വരുന്നുണ്ട്. വായ്പയെടുത്ത് ചെലവ് ചെയ്തതിന്റെ ഫലമായി സംസ്ഥാനത്തെ വമ്പിച്ച സാമ്പത്തിക തകർച്ചയിലേക്കാണ് കഴിഞ്ഞ ഗവൺമെന്റ് കൊണ്ടെത്തിച്ചത്. നമ്മുടെ ധനകാര്യവകുപ്പുമന്ത്രി ഈ വകുപ്പ് ഏറ്റെടുക്കുമ്പോൾ എത്രമാത്രം ധൈര്യമുണ്ടായി എന്നു ഞാൻ ആശ്ചര്യപ്പെടുകയാണ്. അത്രമാത്രം സാമ്പത്തിക പ്രതിസന്ധി ഉണ്ടായിരുന്നു. സർക്കാർ ജീവനക്കാർക്കുപോലും ശമ്പളം കൊടുക്കാൻ കഴിയാത്ത ഒരു സാഹചര്യമായിരുന്നു. പ്ലസ് ടു അധ്യാപകരെ നിയമിച്ചുവെങ്കിലും അവരുടെ തസ്തിക സൃഷ്ടിക്കുകയോ അവർക്കാവശ്യമായ ശമ്പളം നൽകാനാവശ്യമായ ഫണ്ട് ബഡ്ജറ്റിൽ ഉൾക്കൊള്ളിക്കുകയോ ചെയ്യാതെ കോടിക്കണക്കിന് രൂപയുടെ ബാധ്യതയാണ് പ്ലസ് ടു സ്കൂളുകൾ കഴിഞ്ഞ ഗവൺമെന്റ് നൽകിയതുവഴി ഈ ഗവൺമെന്റിന് ഏറ്റെടുക്കേണ്ടി വന്നത്. മറ്റൊരുകാര്യം ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താനുള്ളത്, ലാബ് അറ്റൻഡർമാരുടെ കാര്യമാണ്. പ്ലസ് ടു അധ്യാപകർക്ക് അംഗീകാരം നല്കിയെങ്കിലും നാലഞ്ചു വർഷത്തോളമായി ലാബ് അറ്റൻഡർമാർക്ക് ഇന്നും ശമ്പളം കിട്ടാതെ, സ്വന്തമായി വായ്പ വാങ്ങിയാണ് അവർ ബസ്സിലും മറ്റും യാത്ര ചെയ്ത് സ്കൂളുകളിൽ എത്തിച്ചേരുന്നത്. ഗവൺമെന്റ് ഉത്തരവുപ്രകാരം നാലു പേരെ നിയമിക്കേണ്ടതുണ്ടെങ്കിലും രണ്ടു തസ്തികയിൽ മാത്രമാണ് അവരെ നിയമിച്ചിട്ടുള്ളത്. അതുകൊണ്ട് 4 ലാബ് അറ്റൻഡർമാരുടേയും തസ്തികകൾ സൃഷ്ടിച്ച് അവർക്കാവശ്യമായ ഫണ്ടുകൾ നീക്കിവച്ച് അവർക്ക് എത്രയും വേഗത്തിൽ അംഗീകാരം നൽകി ആവശ്യമായ ശമ്പളം നൽകാനുള്ള നടപടികൾ എടുത്ത് ഗവൺമെന്റ് ആ പാവപ്പെട്ടവരെ രക്ഷിക്കണമെന്നാണ് എനിക്ക് ധനകാര്യവകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കാനുള്ളത്. നമ്മുടെ ഭരണരംഗത്ത് ഒരു പരിഷ്ക്കാരം അനിവാര്യമാണ്. സാമ്പത്തിക അച്ചടക്കം പാലിച്ചുകൊണ്ട് ഭരണം കാര്യക്ഷമമാക്കുക, അതോടൊപ്പം കാലതാമസവും അഴിമതിയും ഇല്ലാതാക്കുക, എല്ലാവർക്കും തുല്യനീതി ഉറപ്പുവരുത്തുക അതായിരിക്കണം നമ്മുടെ ഭരണരംഗത്തെ പരിഷ്ക്കരണത്തിന്റെ പ്രധാനമായിട്ടുള്ള കാര്യങ്ങൾ.

ശ്രീ. കളത്തിൽ അബ്ദുള്ള : ബഹുമാനപ്പെട്ട കാസർകോട് മെമ്പർ ഭരണ പരിഷ്ക്കാരത്തെക്കുറിച്ചാണ് പറയുന്നത്. എല്ലാ ഭരണപരിഷ്ക്കാരങ്ങളുടേയും ആകെത്തുക ജനങ്ങളാണ്. പലപ്പോഴും നമ്മുടെ ഗവൺമെന്റ് ആഫീസുകളിലേക്ക് ഫയലുകൾ പോയാൽ കടലിൽ കല്ലിട്ടതിന് സമാനമാണ്. നിയമസഭയിൽ ബഹുമാനപ്പെട്ട പല മെമ്പർമാരും ചർച്ച ചെയ്യുമ്പോൾ, എം.ജി.പി. വരുമ്പോൾ, ഭരണ പരിഷ്ക്കാരം വരുമ്പോൾ ഉദ്യോഗസ്ഥന്മാരുടെ ആനുകൂല്യം

LIBRARY ARCHIVES Kerala Legislative Assembly

വെട്ടിക്കുറയ്ക്കുന്നതും ജീവനക്കാർ കെണിയിലാകുന്നതും... പക്ഷേ മഹാഭൂരിപക്ഷം വരുന്ന സാധാരണക്കാരും പാവങ്ങളും ഗുണഭോക്താക്കളുമായ ആളുകളുടെ കാര്യം ഈ സഭയിൽ വരെ ചർച്ചയിൽ വരുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീ. സി. ടി. അഹമ്മദ് അലി : ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ കാര്യം ശരിയാണ്. ശുപാർശയില്ലാത്ത സാധാരണക്കാരുടെ സ്ഥിതി, പല ആഫീസുകളിലും അവരുടെ കടലാസുകൾ കാണാതാകുകയാണ്. പല പേപ്പറുകളും പുറത്തു വരുന്നില്ല. അതുകൊണ്ട് അടിയന്തരമായി ഭരണരംഗത്ത് ഒരു പ്രയോറിറ്റി ആവശ്യമാണ്. അല്ലെങ്കിൽ വർഷങ്ങളോളം ആയ ഫയലുകൾ പുറത്തു വരാതിരിക്കുകയും പെട്ടെന്ന് ആരെങ്കിലും ശുപാർശ പറഞ്ഞാൽ ഫയലുകൾ നീങ്ങുകയും ചെയ്യുന്നു. അതു മാറ്റി മുൻഗണനാടിസ്ഥാനത്തിൽ, ആരു ശുപാർശ പറഞ്ഞാലും, അല്ലെങ്കിൽ സാധാരണക്കാരുടേയും സ്വാധീനമുള്ള ആളുകളുടേയും എല്ലാവരുടേയും കാര്യത്തിൽ തുല്യ നീതി ഉറപ്പു വരുത്തി പ്രയോറിറ്റിയോടു കൂടി ഫയലുകൾ നീക്കുന്ന കാര്യത്തിൽ ഗവൺമെന്റ് ശ്രദ്ധിക്കണം. ഫയലുകൾ ഓരോ ടേബിളിലും എത്ര ദിവസം കെട്ടിക്കിടക്കുന്നു എന്നതിനെ സംബന്ധിച്ച് പരിശോധിച്ച് കാലതാമസം വരുത്തുന്ന ഉദ്യോഗസ്ഥന്മാർക്ക് കർശനമായ താക്കീത് നൽകണം. ചില ടേബിളുകളിൽ മാസങ്ങളോളം ഫയലുകൾ കെട്ടിക്കിടക്കുന്നുണ്ട്. ഏതു ടേബിളിലാണ് ഈ കാലതാമസം വരുത്തുന്നത് എന്നുള്ളതു സംബന്ധിച്ച് പരിശോധിച്ച് ഈ കാര്യങ്ങളിൽ ഗവൺമെന്റ് കർശനമായ ഒരു നിയന്ത്രണം നമ്മുടെ ആഫീസുകളിൽ വരുത്തി എല്ലാവർക്കും തുല്യ നീതി ഉറപ്പാക്കണം. ജനങ്ങളുടെ ഭരണം, ജനങ്ങളാലുള്ള ഭരണം, ജനങ്ങൾക്ക് വേണ്ടിയുള്ള ഭരണം. അതാണ് ജനാധിപത്യം. അതു പൂർണ്ണമായും നമുക്ക് ഉൾക്കൊള്ളാൻ കഴിയണം. ഗവൺമെന്റും എം.എൽ.എ.-മാരും സർക്കാരുദ്യോഗസ്ഥരും ജനങ്ങളുടെ ദാസന്മാരാണ്. കേരളത്തിലെ മൂന്നു കോടി ജനങ്ങൾക്ക് നിയമസഭയിൽ വന്ന് നിയമം പാസ്സാക്കാനും സെക്രട്ടേറിയറ്റിൽ ഭരണം നടത്താനും കഴിയാത്തതു കൊണ്ടാണ് അവരുടെ പ്രതിനിധികൾ മുഖേന, മന്ത്രിമാരെയെല്ലാം തെരഞ്ഞെടുത്ത് നിയമസഭയിൽ നിയമനിർമ്മാണം നടത്തുന്നത്, ഭരണം നടത്തുന്നത്. അതുകൊണ്ട് ജനങ്ങളോടാണ് ഏറ്റവുമധികം വിധേയത്വം ഉണ്ടാകേണ്ടത്. അതുകൊണ്ട് ജനങ്ങളുടെ പ്രശ്നങ്ങളും പ്രയാസങ്ങളും വഹിക്കാനും അവർക്ക് എല്ലാ വിധത്തിലും തുല്യ നീതി ഉറപ്പു വരുത്താനും തയ്യാറാകണം. തീർച്ചയായും ഐക്യജനാധിപത്യ മുന്നണി ഗവൺമെന്റ് ഒരുപാട് നല്ല കാര്യങ്ങൾ ജനങ്ങൾക്ക് ചെയ്തുകൊടുക്കുന്ന ഒരു ഗവൺമെന്റാണ്. ഭരണ പരിഷ്ക്കാര രംഗത്ത് ഒരു പുതിയ നയം സ്വീകരിച്ചുകൊണ്ട് ജനങ്ങൾക്ക് തുല്യ നീതി ഉറപ്പു വരുത്താൻ ആവശ്യമായ നടപടി സ്വീകരിക്കണം. പലപ്പോഴും പല പെറ്റീഷനുകളും നൽകിയാൽ അത് ഫയലുകളിൽ നിന്ന് കാണാതാകുന്നുണ്ട്. ഏതൊരാഫീസിലും ഒരു പേപ്പർ സമർപ്പിച്ചു കഴിഞ്ഞാൽ അതു കിട്ടി എന്നുള്ളതിന് ഒരു റസീപ്റ്റ് കൊടുക്കണം. വില്ലേജാഫീസ് മുതൽ സെക്രട്ടേറിയറ്റു വരെയുള്ള ഓഫീസുകളിൽ ഏതെങ്കിലുമൊരു പേപ്പർ സമർപ്പിച്ചു കഴിഞ്ഞാൽ അതു കിട്ടിയെന്നുള്ള ഒരു റെസീപ്റ്റ് നൽകാനാവശ്യമായ നടപടി സ്വീകരിക്കണം. എം.എൽ.എ.-മാരും പൊതുപ്രവർത്തകരുമെല്ലാം ഏതെങ്കിലും ഒരു പെറ്റീഷൻ നൽകിയാൽ പലപ്പോഴും അതിന് ഒരു മറുപടി കിട്ടാനില്ല. പൊതുപ്രവർത്തകർ അല്ലെങ്കിൽ

LIBRARY ARCHIVES Kerala Legislative Assembly

ജനപ്രതിനിധികൾ നൽകുന്ന പെറ്റീഷനുകൾ താഴേക്കിടയിലായാലും ഏറ്റവും ഉയർന്ന ഓഫീസുകളിലായാലും അതിന്മേൽ എന്തു നടപടി സ്വീകരിച്ചു എന്നുള്ളതിനെ സംബന്ധിച്ച് ഒരു മറുപടി അയയ്ക്കാൻ കർശനമായ നിർദ്ദേശം ബന്ധപ്പെട്ട ഡിപ്പാർട്ടുമെന്റുകൾക്ക് നൽകണമെന്ന് ഈ സന്ദർഭത്തിൽ പറയുകയാണ്. മറ്റൊന്ന്, വർഷങ്ങളോളമായ പി.ഡബ്ല്യു.ഡി.കോഡുകളും മാനുവലുകളും കാലോചിതമായി പരിഷ്ക്കരിക്കണം. അവയിൽ ഒട്ടേറെ മാറ്റങ്ങൾ അനിവാര്യമാണ്. നിലവിലുള്ള കോഡും മാനുവലുകളും പരിഷ്ക്കരിക്കാനാവശ്യമായ നടപടികൾ ഗവൺമെന്റിന്റെ ഭാഗത്തു നിന്നുണ്ടാകണം. അതിനുള്ള ചില നടപടികൾ ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ട്. സ്വാതന്ത്ര്യം ലഭിക്കുന്നതിനു മുമ്പുള്ള നിയമങ്ങളും ഇന്ന് നമ്മുടെ സംസ്ഥാനത്ത് നിലവിൽ ഉണ്ട്. ഏതെല്ലാം നിയമങ്ങൾ നമ്മുടെ സംസ്ഥാനത്തുണ്ടെന്നു പരിശോധിച്ച് അതിലെല്ലാം കാലോചിതമായ മാറ്റം വരുത്തണം. അവ റിവ്യൂ ചെയ്യണം. സ്വാതന്ത്ര്യം ലഭിക്കുന്നതിനു മുമ്പുള്ള പല നിയമങ്ങളും പരിഷ്ക്കരിക്കാനും പുതിയ നിയമനിർമ്മാണം നടത്താനുമാവശ്യമായ നടപടികൾ ഗവൺമെന്റിന്റെ ഭാഗത്തു നിന്നുമുണ്ടാകണം. നമ്മുടെ പല പദ്ധതികൾക്കും സ്ഥലമെടുപ്പിൽ വളരെയേറെ കാലതാമസം ഉണ്ടാകുന്നു. ഒരു പാലമോ റോഡോ അല്ലെങ്കിൽ മറ്റേതെങ്കിലും വികസന പദ്ധതികളോ നടപ്പാക്കുമ്പോൾ അതിനാവശ്യമായ സ്ഥലം എടുക്കുമ്പോൾ വളരെയേറെ കാലതാമസം ഉണ്ടാകുന്നു. സ്ഥലത്തിന് അതാതു പ്രദേശത്തുള്ള മാർക്കറ്റ് വില, യഥാർത്ഥ വില കൊടുക്കണം. നമ്മുടെ റവന്യൂ ഉദ്യോഗസ്ഥന്മാർ വാലുവേഷൻ കണക്കാക്കുന്നത് പഴയ പ്രമാണങ്ങൾ നോക്കിയാണ്. അതാതു പ്രദേശത്തുള്ള യഥാർത്ഥ മാർക്കറ്റ് വില കൊടുക്കാൻ എല്ലാവരും തയ്യാറായാൽ വളരെ വേഗത്തിൽ വികസന ആവശ്യങ്ങൾക്കു വേണ്ടി സ്ഥലം നൽകാൻ പലരും തയ്യാറാകും. അതിനു പ്രത്യേകമായി പൊതുമരാമത്തു വകുപ്പിൽ, അതതു വകുപ്പിൽ തന്നെ സ്ഥലമെടുപ്പിനുള്ള തഹസീൽദാരേയോ ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാരേയോ നിയമിച്ചുകൊണ്ട് സമയബന്ധിതമായ പദ്ധതികൾക്ക് രൂപം നൽകണം. നമുക്കറിയാം ബഡ്ജറ്റിൽ ഓരോ വർഷവും ഫണ്ടുകൾ നീക്കിവയ്ക്കും. പക്ഷേ സ്ഥലം കിട്ടാത്തതുകൊണ്ട് അത് പാഴായിപ്പോവുകയും ചെയ്യുന്നു. അതുകൊണ്ട് വളരെ വേഗതയിൽ, യുദ്ധകാലാടിസ്ഥാനത്തിൽ എന്നതുപോലെ സ്ഥലമെടുപ്പു സംബന്ധിച്ച പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്താനാവശ്യമായ നടപടികൾ ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടാകണം. അതോടൊപ്പംതന്നെ പല ഡിപ്പാർട്ടുമെന്റുകൾക്കും അതിന്റെ കീഴിലുള്ള പല സ്ഥാപനങ്ങളിൽ നിന്നും വലിയൊരു തുക കുടിശ്ശികയായി പിരിഞ്ഞുകിട്ടാനുണ്ട്. വാട്ടർ അതോറിറ്റിയിൽ നിന്നും അതുപോലെ പല തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും വലിയ തുകകൾ കിട്ടാനുണ്ട്. പല പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും സെയിൽസ്ടാക്സ് കിട്ടാനുണ്ട്. അതു പലപ്പോഴും കുടിശ്ശികയായി കിടക്കുന്നുണ്ട്. അതോടൊപ്പം നമ്മുടെ എം.എൽ.എ.മാരടക്കമുള്ളവർ കെ.എസ്.ആർ.ടി.സി. ബസിൽ യാത്ര ചെയ്യുന്നുണ്ട്. കെ.എസ്.ആർ.ടി.സി. നഷ്ടത്തിൽ പോകുന്ന ഒരു സ്ഥാപനമാണ്. നമ്മുടെ എം.എൽ.എ.മാരാണെങ്കിൽ അത് നിയമസഭയുടെ ചെലവിൽ തന്നെ വരുത്തുകയാണ്. അതാത് ഡിപ്പാർട്ടുമെന്റുകൾക്ക് ആവശ്യമായ തുക അതാതു സ്ഥാപനങ്ങൾക്ക് നൽകുക, അതാതു

LIBRARY ARCHIVES Kerala Legislative Assembly

ഡിപ്പാർട്ടുമെന്റുകൾക്കുള്ള കുടിശ്ശികകൾ അതാതു ഡിപ്പാർട്ടുമെന്റുകൾക്കു നൽകുക അതനുസരിച്ച് അതാതു ഡിപ്പാർട്ടുമെന്റുകൾക്കാവശ്യമായ തുകകൾ ബഡ്ജറ്റിൽ ഉൾപ്പെടുത്തുക എല്ലാ ഡിപ്പാർട്ടുമെന്റുകൾക്കും സ്ഥാപനങ്ങൾക്കും സാമ്പത്തിക അച്ചടക്കം പാലിക്കാൻ ഇത് അനിവാര്യമാണ്. അത് ഗവൺമെന്റ് പരിശോധിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. അതുകൊണ്ട് ബഡ്ജറ്റിൽ തന്നെ തുക വകയിരുത്തി ഈ കാര്യത്തിൽ ആവശ്യമായ നടപടി സ്വീകരിക്കണം. സംസ്ഥാനത്ത് 1957 മുതൽ ഇന്നുവരെ നമ്മുടെ സഭയിൽ എത്രയോ ബഡ്ജറ്റു പ്രസംഗങ്ങൾ നടത്തിയിട്ടുണ്ട്. പല പ്രഖ്യാപനങ്ങളും ഇന്നും നടപ്പാക്കാൻ കഴിഞ്ഞിട്ടില്ല. ഓരോ വർഷവും ബഡ്ജറ്റിൽ വളരെയധികം പ്രഖ്യാപനങ്ങൾ നടത്തുന്നുണ്ട്. അതുസംബന്ധിച്ച് അത് എത്രത്തോളം നമുക്ക് നടപ്പാക്കാൻ കഴിയും, പലപ്പോഴും മാർച്ച് 31 ആകുമ്പോൾ ഈ ബഡ്ജറ്റും അതുപോലെതന്നെ നടപ്പാക്കിയ പദ്ധതികളും പലപ്പോഴും ടാലിയാകാറില്ല. അതുകൊണ്ടുതന്നെ ഈ കാര്യത്തിൽ ഒരു അച്ചടക്കം ഉണ്ടാക്കുന്നതിന്റെ ഭാഗമായി നമുക്ക് ഒരു റിവ്യൂ ആവശ്യമാണ്. കേരള നിയമസഭയുടെ ചരിത്രത്തിൽ ഓരോ വർഷവും ബഡ്ജറ്റിൽ പ്രഖ്യാപിച്ച പദ്ധതികളെ സംബന്ധിച്ച്, അത് എത്രത്തോളം നടപ്പാക്കി, എത്രത്തോളം നടപ്പാക്കാൻ ബാക്കിയുണ്ടെന്നുള്ളതു സംബന്ധിച്ച് ഒരു റിവ്യൂ നടത്തിക്കൊണ്ട് അതിൽ കുടിശ്ശിക വരുന്ന പദ്ധതികൾ നടപ്പാക്കാനാവശ്യമായ നടപടികളുണ്ടാകണം. ഭാഗികമായി നടന്നുവരുന്ന പല പദ്ധതികളും വമ്പിച്ച നഷ്ടമുണ്ടാക്കുന്നുണ്ട്. അതുകൊണ്ട് സമയബന്ധിതമായി നമ്മുടെ വികസന പദ്ധതികൾ നടപ്പാക്കാനാവശ്യമായ നടപടികൾ സ്വീകരിക്കണം. അതുപോലെതന്നെ മാറാടുണ്ടായ സംഭവം, കഴിഞ്ഞ ദിവസം 10 ലക്ഷം രൂപ ദുരിതാശ്വാസത്തിനു വേണ്ടി നീക്കി വച്ചത് നല്ല കാര്യമാണ്. അത് വളരെ പരിമിതമായിപ്പോയി എന്നാണ് എനിക്ക് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയോടും ബഹുമാനപ്പെട്ട ഗവൺമെന്റിനോടും അഭ്യർത്ഥിക്കാനുള്ളത്. മാറാടിനെ സംബന്ധിച്ചിടത്തോളം ദുരിതാശ്വാസ കേന്ദ്രങ്ങളിൽ കഴിയുന്ന ആളുകളുണ്ട്. അതുപോലെതന്നെ പാവപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് അവരുടെ ബോട്ടും വലയും നഷ്ടപ്പെട്ടു, അവർക്ക് ജോലിയില്ല. അതുകൊണ്ട് ഈ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കാവശ്യമായ ഫണ്ട് കൂടുതൽ വർദ്ധിപ്പിക്കാനും നാടും വീടും വിട്ടുപോയ ആളുകളെ എത്രയും വേഗത്തിൽ പുനരധിവസിപ്പിക്കാനുമുള്ള നടപടികൾ സ്വീകരിക്കണം. അതുപോലെ മരിച്ചവരുടെ ആശ്രിതർക്ക് നൽകിയ ധനസഹായം കുറച്ചുകൂടി വർദ്ധിപ്പിക്കാനാവശ്യമായ നടപടി സ്വീകരിക്കണം. മരിച്ചവരുടെ ആശ്രിതർക്ക് ജോലി നൽകുന്നതു സംബന്ധിച്ച നടപടി സ്വീകരിക്കുന്നതോടൊപ്പം അവരുടെ പുനരധിവാസവും അതുപോലെതന്നെ മരിച്ചവരുടെ കുടുംബങ്ങൾക്കാവശ്യമായ സഹായവും നൽകാൻ ഗവൺമെന്റ് കുറേക്കൂടി താല്പര്യം കാണിക്കണമെന്നാണ് ഈ സന്ദർഭത്തിൽ എനിക്ക് പറയാനുള്ളത്. കാലവർഷക്കെടുതികൾക്ക് ഇപ്പോൾ നല്കുന്ന തുക വർദ്ധിപ്പിക്കേണ്ടതുണ്ട്. കാലവർഷക്കെടുതികൾമൂലം മരിച്ചവരുടെ ആശ്രിതർക്കും നാശനഷ്ടങ്ങൾ സംഭവിച്ചവർക്കും നൽകുന്ന തുക വർദ്ധിപ്പിക്കാനാവശ്യമായ നടപടി സ്വീകരിക്കണം. കാലവർഷക്കെടുതികൾക്ക് നഷ്ടപരിഹാരം നൽകുന്നതുപോലെതന്നെ വരൾച്ചമൂലം കെടുതിയനുഭവിക്കുന്നവർക്കും ആവശ്യമായ സഹായങ്ങൾ നൽകാൻ ഗവൺമെന്റ് നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ ഈ ബില്ലിനെ പിന്തുണയ്ക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ): സർ, കേരള നിയമസഭയുടേയും കേരള ഗവൺമെന്റിന്റേയും കേരള ധനകാര്യ വകുപ്പിന്റേയും ചരിത്രത്തിൽ ഒരു പുതിയ അദ്ധ്യായമാണ് The Kerala Fiscal Responsibility Bill - 2003. ധനകാര്യ വകുപ്പിലെ, ധനകാര്യ മാനേജുമെന്റിന്റെ, ഫലമായുണ്ടാകാവുന്ന മാറ്റങ്ങൾ കേരള സംസ്ഥാനത്തെ എല്ലാ ഡിപ്പാർട്ടുമെന്റുകളേയും അടിമുതൽ മുടിവരെ ബാധിക്കും. ഈ വിധത്തിലുള്ള ഒരു ബിൽ അവതരിപ്പിക്കുമ്പോൾ ആ ബില്ലിനെക്കുറിച്ച് അവഗാഢമായ, തലനാരിഴ കീറിയ വിമർശനം, അഭിപ്രായം അനുകൂലമായും പ്രതികൂലമായും ആവശ്യമാണ്. ഭാരതത്തിൽ തന്നെ കർണാടക, പഞ്ചാബ് തുടങ്ങിയ മൂന്നുനാല് സംസ്ഥാനങ്ങൾ മാത്രമേ ഈ വിധത്തിലുള്ള ഒരു ബില്ലിന് ഇപ്പോൾ രൂപം കൊടുത്തിട്ടുള്ളൂ. ഇന്ത്യാ ഗവൺമെന്റും ഈ വിധത്തിലുള്ള ഒരു ബിൽ പാസ്സാക്കി. മറ്റു പല സംസ്ഥാനങ്ങളും ഈ വിധത്തിലുള്ള ബില്ലുകൾ പാസ്സാക്കേണ്ടത് അവശ്യം ആവശ്യമാണെന്ന് മന്ത്രിസഭകൾ തീരുമാനിച്ചിട്ടുണ്ട്. ഞാൻ ഏതെല്ലാം സംസ്ഥാനങ്ങളിലാണ് ഇതിന് രൂപം കൊടുത്തിട്ടുള്ളതെന്നുള്ളത് പരിശോധിച്ചു. ലോകത്തുള്ള ആധുനിക സൗകര്യങ്ങൾ ഭാരതത്തിലും കേരളത്തിലും ഉള്ളതുകൊണ്ട് ഇന്റർനെറ്റിൽ നോക്കിയാലും ഈ വക കാര്യങ്ങളുടെ നിമിഷാനിമിഷമായിട്ടുള്ള വസ്തുതകൾ നമുക്ക് കാണാൻ സാധിക്കും. ഗവൺമെന്റ് ഈ വിധത്തിലുള്ള ഒരു ബിൽ അവതരിപ്പിക്കാനുള്ള പ്രധാന കാരണം ആരുടേയും നിർബന്ധത്തിന് വഴങ്ങിയിട്ടല്ല. പക്ഷേ ഇതിൽ ഒരു നിർബന്ധമുണ്ട്, മറ്റു സംസ്ഥാനങ്ങളിലും ഗവൺമെന്റ് ഓഫ് ഇന്ത്യയും ഈ വിധത്തിലുള്ള ബില്ലുകൾ കൊണ്ടുവന്ന് സാമ്പത്തിക അച്ചടക്കം പാലിച്ച് ട്രാൻസ്പേരൻസിയോടുകൂടി അക്കൗണ്ടബിലിറ്റിയുണ്ടാക്കി നിയമസഭയെ ബോദ്ധ്യപ്പെടുത്തി കാലാകാലങ്ങളിൽ വേണ്ട മാറ്റങ്ങളുണ്ടാക്കിക്കൊണ്ട് പോകണ മെന്നുള്ളതാണ് ഈ ബില്ലിന്റെ രത്നച്ചുരുക്കം. ശ്രീ. ബാലനും, ശ്രീ. കെ.പി. രാജേന്ദ്രനും, ശ്രീ. വി.ഡി. സതീശനും, ശ്രീ. സി.ടി. അഹമ്മദ് അലി സാഹിബുമെല്ലാം ഇവിടെ അതിനെക്കുറിച്ച് പരാമർശിച്ചത് ആവശ്യമായ കാര്യങ്ങളിൽ മാറ്റം വരുത്തണമെങ്കിൽ മാറ്റം വരുത്തണം.....

ശ്രീ. എ. കെ. മണി : ഇവിടെ പറഞ്ഞു.....

ശ്രീ. കെ. ശങ്കരനാരായണൻ : I don't want to pick up an argument. It is not necessary to pick up an argument, because all the documents are before me. It has been signed in 1998.

ശ്രീ. എ. കെ. മണി : .....

ശ്രീ. കെ. ശങ്കരനാരായണൻ : എ.ഡി.ബി.-യുടെ ഡോക്യുമെന്റ് ഇംഗ്ലീഷിലായതുകൊണ്ട് ഞാൻ പറഞ്ഞു എന്നുമാത്രമേയുള്ളൂ. അതിവിടെ മേശപ്പുറത്ത് വച്ചിട്ടുണ്ട്. അത് അങ്ങേക്ക് മനസ്സിലാകാത്ത ഭാഷയല്ലല്ലോ.....(ബഹളം)..... ഞാൻ നിങ്ങളുടെ സപ്പോർട്ടു് ചെയ്യുന്നു. ഈ ബിൽ അങ്ങനെ ഉദ്ദേശിച്ചു കൊണ്ടു വന്നതാണ്. ഈ ബിൽ അവതരിപ്പിക്കുന്നതിനുമുമ്പ് അതിനു രൂപം കൊടുക്കുന്ന സമയത്ത് മറ്റു സംസ്ഥാനങ്ങളിൽ എങ്ങനെയാണ് ഈ ബില്ലിനു

LIBRARY ARCHIVES Kerala Legislative Assembly

രൂപം കൊടുത്തിട്ടുള്ളത് എന്നു പരിശോധിച്ച് അതിന്റെ രൂപവും ഭാവവുമൊക്കെ ഉൾക്കൊണ്ടുകൊണ്ട് ഇതിലും ചേർത്തിട്ടുണ്ട്. ഒരു ബിൽ അവതരിപ്പിക്കുമ്പോൾ ആ ബിൽ പൂർണ്ണമല്ല. ഇതു സംബ്ജക്ട് കമ്മിറ്റിക്കു പോകും, സബ്ജക്ട് കമ്മിറ്റിയിൽ വേണ്ട മാറ്റങ്ങൾ വരും, ക്ലാസ് ബൈ ക്ലാസ് ഡിസ്ക്കഷൻ വരും, അപ്പോൾ ആവശ്യമായ മാറ്റങ്ങൾ വരും. ആ മാറ്റങ്ങൾ എല്ലാം വരുത്തിക്കൊണ്ടാണ് അവസാനം ആക്ടായി മാറുന്നത്. എ.ഡി.ബി.-യെ സംബന്ധിച്ചിടത്തോളം എ.ഡി.ബി.-യും ബില്ലുമായി ഒരു ബന്ധവുമില്ല. എ.ഡി.ബി.-യുമായി കുറച്ചു അണ്ടർസ്റ്റാന്റിംഗ്സുണ്ട്. എം.ഒ.യു.-വിൽ ഒപ്പു വച്ചിട്ടുണ്ട്. അത് ഇന്നും ഇന്നലേയും തുടങ്ങിയത് അല്ലല്ലോ. അതിൽ വ്യവസ്ഥകളുണ്ട്.

ശ്രീ. എ. കെ. ബാലൻ : ബഹുമാനപ്പെട്ട മന്ത്രി എ.ഡി.ബി.-ക്ക് കത്തയച്ചിട്ടുണ്ട്. നിങ്ങളുടെ നിർദ്ദേശപ്രകാരം ഞങ്ങൾ ഇങ്ങനെയൊരു നിയമം ഉണ്ടാക്കാൻ പോകുന്നുവെന്ന് ഞാൻ ഇവിടെ വായിച്ചു. ശ്രീ. യശ്വന്ത് സിൻഹ മുഖേനയാണ് അയച്ചിട്ടുള്ളത്. 16-11-2002-ലാണ് ശ്രീ. യശ്വന്ത് സിൻഹ എ.ഡി.ബി.-ക്ക് കത്തയച്ചത്.

ശ്രീ. കെ. ശങ്കരനാരായണൻ : 1998-ൽ എ.ഡി.ബി.-ക്കു നൽകിയ ഉദ്ദേശ പത്രികയിൽ ഊന്നൽ നൽകിയ 1,2,3,4,5-ലും ഇതു പറഞ്ഞിട്ടുണ്ട്. അതിൽ പ്രധാനപ്പെട്ട മറ്റു സംഗതികൾ ഉണ്ടെന്ന് എനിക്കു തോന്നുന്നില്ല. പിന്നെ ഇവിടെ പറഞ്ഞ മറ്റൊരു കാര്യം ഈ ഗവൺമെന്റ് നെതർലാന്റ് ഗവൺമെന്റിന്റെ ഏജൻസിയാണ്, അതുകൊണ്ട് ആ പണം നമുക്കു നഷ്ടപ്പെടില്ല എന്ന്. നമുക്ക് അതിൽ ഒരു പൈസയുടെ ചെലവുമില്ല. അവരാണ് ചെലവു ചെയ്യുന്നത്. നമുക്ക് അതിൽ പങ്കില്ല. ഗ്ലോബൽ ടെൻഡർ ക്ഷണിച്ചിട്ടുണ്ട്. എം.ജി.പി. സെക്രട്ടറി അംഗമാണ്. ഇതിലേക്ക് ആവശ്യമായ എല്ലാ ചെലവുകളും ഡച്ചു-നെതർലാന്റ് സർക്കാരുകളാണ് വഹിക്കുന്നത്. എ.ഡി.ബി. ലോൺ വാങ്ങുന്നതിനായി മുൻ ഗവൺമെന്റ് കൺസെപ്റ്റു പേപ്പറും ഒക്കെയുണ്ടാക്കി ആവശ്യപ്പെട്ടിട്ടുണ്ട്. അതിന്റെ തുടർച്ചയായിട്ടാണ് നമുക്ക് ഇപ്പോൾ ഇതാവശ്യമായി വന്നത്.

ശ്രീ. ബിനോയ് വിശ്വം : നമ്മുടെ സംസ്ഥാനത്ത് ഫിസ്ക്കൽ റെസ്പോൺസിബിലിറ്റിയും ഫിസ്ക്കൽ ഗ്യാരന്റിയും ചെലവു ചുരുക്കലും റവന്യൂ കമ്മി ഇല്ലാതാക്കലും എല്ലാം നടത്തിക്കൊണ്ട് നമ്മൾ ഐശ്വര്യപൂർണ്ണമായി മാറണം എന്നു നെതർലാന്റ് ഗവൺമെന്റിന് ഇത്ര ആവേശം വരാൻ എന്തായിരിക്കും കാരണം ? അതാലോചിക്കേണ്ടതാണ്. ഇതു യു.ഡി.എഫ്., എൽ.ഡി.എഫ്. പ്രശ്നമല്ല.

ശ്രീ. കെ. ശങ്കരനാരായണൻ : ബഹുമാനപ്പെട്ട മെമ്പറോടു ഒരു കാര്യം പറയാൻ ഞാൻ ആഗ്രഹിക്കുന്നു. കേരള സംസ്ഥാന ഗവൺമെന്റ് ഒരു ഗവൺമെന്റിനും അടിയറവു വച്ചുകൊണ്ട് ഇവിടെ ഒരു വികസന പ്രവർത്തനത്തിനും ഈ യു. ഡി. എഫ്. ഗവൺമെന്റ് കടം എടുക്കണമെന്ന് ആഗ്രഹിച്ചിട്ടില്ല. അങ്ങനെ കയ്യും കാലും കെട്ടി ഒരു നയാ പൈസയുടെ ആവശ്യവുമില്ല. ഈ പണം എന്നു പറയുന്നത് അഡീഷണൽ സെൻട്രൽ അസിസ്റ്റൻസാണ്. ഞാൻ എ. ഡി. ബി. യുടെ കാര്യം പറഞ്ഞതുകൊണ്ട് പറയുകയാണ്. ക്ളാരിറ്റിയോടുകൂടി പോകുന്നതല്ലേ നല്ലത്. പല പ്രാവശ്യം

LIBRARY ARCHIVES Kerala Legislative Assembly

ഞാൻ പറഞ്ഞിട്ടുള്ളതാണ്. ശ്രീ. കെ. പി. രാജേന്ദ്രനും പ്രതിപക്ഷനേതാവിനും ശ്രീ. ബിനോയ് വിശ്വത്തിനുമൊക്കെ നിശ്ചയമുള്ളതാണ്. പക്ഷേ എന്നിരുന്നാൽക്കൂടിയും ഇന്നു വൈകുന്നേരം നാമം ജപിച്ചാൽക്കൂടി നാളെ വൈകുന്നേരം നാമം ജപിക്കാതിരിക്കാൻ പറ്റില്ല. അതുപോലെയാണിത്. അതു ജപിച്ചു ജപിച്ചു വരും.

ശ്രീ. സി. കെ. നാണു : എ. ഡി. ബി. വായ്പ വാങ്ങിച്ച ഒറീസ്സയും ഇപ്പോൾ വായ്പ വാങ്ങാൻ പോകുന്ന കേരളവും എ. ഡി. ബി. യുടെ നിയന്ത്രണത്തിന്റെ അടിസ്ഥാനത്തിൽ ഈ രണ്ടു സംസ്ഥാനങ്ങളും ചില വിധേയത്വം അവർ ചെയ്യുന്നതുപോലെ പാലിക്കേണ്ടതുണ്ട്. ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു ഇത് കേന്ദ്ര ഗവൺമെന്റ് തരുന്ന ചില സഹായങ്ങളാണ്, എ. ഡി. ബി. യുടേതല്ല എന്ന്. അങ്ങനെയാണെങ്കിൽ എ. ഡി. ബി. വായ്പ വാങ്ങിക്കാത്ത ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളുണ്ടല്ലോ ആ സംസ്ഥാനങ്ങൾ, നമ്മളെപ്പോലെയുള്ള ഈ വായ്പ വാങ്ങിക്കാൻ പോകുന്ന സംസ്ഥാനങ്ങൾ, അവർ പാലിക്കേണ്ട ചില നിയന്ത്രണങ്ങളുണ്ടല്ലോ, അതു മറ്റു സംസ്ഥാനങ്ങൾ പാലിക്കുന്നുണ്ടോ ; നമ്മൾ പറയുന്ന അവസരത്തിൽ അതും കൂടി ഒന്നു പരിശോധിച്ചു പറയണ്ടേ ?

ശ്രീ. കെ. ശങ്കരനാരായണൻ : ഞാൻ ഒറീസ്സയുടെയും വെസ്റ്റുബംഗാളിന്റെയും കാശ്മീരിന്റെയും ഒന്നും കാര്യങ്ങൾ അല്ല പറയുന്നത്. എ. ഡി. ബി. ലോൺ ഇന്ത്യാ ഗവൺമെന്റ് വാങ്ങിച്ച് സംസ്ഥാന ഗവൺമെന്റിനു തരുന്നതാണ്. ഇന്ത്യാ ഗവൺമെന്റ് ഈ പണം കണക്കാക്കുന്നത് അഡീഷണൽ സെൻട്രൽ അസിസ്റ്റൻസ് ഹെഡിലാണ്. പൈസ എ. ഡി. ബി. യുടേതാണ്. ഇന്ത്യാ ഗവൺമെന്റ് വാങ്ങി നമുക്കു തരുന്നു. ഇതു വേണ്ടെന്നു പറഞ്ഞാൽ നമുക്കു കിട്ടില്ല.

ശ്രീ. എം. വി. ജയരാജൻ : അങ്ങിപ്പോൾ കൺസൾട്ടൻസിയെ നിയമിക്കുന്നതിന്റെ ബാധ്യത എ. ഡി. ബി.യാണ് ഏറ്റെടുക്കാൻ പോകുന്നതെന്നു പറഞ്ഞു പക്ഷേ ഇതിലെ വിഷയം എന്താണെന്നു ചോദിച്ചാൽ, അങ്ങ് ഈ നിയമസഭയിൽ ഉത്തരം പറയുന്ന സമയത്ത് വ്യക്തമാക്കിയത് അങ്ങനെയൊരു ഗ്ലോബൽ ടെൻഡർ വിളിച്ചോ എന്ന കാര്യം അറിയില്ലെന്നായിരുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും അന്വേഷിച്ചു നടപടി സ്വീകരിക്കാമെന്നു പറഞ്ഞു. അങ്ങനെയൊരു ഗ്ലോബൽ ടെൻഡർ ക്ഷണിക്കുമ്പോൾ നമ്മുടെ സംസ്ഥാന സർക്കാർ അറിയണ്ടേ ? പ്രത്യേകിച്ചും ഡൊമസ്റ്റിക് കൺസൾട്ടന്റ് സും കൂടി അതിലുണ്ടെന്നു പറയുമ്പോൾ. അങ്ങനെ വരുമ്പോൾ ഡൊമസ്റ്റിക് കൺസൾട്ടന്റും ഇന്റർനാഷണൽ കൺസൾട്ടന്റും കൂടി നടത്തുന്ന ഒരു കൺസൾട്ടൻസി, കാര്യങ്ങൾ നമ്മുടെ സംസ്ഥാനത്തെ ഗവൺമെന്റു കൂടി അറിഞ്ഞുകൊണ്ടു നടത്തണ്ടേ? അങ്ങനെ അറിയില്ല എന്നാണ് പറയുന്നത്. ഇതു ഗൗരവമായ, സംസ്ഥാനത്തിന്റെ താല്പര്യത്തിനു എതിരായ വിഷയമാണെന്നുള്ള കാര്യം കൂടി അങ്ങ് ശ്രദ്ധിച്ചിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ശങ്കരനാരായണൻ : ഇതിൽ അങ്ങനെ ഒളിച്ചുള്ള യാതൊരു ഏർപ്പാടുമില്ല. അതിനുള്ള സാധ്യതയുമില്ല. യാതൊരു വിധത്തിലുള്ള ദുരൂഹതയും ഇതിലില്ല. യാതൊരു തകരാറുകളും ഇതിൽ ഇല്ല. ഉണ്ടെങ്കിൽ അതു നമ്മളെ എല്ലാവരേയും ബാധിക്കുന്ന കാര്യമല്ലേ, ഒറ്റയ്ക്കുള്ളതല്ലല്ലോ. ഞാൻ ഇതിനെ വളരെ തുറന്ന മനസ്സോടുകൂടി കാണുന്ന ഒരാളാണ്. ഈ ബില്ലിനെക്കുറിച്ച് സംസാരിച്ച അവസരത്തിൽ, അതിനെക്കുറിച്ച് ഒരു വിഹഗ വീക്ഷണം നടത്തുന്നതോടൊപ്പം സംസ്ഥാന ഗവൺമെന്റിന്റെ സാമ്പത്തിക പ്രശ്നങ്ങളെ കുറിച്ചാണ് വളരെ ഗൗരവമായി പലരും പരാമർശിച്ചത്. നല്ലതാണ്. വളരെ നല്ലതാണ്. പക്ഷേ ബഹുമാനപ്പെട്ട കെ. പി. രാജേന്ദ്രൻ സംസാരിച്ചപ്പോൾ അതിൽ നിന്നുമൊക്കെ കവിഞ്ഞു, എം. ജി. പി. യിലേക്കു കടന്ന് കുഷ്ഠരോഗാശുപത്രിയിൽ വരെ എത്തി. അതും നല്ലതാണ്. അതിനെക്കുറിച്ച് യാതൊരു അഭിപ്രായ വ്യത്യാസവും ഇല്ല. ബഹുമാനപ്പെട്ട ബാലൻ, ബിൽ കൊണ്ടു വരുമ്പോൾ ഗവൺമെന്റിന് ഉണ്ടാകാവുന്ന അനുകൂലമായ കുറെ കാര്യങ്ങളും വരുമാന മാർഗ്ഗങ്ങൾ ഉണ്ടാക്കാനുള്ള സജഷൻസും പറഞ്ഞു, അംഗീകരിക്കാവുന്നതാണ്, ആലോചിക്കാവുന്നതാണ്. ഈ ബിൽ എന്നു പറയുന്നത് ഭരണ കക്ഷിക്കു വേണ്ടി മാത്രമുള്ള ബിൽ അല്ല. ഇതു സംസ്ഥാന ഗവൺമെന്റിനുവേണ്ടിയുള്ളതാണ്. ഭരണകക്ഷി ഇന്നു മാറും, നാളെ വേറെ വരും. ചിലപ്പോൾ ഇപ്പോൾ ഇരിക്കുന്നവർ തന്നെ ഇരിക്കും. അതു പല വിധത്തിലാണല്ലോ. അതൊന്നുമല്ല ഇവിടെ പ്രശ്നം. ഒരു ഗവൺമെന്റിന്റെ തുടർച്ചയാണ് പിന്നീടു വരുന്ന ഗവൺമെന്റ്. ഈ ബില്ലിനെക്കുറിച്ച് കുറെ സംശയങ്ങൾ പലരും ഉന്നയിച്ചു നമുക്ക് ദോഷകരമായ കാര്യങ്ങൾ ഉണ്ടെങ്കിൽ സബ്ജക്ട് കമ്മിറ്റിയിൽ ഡിസ്ക്കസ് ചെയ്ത് എന്തെങ്കിലും മാറ്റങ്ങൾ വരുത്തണമെങ്കിൽ വരുത്താം. അതോടൊപ്പം തന്നെ ക്ളാസ് ബൈ ക്ളാസ് ഡിസ്ക്കഷൻ വരുമ്പോൾ വിശദമായി അതിനെക്കുറിച്ചു ചർച്ച ചെയ്യാനും സാധിക്കും.

ശ്രീ. കെ. പി. രാജേന്ദ്രൻ : ഞങ്ങൾ ബില്ലിനുള്ളിൽ നിന്നു കൊണ്ടു തന്നെയാണ് സംസാരിച്ചത്. അതിന്റെ ഭാഗമായിട്ടാണ് ഇപ്പോൾ എ.ഡി.ബി. വായ്പ, അങ്ങു തന്നെ ഉത്തരത്തിൽ തന്നെ സർക്കാർ നവീകരണ പരിപാടിയുടെ നടത്തിപ്പിനായി എ.ഡി.ബി. വായ്പ ഉപയോഗിക്കുന്നുണ്ട്. എം.ജി.പി.-ക്ക് എ.ഡി.ബി. വായ്പ ഉപയോഗിക്കുന്നുണ്ട് എന്നു പറയുന്നുണ്ട്. എം. ജി. പി.-യുടെയും എ.ഡി.ബി.-യുടെയും ഭാഗമായിട്ട് കൺസൾട്ടൻസി വരുന്നുണ്ട്. അതുകൊണ്ടാണ് ഞങ്ങൾ അത് ഉന്നയിച്ചത്. സാമ്പത്തിക പ്രതിസന്ധിയെക്കുറിച്ച് പറഞ്ഞതുകൊണ്ട് പറയുകയാണ്, ഇന്നത്തെ മലയാള മനോരമ പത്രത്തിൽ ഒരു വാർത്ത വന്നിട്ടുണ്ട്. അതു ഞാൻ വായിക്കാം. "മാസങ്ങളായി മറച്ചു വച്ചിരുന്ന സാമ്പത്തിക തകർച്ചയുടെ മൂടുപടം പെട്ടെന്നു അഴിഞ്ഞു വീഴുകയാണ്. ഗുരുതരമായ ഒരു തർച്ചയിലേക്ക് ഈ സ്റ്റേറ്റ് പോയിക്കൊണ്ടിരിക്കുന്നു" എന്നു മലയാള മനോരമ പത്രം വളരെ ഉത്തരവാദിത്വത്തോടുകൂടി റിപ്പോർട്ട് ചെയ്തിരിക്കുന്നു.

ശ്രീ. കെ. ശങ്കരനാരായണൻ : ഏത് പത്രമെഴുതിയാലും ഇത് അങ്ങനെ മറച്ചു വയ്ക്കാൻ പറ്റുന്ന കാര്യമല്ലല്ലോ? ഇത് എങ്ങനെയാണ് മറച്ചുവയ്ക്കാൻ സാധിക്കുന്നത്. ഗവൺമെന്റിന്റെ കണക്കുകൾ

12.00 Noon]

എങ്ങനെയാണ് മറച്ചു വയ്ക്കാൻ സാധിക്കുന്നത്. ഒരു ലേഖകൻ എഴുതിയിട്ടുള്ള ഒരഭിപ്രായമാണ്. ഇവിടെ സാമ്പത്തികമായ ബുദ്ധിമുട്ടുകളില്ലെന്ന് ആരും പറഞ്ഞില്ലല്ലോ? കാലാകാലങ്ങളായി സാമ്പത്തികമായ ബുദ്ധിമുട്ടുണ്ടല്ലോ. ഏത് സംസ്ഥാനത്തിനാണ് സാമ്പത്തികമായ ബുദ്ധിമുട്ടില്ലാത്തത് ? രണ്ട് ദിവസം മുൻപ് ഇൻഡ്യാ ഗവൺമെന്റ് അവതരിപ്പിച്ച ബില്ലിൽ 12 ലക്ഷം കോടി രൂപയുടെ കടമുണ്ടെന്നാണ് പറയുന്നത്. കേന്ദ്ര ഗവൺമെന്റിനായാലും സംസ്ഥാന ഗവൺമെന്റിനായാലും 1952-നുശേഷം കടബാദ്ധ്യതകൾ ഉണ്ടായിട്ടുണ്ട്.

ശ്രീ. പി. ടി. തോമസ് : സർ, അപ്പുറത്തിരിയ്ക്കുന്ന മെമ്പർമാർ പ്രത്യേകിച്ച് ശ്രീ. എം.വി. ജയരാജനും ശ്രീ. കെ.പി. രാജേന്ദ്രനും ബോധപൂർവ്വമായി എ.ഡി.ബി കൺസൾട്ടൻസിയെ ഏകപക്ഷീയമായി തീരുമാനിച്ചതാണെന്ന് പ്രസംഗിക്കുകയാണ്. കാൻബറോ യൂണിവേഴ്സിറ്റി, ജോർജിയ യൂണിവേഴ്സിറ്റി, പി.ഡി.പി. ആസ്ട്രേലിയ, ടാറ്റാ കൺസൾട്ടൻസി എന്നീ കൺസൾട്ടൻസികളിൽ ആരെ നിയമിക്കാനും യാതൊരു വിരോധവുമില്ലെന്ന് അണ്ടർ സെക്രട്ടറി മുതൽ മുഖ്യമന്ത്രിവരെ ഒരു ഫയലിൽ ഒപ്പിട്ടാണ് ഈ കൺസൾട്ടൻസിയെ തീരുമാനിക്കുന്നത്. അതിന്റെ അടിസ്ഥാനത്തിലാണ് പി.ഡി.പി-യെ തീരുമാനിച്ചത്. ആ വസ്തുത അവർ മനപ്പൂർവ്വം മറച്ചുവയ്ക്കുന്നതല്ലേ ?

ശ്രീ. കെ. ശങ്കരനാരായണൻ : ബഹുമാനപ്പെട്ട പി. ടി. തോമസ് പറഞ്ഞത് സത്യമാണ്. പക്ഷെ പ്രതിപക്ഷത്തുനിന്ന് ഒരു ചോദ്യം ചോദിക്കുമ്പോൾ ഭരണപക്ഷത്തിന് അനുകൂലമായിരിക്കില്ല. എങ്കിൽപ്പിന്നെ പ്രതിപക്ഷത്തിരിക്കണ്ടല്ലോ ഭരണകക്ഷിയിലിരുന്നാൽ മതിയല്ലോ. അപ്പോൾ ആ നിലയ്ക്ക് കണ്ടാൽ മതി. ശ്രീ. കെ.പി. രാജേന്ദ്രൻ പ്രസംഗിച്ചപ്പോൾ പറഞ്ഞ കുറെ കാര്യങ്ങൾ ശരിയല്ലെന്ന് അദ്ദേഹത്തിന് തന്നെ അറിയാം. എന്നിരുന്നാലും പ്രതിപക്ഷത്താകുമ്പോൾ ആ തരത്തിലുള്ള വിമർശനത്തിന് തേജസ്സും ഓജസ്സും മൂർച്ചയുമൊക്കെ വേണമെങ്കിൽ അങ്ങനെ വേണം. അതിന് തകരാറൊന്നുമില്ല. ഞാനായാലും അതാണ് ചെയ്യുക. അങ്ങ് എന്റെ സ്ഥാനത്തിരിക്കുമ്പോഴും ഞാൻ പറയുന്ന മാതിരി പറയും എന്നുള്ളതേയുള്ളു. ഈ സാമ്പത്തിക പ്രതിസന്ധിയെക്കുറിച്ച് പറയുമ്പോൾ മുഴുവൻ പ്രതിസന്ധിയാണെന്നുള്ള അഭിപ്രായം എനിക്കില്ല. റവന്യൂ കമ്മി കൂടി എന്നുള്ളത് ശരിയാണ്. പരസ്യമായി റവന്യൂകമ്മി കൂടിയെന്ന് പറയുകയും ചെയ്തു. റവന്യൂ റസീപ്റ്റ്സും കൂടി. റവന്യൂ കമ്മിയും റവന്യൂ റെസീപ്റ്റ്സും കൂടിയിരിക്കുകയാണ്. അതിന്റെ പ്രധാനപ്പെട്ട കാരണം എക്സ്പെന്റിച്ചർ കൂടി. എക്സ്പെന്റിച്ചർ കൂടാനുള്ള പ്രധാന കാരണം കഴിഞ്ഞ കാലങ്ങളിൽ കൊടുത്തുതീർക്കേണ്ടിയിരുന്ന പലതും കൊടുത്തു തീർക്കാൻ തയ്യാറായി എന്നുള്ളതുകൊണ്ടാണ്. ഇനിയും കൊടുത്തുതീർക്കാനുണ്ട്. അത് കൊടുത്ത് തീർക്കുകയും റവന്യൂ വരുമാനം കൂട്ടുകയും റവന്യൂ കമ്മി കുറയ്ക്കുകയും ചെയ്യും. 2003-2004 അവസാനിക്കുമ്പോൾ റവന്യൂകമ്മി കുറച്ചുകൊണ്ടുവരാൻ സാധിക്കുമെന്നാണ് എന്റെ വിശ്വാസം.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : പ്രൊഫഷണൽ ഫിഗേഴ്സ് വച്ച് ഗവൺമെന്റിന്റെ സാമ്പത്തിക സ്ഥിതിയെക്കുറിച്ച് വിമർശനം നടത്തുന്നത് ശരിയാണോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. വി. ജയരാജൻ : ഞാൻ അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുന്നത് 8-ാം വകുപ്പിലുള്ള ഒരു കാര്യമാണ്. ചെലവ് കുറയ്ക്കുന്നതിനും അതുവഴി കമ്മി കുറയ്ക്കുന്നതിനുമാണ് ഈ ബിൽ. പക്ഷെ വരുമാനം കുറഞ്ഞാലും കമ്മിയുണ്ടാകുമല്ലോ. അപ്പോൾ വരുമാനം വർദ്ധിപ്പിക്കുവാൻ ഒരു വ്യവസ്ഥയും കൊണ്ടുവരാതെ കമ്മി നികത്തുക എന്നുപറയുന്നത് സാദ്ധ്യമാകുന്ന ഒരു കാര്യമാണോ ? അങ്ങ് മികച്ച ധനകാര്യ മാനേജുമെന്റിന് നേതൃത്വം കൊടുക്കുന്നയാളല്ലേ ? ഇവിടെ വരവ് കുറഞ്ഞാലും കമ്മി കൂടുകയല്ലേ, അത് കാണണ്ടേ ?

ശ്രീ. കെ. ശങ്കരനാരായണൻ : മിസ്റ്റർ എം.വി. ജയരാജൻ, ഇത് ബഡ്ജറ്റ് അല്ലല്ലോ. ഇത് പുതുതായി ഒരാവശ്യത്തിന് കൊണ്ടുവരുന്നതാണ്. റവന്യു വരുമാനം കൂട്ടാൻ ഗവൺമെന്റിന് പോളിസികളുണ്ട്. അങ്ങുകൂടി സഹകരിച്ചാൽ മതി. അപ്പോൾ എതിർക്കാതിരുന്നാൽ മതി. ഇത് എങ്ങനെയാണെന്നു വച്ചാൽ റവന്യു വരുമാനം കൂട്ടേണ്ട അവസരത്തിൽ എതിർക്കും അതിനെ ചെലവ് കൂടിയാൽ അതിനെയും എതിർക്കും. ഇത് രണ്ടുംകൂടി എതിർത്താൽ എങ്ങനെയാണ്. റവന്യു വരുമാനം കൂട്ടേണ്ട കാര്യം ഗവൺമെന്റ് തീരുമാനിച്ചാൽ എതിർക്കുക, ചെലവുകൾ കൂടുതൽ വരുന്നുവെന്ന് പറയുമ്പോൾ അതിനെ എതിർക്കുക. ഇത് രണ്ടുകൂടി എങ്ങനെയാണ്. അത് ശരിയാകില്ലല്ലോ ?

ശ്രീ. ടി. കെ. ബാലൻ : റവന്യു ചെലവിനെക്കുറിച്ച് ഏതാണ്ടൊക്കെ ചെയ്യുമെന്ന് അങ്ങ് പറഞ്ഞു. കേരളത്തിലെ അഞ്ചേകാൽ ലക്ഷത്തോളം വരുന്ന സർക്കാർ ജീവനക്കാർക്ക് 1967 മുതൽ അഞ്ചു വർഷത്തെ പീരീഡുവച്ചാണ് Pay revision കൊടുത്തുകൊണ്ടിരുന്നത്. അങ്ങനെയാണെങ്കിൽ 1997-നു ശേഷം 2002-ൽ അവർക്ക് Pay revision വേണ്ടതാണ്. അതിന്റെ ഒരു സംവിധാനമോ, ഒരു ചെറിയ commitment പോലും ഉദാരമനസ്കനായിട്ടുള്ള മന്ത്രി പറഞ്ഞിട്ടില്ല. റവന്യു കമ്മിയൊക്കെ നിയന്ത്രിക്കാനും റവന്യു രസീപ്റ്റ്സ് ഉണ്ടാക്കുന്ന കാര്യത്തിലും അങ്ങ് സമർത്ഥനാണ്. അതുകൊണ്ട് ഈ പാവപ്പെട്ട ജീവനക്കാർക്ക് ആശ്വാസമുണ്ടാക്കുന്ന രീതിയിൽ ഒരു ചെറിയ commitment നടത്തുമോ ?

ശ്രീ. കെ. ശങ്കരനാരായണൻ : സർ, ദീർഘകാലം ഗവൺമെന്റ് ജീവനക്കാരുടെ നേതാവായി നടന്നിരുന്ന ശ്രീ. ടി.കെ. ബാലൻ ഇങ്ങനെ ചോദിച്ചതിൽ എനിക്ക് അതിയായ സന്തോഷമുണ്ട്. ഡി.എ യുടെ കാര്യത്തിൽ ഒരു തീരുമാനമെടുത്തു. ഇതിനെക്കുറിച്ച് ആലോചിക്കേണ്ടതാണ്, തീർച്ചയായിട്ടും ആലോചിക്കേണ്ടതാണ്. ഈ ബിൽ നമുക്ക് അനിവാര്യമാണ്. ഈ ബില്ലിൽ ഉദ്ദേശിച്ചിരിക്കുന്ന ലക്ഷ്യങ്ങൾ നമുക്ക് നടപ്പിലാക്കണം, നടപ്പിലാക്കിയേ പറ്റൂ.

ശ്രീ. കെ. പി. രാജേന്ദ്രൻ : എം.ജി.പി നടപ്പാക്കുന്നതിന് സെക്രട്ടേറിയറ്റിൽ നിയമിക്കുന്ന ആൾ തുടർച്ചയായി മൂന്നു വർഷമിരിക്കണമെന്ന് വ്യവസ്ഥ ചെയ്തിരിക്കുന്നത് എന്തടിസ്ഥാനത്തിലാണ് ?

ശ്രീ. കെ. ശങ്കരനാരായണൻ : എം.ജി.പി-യിൽ മാത്രമല്ല ഗവൺമെന്റ് സെക്രട്ടറിമാരെ ഒരു ഡിപ്പാർട്ടുമെന്റിൽനിന്നും ദിവസേന മാറ്റുന്നത് ശരിയല്ല. തുടർച്ചയായി ഇരിക്കുന്നത് നല്ലതാണ് എന്നുള്ളതാണ് മന്ത്രിയെന്നുള്ള നിലയ്ക്കും

അല്ലാതെയും എനിക്കുള്ള അഭിപ്രായം. ദിവസേന ഓഫീസർമാരെ മാറ്റിയാൽ അതിന്റെ ടച്ച് പോകും. ഈ ബിൽ കൊണ്ടുദ്ദേശിക്കുന്നത് നൂറു ശതമാനവും സുതാര്യതയോടുകൂടി ഗവൺമെന്റിന്റെ സാമ്പത്തിക പരിഷ്ക്കരണങ്ങളും fiscal responsibility-യും വർദ്ധിപ്പിക്കുക എന്നുള്ളതാണ്. അതാണ് ഇതിന്റെ സവിശേഷത. സംസ്ഥാന ഗവൺമെന്റിന്റെ സാമ്പത്തികമായ അച്ചടക്കം, വരുമാനം, എക്സ്പെന്റിച്ചർ എന്നീ രംഗങ്ങളിൽ ഒരു സമഗ്രമായ മാറ്റത്തോടുകൂടി ഒരു പുതിയ അദ്ധ്യായം തുറക്കാൻ വേണ്ടിയാണ് ഈ ബിൽ അവതരിപ്പിക്കുന്നത്. ഇത് സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് വിടണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

മി. ഡെ. സ്പീക്കർ : ശ്രീ. എ.കെ. ബാലൻ അവതരിപ്പിച്ച 1(എ) ഭേദഗതി പ്രസ്സുചെയ്യുന്നുണ്ടോ ?

ശ്രീ. എ. കെ. ബാലൻ : സർ, ഞാൻ പ്രസ്സ് ചെയ്യുന്നു.

മി. ഡെ. സ്പീക്കർ : ശ്രീ. എ. കെ. ബാലൻ അവതരിപ്പിച്ച ഭേദഗതിയെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഭേദഗതി നിരാകരിക്കപ്പെട്ടിരിക്കുന്നു.

ശ്രീ. കെ.പി. രാജേന്ദ്രൻ അവതരിപ്പിച്ച ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ ?

ശ്രീ. കെ. പി. രാജേന്ദ്രൻ : സർ, ഞാൻ പ്രസ്സ് ചെയ്യുന്നു.

മി. ഡെ. സ്പീക്കർ : ശ്രീ. കെ.പി. രാജേന്ദ്രൻ അവതരിപ്പിച്ച ഭേദഗതിയെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഭേദഗതി നിരാകരിക്കപ്പെട്ടിരിക്കുന്നു.

ഇനി 2003-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത ബിൽ സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച VIII-ാം നംപർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനക്കയയ്ക്കണമെന്ന പ്രമേയം അംഗീകരിക്കണം എന്ന പ്രശ്നം സംബന്ധിച്ച്

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly